
# സത്യദൂതൻ

2016 ജനുവരി | ലക്കം 1
വില ₹ 30

പുതുവത്സരാശംസകൾ



## മുസ്‌ലിംകളും സമകാലീനലോകവും

### വാഗ്ദത്ത മസീഹിന്റെ ആത്മീയ വിപ്ലവം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages





**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2016 ജനുവരി
ഹി.ശ.1396 – സുലഹ്
1437 – റ.അവ്വൽ – റ.ആഖിർ
പുസ്തകം 88 ലക്കം 1
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**



**7**

ഖുത്ബ

**ദുആ ഒരു മരണമാണ്. അതുവരിക്കാത്തിടത്തോളം ദുആ സ്വീകരിക്കപ്പെടുകയില്ല**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ഒക്ടോബർ 30 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**12**

**വാഗ്ദത്ത മസീഹിന്റെ ആത്മീയ വിപ്ലവം**

മഹ്മൂദ് കൽക്കുളം

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ രണ്ട് വിധത്തിലുള്ള നിയോഗ ഘട്ടങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും കാണാം. ഒന്ന് റസൂൽ തിരു മേനി(സ)യുടെ പരിശുദ്ധ ജീവിതമാണ്. മറ്റൊന്ന് അവിടുത്തെ പ്രതിഛായയിൽ വന്ന വാഗ്ദത്ത മസീഹിന്റേതുമാണ്. രണ്ട് വിശുദ്ധ ജീവിതങ്ങളിലും വ്യക്തമായ സാമ്യതകളും കാണാവുന്നതാണ്.



**15**

**മുസ്‌ലിംകളും സമകാലീനലോകവും**

എ. എം .മുഹമ്മദ് സലീം

**23**

**വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത ഖലീഫമാർ**

ശറഫുദ്ദീൻ ഇർഫാനി അഗത്തി

വാഗ്ദത്ത മസീഹിന്റെ ഖലീഫമാരുടെ ജീവിതം പൂർവികരുടെ ആത്മീയാനുഭവങ്ങളുടേയും പ്രവചനങ്ങളുടേയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു

**30**

**കളവ് : ഒരു മൗദൂദിയൻ വിചിത്ര വാദം**

എം. മാലിക്ക് പഴയങ്ങാടി

ഇസ്‌ലാം മതത്തെ ശുദ്ധ രാഷ്ട്രീയ പ്രസ്ഥാനമാക്കി മാറ്റുന്ന മൗലാനാ മൗദൂദി ഇസ്‌ലാമിൽ കളവ് പറയൽ അനുവദനീയ മാണെന്ന് മാത്രമല്ല ചിലപ്പോൾ നിർബന്ധം കൂടിയാണെന്ന് പറയുന്നു.

**35**

കവിത

**യുഗദീപ്തി**

എച്ച്. എസ്. കാവശ്ശേരി

**36**

കുറിപ്പുകൾ

**കൗമാര കുറ്റവാളികൾ**

മുസാഫിർ

**40**

കവിത

**മതിപ്പ്**

മുഹമ്മദ് ബഷീർ, ഐരാപുരം

**41**

**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ**: 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അന്ന് അവരിൽ ചിലരെ മറ്റുചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ടു നാം അവരെയെല്ലാവരെയും ഒരുമിച്ചു കൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകത്തെ ശരിയായി നാം പ്രദർശിപ്പിക്കും.(18:100,101)



## നബിവചനം

ജഹ്ശിന്റെ മകൾ സൈനബ് (റ)ൽ നിന്ന് നിവേദനം: ഒരു ദിവസം നബി തിരുമേനി(സ) സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി(സ) ഇങ്ങനെ അരുളി ചെയ്തു: 'അല്ലാഹുവല്ലാതെ വേറെ ആരാധ്യനാരുമില്ല. ആസന്നമായിരിക്കുന്ന വിപത്ത് കാരണം അറബികൾക്ക് മഹാ നാശം! ഇന്നേ ദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽ കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു.' (ഇത്രയെന്നു പറഞ്ഞു കൊണ്ടു തിരുമേനി(സ) തന്റെ പെരുവിരലും തൊട്ടടുത്ത വിരലും കൊണ്ട് ഒരു വൃത്തമുണ്ടാക്കി കാണിച്ചു സൈനബ(റ) പറയുന്നു: 'അപ്പോൾ ഞാൻ ചോദിച്ചു അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കേ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബിതിരുമേനി (സ) പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിന്മകൾ അധികമായാൽ' (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



വാഗ്ദത്ത മസീഹിന്റെ കാലത്ത് വെളിപ്പെടുവാൻ വിധിക്കപ്പെട്ടിട്ടുള്ള ആ വിപത്തുകളിൽ ഏറ്റവും വലുത് യഅ്ജൂജ് മഅ്ജൂജിന്റെയും ശപിക്കപ്പെട്ട ദജ്ജാലിന്റെയും പുറപ്പാട് ആകുന്നു. അവർ മുസൽമാന്മാർക്ക് വേണ്ടി പ്രിയങ്കരനായ ദൈവത്തിൽനിന്നുള്ള അകൽച്ചയുടെയും അനുസരണക്കേടിന്റെയും കാലത്ത് പ്രത്യക്ഷപ്പെടുന്നതും മുസൽമാൻമാരെ സംബന്ധിച്ചിടത്തോളം കഠിന കഷ്ടപ്പാടുകൾക്ക് കാരണമായിത്തീരുന്നതുമാണ്. എപ്രകാരം യഹൂദികൾക്ക് ചരിത്രപരമായ കഷ്ടപ്പാടുകൾ വന്നിറങ്ങിയിരുന്നുവോ അപ്രകാരം തന്നെ മുസ്‌ലിംകളിലും (വാഗ്ദത്ത മസീഹിനെയും ജമാഅത്തിനെയും കഠിനമായ ദുഃഖമേൽപ്പിച്ചത് നിമിത്തം) കടുത്ത കഷ്ടപ്പാടുകൾ ഇറങ്ങുന്നതായിരിക്കും.

യഅ്ജൂജ് മഅ്ജൂജ് തങ്ങളുടെ യുദ്ധങ്ങളിലും കണ്ടുപിടുത്തങ്ങളിലും അഗ്നി ഉപയോഗപ്പെടുത്തുന്നു. അഥവാ തീ ഉപയോഗിക്കുന്ന രണ്ട് ജനതകളാണെന്ന് അറിഞ്ഞുകൊൾവിൻ. ഈ രണ്ട് ശക്തികളും തീ ഉപയോഗിക്കുന്നത് കൊണ്ടാണ് അവർക്ക് യഅ്ജൂജ് എന്ന പേർ ഉണ്ടായത്. ജ്വാലകളുയർത്തുക എന്നത് അഗ്നിയുടെ ഗുണമാണല്ലോ. അവരുടെ യുദ്ധങ്ങളിൽ അഗ്നിയുടെ അടിസ്ഥാന ഘടകങ്ങൾ ഉപയോഗ പ്പെടുത്തുന്നതിനാൽ അവർ ലോകത്തുള്ള എല്ലാ ജനതകളെയും മറച്ചുകളയുന്നതും അവരെ യാതൊരു പർവതത്തിനും കടലിനും തടയാനാവാത്തതുമത്രെ. രാജാക്കന്മാർ (രാഷ്ട്രത്തലവന്മാർ) അവരുടെ മുമ്പാകെ ഭയം നിമിത്തം അനുസരണത്തിന് നിർബന്ധിതരായിരിക്കുന്നതുമാണ്. ആരുംതന്നെ അവരെ നേരിടാൻ പ്രാപ്തരായിരിക്കുന്നതല്ല. അവർ ഒരു നിശ്ചിത കാലയളവോളം സകലരേയും തങ്ങളുടെ ചവിട്ടടിയിൽ ഒതുക്കി കളയുന്നതാണ്. ഈ രണ്ട് കല്ലുകളുടേയും ഇടയിൽപ്പെടുന്നത് ആരായിരുന്നാലും എത്ര വലിയ രാഷ്ട്രീയാധികാരം അവർക്കുണ്ടായിരുന്നാലും ധാന്യപ്പൊടി പോലെ ധൂളിക്കപ്പെടുകയും ആ രണ്ടു വൻ ശക്തികൾ കാരണം ഭൂമിയിൽ വലുതായ പ്രകമ്പനങ്ങൾ അനുഭവപ്പെടുകയും ചെയ്യും.(ഖുത്ബ ഇൽഹാമിയ്യ)

എഡിറ്റോറിയൽ

# യുദ്ധ ഭീതി പരക്കുന്നു

ലോകമതങ്ങളുടെ സംഗമ ഭൂമിയായ പശ്ചിമേഷ്യഘോരമായ യുദ്ധങ്ങൾക്കും ക്രൂരമായ മനുഷ്യഹത്യക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. ലോകത്തെ നിയന്ത്രിക്കുന്ന ശാക്തിക ചേരികളും ബല പരീക്ഷണ വേദിയായി മാറിക്കൊണ്ടിരിക്കുന്ന ഈ യുദ്ധക്കളം ഭയാനകമായ ഒരു ആഗോളയുദ്ധമായി പരിണമിക്കുമോ എന്ന ആശങ്ക ദിനേന ഏറിക്കൊണ്ടിരിക്കുകയാണ്. ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഈ വിഷയം ലോകനേതാക്കളേയും ലോകത്തെയും പലതവണ ഉണർത്തിക്കഴിഞ്ഞു.

ലോകം ആഗോള ഗ്രാമമായി മാറുന്ന കാലത്ത് ജനങ്ങൾ ജനങ്ങൾക്കെതിരിലും രാജ്യം രാജ്യങ്ങൾക്കെതിരിലും രണോത്സുകമായി പുറപ്പെടുന്ന ഒരു കാലം സംജാതമാവുമെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അത്തരത്തിലുള്ള രണ്ട് ലോക മഹായുദ്ധങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചു. മൂന്നാമതും അത്തരത്തിലുള്ള ഒരു യുദ്ധത്തിലേക്ക് ലോകം വലിച്ചിഴക്കപ്പെടുകയാണോ?

ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും, അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന നാളിൽ. അപ്പോൾ അവരിൽ ഒരാളേയും നാം വിട്ടു കളയില്ല. (18:48) അവസാന കാലത്ത് യുദ്ധങ്ങളെയും യുദ്ധ ശ്രുതികളെപറ്റിയും കേൾക്കാമെന്ന് ബൈബിളിലും (മത്താ: 24:6) കാണാം.

ലോക സമൂഹത്തെ പലമടങ്ങ് നശിപ്പിക്കാൻ ശേഷിയുള്ള ആയുധങ്ങൾ കൈയിൽ വെച്ച് ഭൂമിയും വിഭവങ്ങളും സമ്പത്തും വെട്ടിപ്പിടിക്കാൻ ആയുധ സജ്ജരായി ഇറങ്ങിത്തിരിച്ച ഈ യുദ്ധ വെറിയന്മാരാണ് സാമാധാനത്തിന്റെ ഘാതകർ.

മനുഷ്യന്റെ ലൗകിക ജീവിതം നശ്വരവും ക്ഷണികവുമാണ്. ലോകം കൈയിലൊതുക്കൽ ജീവിത ലക്ഷ്യമായി കരുതി കിട മത്സരങ്ങളിലേർപ്പെടുന്ന ഭൗതിക ആർത്തി പൂണ്ട സമൂഹങ്ങൾ നരകത്തെ വിളിച്ചു വരുത്തുകയാണെന്ന് ഖുർആൻ പറയുന്നു. (ഭൗതിക നേട്ടങ്ങളുടെ)വർധനവിന് വേണ്ടിയുള്ള മത്സരം നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ (സർവനാശം) സന്ദർശിക്കുന്നത് വരെ തീർച്ചയായും നിങ്ങൾ നരകത്തെ (ഈ ജീവിതത്തിൽ) കാണും (102:2,7)

അല്ലാഹു, ജനങ്ങൾ സമാധാനത്തിൽ വർത്തിക്കാൻ ആഗ്രഹിക്കുന്നു. ഖുർആൻ പറയുന്നു, 'മനുഷ്യവംശത്തെ അവൻ സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു. (10:26)

പക്ഷേ ദുഷ്ട ശക്തികൾ ലോകത്ത് നിരന്തരം യുദ്ധത്തീ കൊളുത്തുകയാണ്. അല്ലാഹു പറയുന്നു: അവർ യുദ്ധത്തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി അവർ ഓടി നടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല (5:65)

പക്ഷേ ഭൗതികമായ ആർത്തി വർധിച്ച് മനുഷ്യൻ തന്റെ പ്രലോഭനങ്ങളെ ചെറുക്കാൻ കഴിയാതെ നീതിയും ധർമവും ബലികഴിച്ച് അഹങ്കാരത്തോടെ യുദ്ധത്തീ കത്തിക്കുന്ന അഗ്നിയുടെ ഉദ്പാദകരായ ദുഷ്ടശക്തികൾക്ക് നാശമാണ് വിധിച്ചിരിക്കുന്നതെന്ന താക്കീതാണ് ഖുർആൻ നല്കുന്നത്.

'അബൂലഹബിന്റെ (അഗ്നി ഉൽപാദകന്റെ) ഇരുകരങ്ങളും തകരട്ടെ. അവൻ തന്നെയും തകരട്ടെ. അവന്റെ ധനമോ അവൻ പരിശ്രമിച്ച് സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്യുകയില്ല. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ്. വിറക് ചുമട്ടുകാരിയായ (ഇന്ധനവും വിഭവങ്ങളും നല്കി സഹായിക്കുന്ന സഖ്യരാജ്യങ്ങൾ) അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള കയറുണ്ട് (സഖ്യ രാഷ്ട്രങ്ങളുമായുള്ള കൂട്ടുകെട്ട്).

സർവ നാശകാരിയായ ആഗോളയുദ്ധത്തിൽ നിന്നും അല്ലാഹു മാനവരാശിയെ രക്ഷിക്കട്ടെ.




ഹദ്റത്ത് അഹ്മദ് (അ)

# അവസാനകാലത്തെ അടയാളങ്ങൾ

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ടു ജനതകളാണ്. അതിനെ പറ്റി പൂർവികഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ട് പലതും കാട്ടി കൂട്ടും എന്നതിനാലാണ് ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി തീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങളും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും. ഭൂമിയിൽനിന്ന് പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യ ചന്ദ്ര ഗ്രഹണങ്ങളുണ്ടാകും. ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകര മായിഭവിക്കും. എന്നു വെച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതു ഇപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുക ളെല്ലാം ഇപ്പോൾ റയിൽ മാർഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റെയിൽ മാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. *വലയുത്‌റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ*(മുസ്‌ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങളെല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രത്തിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്ന് നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴ് ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിതവചനമാണെന്ന് വ്യക്തമായി. ദൈവം ഒറ്റയാകുന്നു. അതുകൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലോകത്തിന്റെ അവസാനത്തെ കാലചക്രമാണെ ന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജ്ജത്തുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്‌ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്‌ലുൽ കശ്ഫു കാരും(കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മൗഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിനപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിനെ ഈ ഉമ്മത്തിൽ സമുദായത്തിൽ- നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി (സ)തന്റെ നുബൂവ്വത്ത് കാലത്തിന്റെ

ശേഷം പേജ് 29 ൽ




# നമ്മുടെ ആശ്രയം അല്ലാഹുവിലായിരിക്കണം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ഒക്ടോബർ 30 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഭവങ്ങളും ആ മഹാത്മാവ് വിവരിച്ച ചില ഉപദേശ കഥകളും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ വിവിധ പ്രഭാഷണങ്ങളിൽ വിവരിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽനിന്നെടുത്തിട്ടുള്ള അവയിൽ ചിലത് ഞാൻ ഇന്ന് വിവരിക്കുന്നതായിരിക്കും. ഓരോ സംഭവവും ഉപദേശകഥകളും വ്യത്യസ്തമായ ഉപദേശം ഉൾക്കൊണ്ടിട്ടുള്ളതാണ്. ജമാഅത്തംഗങ്ങൾ തങ്ങളുടെ അറിവിൽ വർധനവുണ്ടാക്കണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ് ഇതു പറയുന്നത്. ദീനീ അറിവുള്ളവരും സമാകാലീന സംഭവങ്ങളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. ചരിത്രത്തെ

കുറിച്ചും അറിവുണ്ടായിരിക്കണം. പ്രത്യേകിച്ചും തബ്‌ലീഗ് ഏല്പിക്കപ്പെട്ടിരിക്കുന്ന മുറബ്ബിമാരും മുബല്ലിഗീംകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ലോകത്ത് ഈ അറിവുകൾ വളരെ പെട്ടെന്നും എളുപ്പത്തിലും ലഭ്യമാകുന്നു. ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുള്ള ഒരു ഉപദേശക്കഥ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)വിവരിച്ചിട്ടുണ്ട്. അത് വൈജ്ഞാനിക കഴിവ് വർധിപ്പിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അവിടന്ന് പറയുന്നു: 'ഒരാളുണ്ടായിരുന്നു. അദ്ദേഹം വലിയ മഹാത്മാവായി പറയപ്പെട്ടിരുന്നു. ഏതോ ഒരു രാജാവിന്റെ മന്ത്രി അവിചാരിതമായി അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്നു. താങ്കൾ തീർച്ചയായും പോയി അദ്ദേഹത്തെ സിയാറത്ത് ചെയ്യണമെന്ന് അയാൾ രാജാവിനോടും പറഞ്ഞു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു). അദ്ദേഹം യഥാർഥ മഹാത്മാവായിരുന്നോ എന്നറിയില്ല. ഏതായിരുന്നാലും തുടർന്നുള്ള സംഭവങ്ങളിൽനിന്ന് തീർച്ചയായും അയാൾ ഒരു വിഡ്ഢിയായിരുന്നുവെന്ന് തെളിയുന്നുണ്ട്. അങ്ങനെ രാജാവ് അയാളെ കാണാ ൻ വന്നപ്പോൾ, 'രാജാവേ! അങ്ങ് നീതി കാണിക്കേണ്ടതാണെന്ന് അയാൾ പറഞ്ഞു. നോക്കൂ മുസ്‌ലീംകളിൽ സിക്കന്ദർ എന്നു പേരുള്ള ഒരു രാജാവും കടന്നു പോയിട്ടുണ്ട്. അദ്ദേഹം എത്ര മാത്രം നീതിമാനായിരുന്നു. അതുകൊണ്ട് ഇന്നുവരേക്കും അദ്ദേഹത്തിന് പ്രസിദ്ധിയുണ്ട്.' എന്നാൽ, റസൂൽ(സ) തിരുമേനിക്ക് നൂറുകണക്കിന് വർഷങ്ങൾക്കു മുമ്പേ എന്നല്ല ഹദ്റത്ത് ഈസാ(അ)നുമുമ്പേ മരിച്ച വ്യക്തിയാണ് സിക്കന്ദർ. പക്ഷേ, ഇയാൾ സിക്കന്ദറിനെ നബി(സ)തിരുമേനിയ്ക്കു ശേഷമുള്ള രാജാവാക്കിക്കൊണ്ട് ഒരു മുസ്‌ലിം രാജാവായി അവതരിപ്പിച്ചു. അത് രാജാവിൽ എന്തു സ്വാധീനം ചെലുത്താനാണ്. തൽഫലമായി രാജാവ് അയാളെക്കുറിച്ച് വളരെ മോശമായി ചിന്തിച്ചു. ഉടൻതന്നെ എഴുന്നേറ്റു പോരുകയും ചെയ്തു. ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ)പറയുന്നു: ചരിത്രപാണ്ഡിത്യം മഹത്വത്തിനുള്ള മാനദണ്ഡമല്ല. എന്നാൽ, ഈ മഹാത്മാവ് എന്നു പറയുന്നയാൾ സ്വയം തന്നെ ആപത്തിൽ വീഴ്ത്തുകയായിരുന്നു. മനുഷ്യൻ സത്യത്തിൽനിന്ന് വിട്ട് നാമമാത്ര മഹത്വത്തിന്റെ വസ്ത്രം അണിയുമ്പോൾ അല്ലെങ്കിൽ അണിയാൻ ശ്രമിക്കുമ്പോൾ ഈ വിധത്തിലായിരിക്കും നിന്ദ്യനായിത്തീരുക. ഇതായിരിക്കും അവരുടെ പര്യവസാനം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ശാപപ്രാർഥന നടത്താൻ ജനങ്ങൾക്ക് വളരെയധികം ധിറുതിയാണ്. നാം ആർക്കുവേണ്ടിയും ശാപപ്രാർഥന നടത്തരുതെന്നതായിരിക്കണം നമ്മുടെ രീതി. മറിച്ച് നാം നമ്മുടെ എതിരാളികൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അവസാനം അവർതന്നെയാണല്ലോ വിശ്വസിക്കേണ്ടവർ. മൗലവി അബ്ദുൽകരീം സാഹിബ് പറയാറുണ്ടായിരുന്നു: മേലത്തെ നിലയിലുള്ള നാലുഭാഗത്തും ജനലുകളും വാതിലുകളുമുള്ള മുറി(ചൗബാറ)യിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ റൂമിനുമുകളിൽ അദ്ദേഹത്തനായി അവിടന്ന് മറ്റൊരു മുറി പണികഴിപ്പിച്ചിരുന്നു. അതി ന്റെ താഴെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)താമസിച്ചിരുന്നത്. ഒരു ദിവസം രാത്രി താഴത്തെ നിലയിൽനിന്ന് പ്രസവവേദനനിമിത്തം സ്ത്രീ നിലവിളിക്കുന്നതുപോലുള്ള കരച്ചിൽ കേ ൾക്കാനിടയായി. എനിക്കത്ഭുതം തോന്നി. ഞാൻ ചെവിയോർത്ത് ശബ്ദം ശ്രവിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്യുകയാണെന്ന് മനസ്സിലായി. ആ മഹാത്മാവ് പറയുന്നുണ്ടായിരുന്നു: 'അല്ലാഹുവേ! പ്ലേഗ് പടർന്നു പിടിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവേ! ഇവരെല്ലാവരും മരിച്ചു കഴിഞ്ഞാൽ പിന്നെ ആരാണ് നിന്നെ വിശ്വസിക്കുക.' നോക്കുക, പ്ലേഗ് എന്നത് നബി(സ)തിരുമേനി മുൻകൂട്ടി അറിയിച്ച അടയാളമായിരുന്നു. പ്ലേഗിന്റെ അടയാളത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രവചനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. എന്നാൽ, പ്ലേഗ് പടർന്നുപിടിച്ചപ്പോ ൾ, ആരുടെ സത്യസാക്ഷ്യത്തെ പ്രകടിപ്പിക്കുന്നതിന് വേണ്ടിയാ ണോ പ്ലേഗ് വന്നത് അതേ വ്യക്തി അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുന്നു. എന്നിട്ട് അദ്ദേഹം അല്ലാഹുവിന്റെ മുമ്പിൽ വിതുമ്പുകയും ഇവർ മരിച്ചുപോയാൽ പിന്നാരാണ് നിന്നെ വിശ്വസിക്കുക എന്ന് ചോദിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സത്യവിശ്വാസി പൊതുജനങ്ങൾക്കെതിരിൽ ശാപപ്രാർഥന ചെയ്യരുത്.

പറയുന്നു: ഏതൊരു ജനതയെ ഉന്നത സ്ഥാനത്തെത്തിക്കുന്നതിനു വേണ്ടിയാണോ നമ്മെ എഴുന്നേല്പിച്ചിരിക്കുന്നത് അവർ ക്കായി നമുക്കെങ്ങനെ ശാപപ്രാർഥന നടത്താൻ കഴിയും. ഹദ് റത്ത് മസീഹ് മൗഊദ്(അ)ഒരു സ്ഥലത്തു പറയുന്നു:

*ഏ ദിൽ തൂ നീസ് ഖാത്തിറെ*
*ഈനാ നിഗാഹ്ദാർ*
*കാഹിർ കുനന്ദ് ദഅ്‌വയെ*
*ഹുബ്ബെ പേയംമ്പരി*

എന്റെ ഹൃദയമേ! നീ ഇവരുടെ ചിന്തകളേയും വികാരങ്ങളേയും ബോധങ്ങളേയും മാനിക്കേണമേ. അവരുടെ ഹൃദയം മലിനമായിപ്പോകരുതേ. തന്നെ സ്വയം സംബോധനചെയ്തുകൊണ്ടു പറയുന്നു: നീ സഹികെട്ട് ശാപപ്രാർഥന ചെയ്യാനിടവരരുത്. അവർക്ക് നിന്റെ നബി(സ) തിരുമേനിയോടു സ്നേഹമുണ്ട്. അവർക്ക് നബി(സ)തിരുമേനിയോടുള്ള സ്നേഹംകൊണ്ടാണ് അവർ നിന്നെ ചീത്ത വിളിക്കുന്നത്.

പൊതുജനങ്ങൾ അറിവില്ലാത്തവരാണ്. അവർക്കെന്താണോ മൗലവിമാർ പഠിപ്പിക്കുന്നത് അതാണ് അവർ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് നമ്മുടെ ദുആ അല്ലാഹു ഉമ്മത്തിനെ നികൃഷ്ടരായ പണ്ഡിതന്മാരിൽ നിന്നും തെറ്റായി നയിക്കുന്ന നേതാക്കന്മാരിൽ നിന്നും രക്ഷിക്കുമാറാകട്ടെ എന്നുള്ളതായിരിക്കണം. പൊതുജനങ്ങൾക്ക് സത്യം മനസ്സി

ലാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ എന്നുള്ളതായിരിക്കണം.

പിന്നീട് യഥാർഥ മുസ്ലിമിന് വിപത്തുകളും ബുദ്ധിമുട്ടുകളും അപകടങ്ങളും വിധിക്കപ്പെട്ടിരിക്കുന്നത് അല്ലാഹു അവന് പുരോഗതിക്കുള്ള സംവിധാനം ഉണ്ടാക്കുന്നതിനാണെന്ന കാര്യം വിവരിച്ചുകൊണ്ട് പറയുന്നു: ഹദ്റത്ത് മൗലാനാ റൂമിയുടെ ഒരു കവിതാശകലമുണ്ട്,

*ഹർബലാ കീ ഈ ഖൗമെ റാ*
*ഊദാ ദഹ് അസ്ത്*
*സേറെ ആ യക് ഗുൻജ് ഹാ*
*ബൻഹാ ദഹ് അസ്ത്*

സമൂഹത്തിന്റെമേൽ പ്രയാസമിട്ടിരിക്കുന്ന അല്ലാഹു അവയ്ക്കു താഴെ വലിയൊരു ഖജനാവ് വെച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു, ഈ കവിതാശകലം ഹദ്റത്ത് മസീഹ് മൗഊദും(അ)എപ്പോഴും ചൊല്ലിക്കേൾപിക്കാറുണ്ടായിരുന്നു. ഏതെങ്കിലും ജനത അല്ലെങ്കിൽ സംഘടന യഥാർഥത്തിൽ മുസ്ലിമായിക്കഴിഞ്ഞാൽ അവർ അകപ്പെടുന്ന എല്ലാ വിപത്തുകളും എല്ലാ നാശങ്ങളും അവർക്ക് മോക്ഷത്തിനും അഭിവൃദ്ധിക്കും കാരണമായി ഭവിക്കുന്നു. സത്യ ത്തെ അളന്നു നോക്കുന്നതിന് ഇത് വളരെ വലിയ മാനദണ്ഡമാണ്. അതായത് പ്രയാസങ്ങൾക്കുശേഷം സൗഖ്യം വരുന്നു. ഓരോ പരീക്ഷണവും നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഭിവൃദ്ധിക്കുള്ള സാമഗ്രിയുമായി വരുന്നു എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്.

ദുഷ്ചിന്തകളുടെ സ്വാധീനം ബാഹ്യമായ കാരണങ്ങൾ കൂടാതെ വെറും സഹവാസംകൊണ്ടും ഉണ്ടാകുന്നു എന്ന് വിവരിച്ചുകൊണ്ട് പറയുന്നു: ആരെങ്കിലും ആരെയെങ്കിലും തിന്മയിൽ അകപ്പെടാൻ പ്രേരിപ്പിക്കുകയോ പ്രേരിപ്പിക്കാതിരിക്കുകയോ വേണ്ട, തിന്മ പ്രവർത്തിക്കുന്ന മനുഷ്യന്റെ കൂടെ സമയം ചെലവഴിക്കുകയാണെങ്കിൽത്തന്നെ ആ തിന്മ അവനറിയാതെ അവനിലുണ്ടാകുന്നതാണ്. ചീത്ത മനുഷ്യന്റെ ചീത്ത സ്വഭാവം അവനറിയാതെ തന്നെ അവനിലുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു. ഒരിക്കൽ സർക്കാർ കോളേജിലെ, ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ആത്മാർഥ ബന്ധമുള്ള ഒരു സിഖ് വിദ്യാർഥി ഹദ്റത്ത് മസീഹ് മൗഊദിനോടു പറയാനായി പറഞ്ഞയച്ചു. 'ആദ്യമെനിക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു, എന്നാൽ, ഇപ്പോൾ എന്റെ മനസ്സിൽ ദൈവത്തെ സംബന്ധിച്ച് സംശയമുണ്ടായി തുടങ്ങിയിരിക്കുന്നു.' താങ്കൾ ഇപ്പോൾ ക്ലാസ്സിൽ ഇരിക്കുന്ന സ്ഥലത്തുനിന്ന് മാറിയിരിക്കാൻ അവനോടു പറയുക എന്ന് ഹദ്റത്ത് മസീ ഹ് മൗഊദ്(അ)പറഞ്ഞയച്ചു. അങ്ങനെ ആ വിദ്യാർഥി സ്ഥലം മാറി ഇരുന്നു. എന്നിട്ട് പറഞ്ഞു, 'ഇപ്പോൾ ദൈവത്തെ കുറിച്ച് സംശയങ്ങളൊന്നുമുണ്ടാകാറില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അവനിൽ അടുത്തിരുന്ന ഒരു നിരീശ്വരവാദിയുടെ സ്വാ ധീനം ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. അവൻ സ്ഥലംമാറി ഇരുന്നപ്പോൾ നിരീശ്വരവാദിയുടെ സ്വാധീനമില്ലാതെയായി. പി ന്നീട് സംശയങ്ങളും ഉണ്ടായില്ല. ഇപ്രകാരംതന്നെയാണ് ടി.വി പരിപാടികളും. ഇക്കാര്യത്തിൽ മുതിർന്നവരും ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്. അവർ കുട്ടികളെ പരിപാടികൾ കാണുന്നതിൽ നിന്ന് തടയുന്നുണ്ടാകും. അവർ കുട്ടികളുടെമേൽ ചീത്ത സ്വാധീനമുണ്ടാക്കുന്ന അത്തരം പരിപാടികൾ അവരെ കാണിക്കാതിരുന്നാലും അവരറിയാതെതന്നെ ചറ്റുപാടിന്റെ സ്വാധീനം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. കുട്ടികളുടെ ശിക്ഷണവും മോശമായിക്കൊണ്ടിരിക്കും.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആയെ സംബന്ധിച്ച്, ദുആ ചെയ്യുന്നതിന് ബന്ധത്തിന്റെ ആവശ്യമുണ്ടെന്ന് ചിലരോടു പറയാറുണ്ടായിരുന്നു. നിങ്ങൾ ഒരു കാണിക്ക നിശ്ചയിക്കുക, ഞാൻ ദുആ ചെയ്യാമെന്ന്! പരസ്പരമുള്ള ബന്ധം വർധിക്കുന്നതിനുവേണ്ടിയാണ് ആ രീതി സ്വീകരിച്ചിരുന്നത്. ഇതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പലപ്പോഴും ഒരുപദേശ സംഭവം കേൾപ്പിക്കുമായിരുന്നു. ഒരു മഹാത്മാവിനെക്കൊണ്ട് ദുആ ചെയ്യിക്കാൻ ഒരാൾ പോയി. അയാളുടെ വീടിന്റെ ആധാരം നഷ്ടപ്പെട്ടിരുന്നു. ആ മഹാത്മാവ് പറഞ്ഞു, ഞാൻ ദുആ ചെയ്യാം. ആദ്യം നീ എനിക്ക് അലുവ കൊണ്ടു വരിക. അയാൾ അലുവ വാങ്ങാൻ പോയി. അലുവ കടയിൽനിന്ന് അലുവ വാങ്ങി. അലുവ വാങ്ങുകയും കടക്കാരൻ കടലാസിൽ പൊതിഞ്ഞ് അതുകൊടുക്കാൻ ഒരുങ്ങുകയും ചെയ്തപ്പോൾ, 'ആ കടലാസ് കീറരുതേ, ഇതെന്റെ വീടിന്റെ ആധാരമാണേ, എന്നു പറഞ്ഞ് ബഹളംവെക്കുകയും ഇതു കിട്ടാൻവേണ്ടി ഞാൻ ദുആ ചെയ്യിക്കാൻ വന്നതാണ്'എന്ന് പറയുകയും ചെയ്തു.

ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് നമുക്ക് ലഭിക്കുന്നുണ്ട്. നന്മകളിൽ പരസ്പരം മുന്നേറണം എന്നുപദേശിച്ചുകൊണ്ട് ഒരിക്കൽ ഹദ് റത്ത് മുസ്ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ടു വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടു സ്വഹാബിമാരെക്കുറിച്ച് കേൾപിച്ചിരുന്നു: ഒരാൾ കുതിരയെ വില് ക്കുന്നതിനുവേണ്ടി ചന്തയിൽ കൊണ്ടുവന്നു. രണ്ടാമത്തെയാൾ അതിന്റെ വില ചോദിച്ചു. അയാൾ എന്തോ ഒരുവില പറഞ്ഞു. പക്ഷേ, വാങ്ങുന്നയാൾ പറഞ്ഞു, നിങ്ങൾ പറയുന്നതല്ല ഇതിന്റെ യഥാർഥ വില. ഇതിന്റെ വില ഇന്നതാണ്. അയാൾ പറഞ്ഞ വില വില്ക്കുന്നയാൾ പറഞ്ഞതിനെക്കാൾ കൂടുതലായിരുന്നു. അവി ടന്ന് പറയുന്നു, വിശ്വസ്തതയുടേയും സത്യസന്ധതയുടേയും ഈ നിലവാരം ഒരു നിസാര സംഭവമാണെങ്കിലും ഇക്കാര്യം നമ്മുടെ സ്വന്തം തർബിയ്യത്തിന് ഫലം ചെയ്യുന്നതിനോടൊപ്പം നമ്മുടെ സന്താനങ്ങളുടെ തർബിയ്യത്തിനും ഫലം

ചെയ്യുന്നതായിരിക്കും. അതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിക്കും അതു കാരണമാകുന്നതായിരിക്കും. വിശ്വസ്തതയുടെ ഈ നിലവാരം നിലനിറുത്താനാണ് നമ്മൾ പരിശ്രമിക്കേണ്ടത്. കൂടാതെ ഒരു സുപ്രധാന കാര്യവുമുണ്ട്. ഇതിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ സവിശേഷ ഗുണങ്ങളുടേയും ഉടമസ്ഥൻ അല്ലാഹു മാത്രമാണെന്ന കാര്യം ഓർക്കുക. ഇപ്രകാരംതന്നെ ആർക്കെങ്കിലും ഹിദായത്ത് നല്കുന്നതും അല്ലാഹുവിന്റെ ജോലിയാണ്. അല്ലാഹു നമ്മെ ഏല്പിച്ചിട്ടുള്ള ഒരു ജോലി സന്മാർഗം പ്രചരിപ്പിക്കുകയും സന്ദേശമെത്തിക്കുകയും ചെയ്യുക എന്നതാണ്. പക്ഷേ, ഹിദായത്ത് നല്കുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. നമ്മൾ നമ്മുടെ കഴിവിന്റെ പരമാവധി ഈ ജോലി നിർവഹിക്കണം. അതിന്റെ ഫലം പിന്നീട് അല്ലാഹുവാണ് തരുന്നത്. ഇന്നയാൾക്ക് സന്മാർഗം കിട്ടിക്കഴിഞ്ഞാൽ, ഇന്നയാൾ അഹ്മദിയായിക്കഴിഞ്ഞാൽ ജമാഅത്ത് അഭിവൃദ്ധിപ്പെടുമെന്ന് ഒരിക്കലും വിചാരിക്കരുത്. നമ്മുടെ ആശ്രയം അല്ലാഹുവിലായിരിക്കണം. എന്തൊന്നാണോ നമ്മൾ ചെയ്യേണ്ടത് അതു ചെയ്യണം. അല്ലാതെ ജനങ്ങളിലേക്ക് നോക്കേണ്ട കാര്യമില്ല. അതിനാൽ ആത്മാർഥതയിലും കൂറിലും വളരുന്നയാളുകളും ദീനീപരമായ അഭിവൃദ്ധിയിൽ മുന്നോട്ടു ചുവടുവെക്കുന്നവരും ജമാഅത്തിലുണ്ടാകാൻവേണ്ടി ദുആ ചെയ്യേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മനുഷ്യകുലത്തെ വഴികേടിൽനിന്ന് രക്ഷിക്കാൻ എത്രമാത്രം വേദനയാണുണ്ടായിരുന്നത്. അതിന് ഒരു ഉദാഹരണം നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ നിരക്ഷയും നിസാരയുമായ ഒരു സ്ത്രീ വന്നു. അവർ പറഞ്ഞു, എന്റെ മകൻ ക്രിസ്ത്യാനിയായിരിക്കുന്നു. അവൻ മുസൽമാനാകുന്നതിനുവേണ്ടി അങ്ങ് ദുആ ചെയ്താലും. ദൈവത്തിന്റെ കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടി അവനെ തന്റെയടുക്കൽ അയക്കാൻ അവിടന്ന് ആ സ്ത്രീയോടു പറഞ്ഞു. അവൻ രോഗിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വലിന്റെയടുക്കൽ ചികിത്സക്കായി ഖാദിയാനിൽ വന്നതാണ്. അവന് ക്ഷയരോഗമായിരുന്നു. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വരുമ്പോൾ ആ മഹാത്മാവ് അവനെ ഉപദേശിക്കുകയും ഇസ്‌ലാമിന്റെ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അല്ലാഹു ആ സ്ത്രീ യുടെ വിലാപം കേട്ടു. അവരുടെ മകൻ ഇസ്‌ലാം സ്വീകരിച്ചു. കുറച്ചുദിവസം കഴിഞ്ഞ് അവരുടെ മകൻ മരിക്കുകയും ചെയ്തു. ദീനിൽ മടക്കിക്കൊണ്ടുവരുന്നതിന് അവസാനമായിട്ട് എന്തെങ്കിലും സൂത്രമോ മാനുഷികമായ മാധ്യമമോ ഉണ്ടെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണെന്ന് ആ സ്ത്രീക്ക് അറിയാമായിരുന്നു. കാരണം അദ്ദേഹത്തിനാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർഥ വേദനയുള്ളത്. അദ്ദേഹത്തിനു മാത്രമേ യഥാർഥ വേദനയോടുകൂടി മറ്റുള്ളവർക്കും സന്ദേശമെത്തിക്കാനും തബ്‌ലീഗ് ചെയ്യാനും വിശ്വാസിയാക്കാനും സാധിക്കുകയുള്ളു.

ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിഷ്കരണ രീതിയെ സംബന്ധിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ജനങ്ങൾ പരിഷ്കരിക്കപ്പെടുന്നതിനു പകരം വിഘടിച്ചുപോകുംവിധം തെറ്റായ രീതിയിൽ ചിലയാളുകൾ ചില കാര്യങ്ങൾ പറയാറുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് സാഹിബിന്റെ പരിഷ്കരണ രീതി വളരെ മൃദുലവും അത്ഭുതകരവുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ ഒരാൾ വന്നു. അദ്ദേഹത്തിന്റെ പക്കൽ വഴിച്ചെലവിന്റെ കുറവുണ്ടായിരുന്നു. അദ്ദേഹം സംസാരത്തിനിടയിൽ ഇതിനെക്കുറിച്ച് പറയാൻ തുടങ്ങി: ഈ കുറവു കാരണത്താൽ ഇങ്ങനെയൊരു ഇളവോടുകൂടിയ ട്രെയിൻ ടിക്കറ്റിലാണ് വന്നതെന്ന് പറഞ്ഞു. ആ രീതി എന്തോ തെറ്റായിട്ടുള്ളതാണെന്നാണ് തോന്നുന്നത്. അവിടന്ന് ഒരു രൂപ അദ്ദേഹത്തിനുകൊടുത്തു. പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: താങ്കൾ തിരിച്ചുപോകുമ്പോൾ അങ്ങനെ ചെയ്യേണ്ട ആവശ്യം വരികയില്ലെന്ന് പ്രതീക്ഷിക്കുന്നു. അനുവദനീയമായിട്ടുള്ളതേ എപ്പോഴും ചെയ്യാവൂ എന്ന് അയാൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

പിന്നീട് ജമാഅത്തംഗങ്ങൾ കൈത്തൊഴിൽ പഠിക്കുന്നതിനെക്കുറിച്ചും അധ്വാനിക്കുന്നതിനെക്കുറിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുകയുണ്ടായി. ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ ചില അതിഥികൾ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവർക്കുവേണ്ടി ചായ തയ്യാറാക്കിച്ചു. ഫുജാ എന്ന യുവാവിനോട് അതിഥികൾക്ക് ചായ കൊണ്ടുകൊടുക്കാൻ പറഞ്ഞു. മുമ്പേയുള്ള ജോലിക്കാരനായ ചിരാഗിനേയും അവനോടൊപ്പം അയച്ചു. അങ്ങനെ ചായയുമായി രണ്ടുപേരും അവിടെയെത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ചിരാഗ് മുമ്പേയുള്ള ആളായിരുന്നു. അയാൾ ആദ്യം ഖലീഫത്തുൽമസീഹ് ഔവ്വലിന്റെ മുമ്പിൽ ചായക്കപ്പ് വെച്ചു. കാരണം ഖലീഫത്തുൽമസീഹിന്റെ ശ്രേഷ്ഠതയും പദവിമുറയും അദ്ദേഹത്തിന്നറിയാമായിരുന്നു. പക്ഷേ, ഫുജാ സാഹിബ് കൈപിടിച്ചുകൊണ്ടു പറഞ്ഞു, ‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇദ്ദേഹത്തിന്റെ പേര് പറഞ്ഞിട്ടില്ല.’ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഇക്കാര്യം പോലും മനസ്സിലാക്കാൻ കഴിയാത്തത്ര ചെറുതായിരുന്നു അയാളുടെ ബുദ്ധി. പക്ഷേ, അയാളെ കല്ലാശാരിയോടൊപ്പം അയച്ചപ്പോൾ പെട്ടെന്ന് പണി പഠിച്ച് കല്ലാശാരിയായി. ഒന്നും ചെയ്യാതെ വെറുതെ കുത്തിയിരിക്കുന്ന ആളുകൾ അല്പം ശ്രദ്ധിക്കുകയാണെങ്കിൽ എന്തെങ്കിലും ജോലി പഠിക്കാൻ കഴിയുമെന്നും സമ്പാദിക്കാൻ സാധിക്കു

മെന്നും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. എന്നല്ല പൊതുജന നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും സൃഷ്ടിസേവനങ്ങളിലും പങ്കെടുക്കാനും അവർക്ക് സാധിക്കുന്നതാണ്.

അല്ലാഹുവിനുവേണ്ടിയുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയരോഷത്തെ പ്രതിപാദിച്ചുകൊണ്ട് ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇവിടെ ഒരാളുണ്ടായിരുന്നു. പിന്നീട് അദ്ദേഹം ആത്മാർഥ അഹ്മദിയായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദു(അ)മായി അദ്ദേഹത്തിന് നല്ല ബന്ധമായിരുന്നു. എന്നാൽ, അഹ്മദിയാകുന്നതിനുമുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) 20 വർഷംവരെ അദ്ദേഹത്തെ വെറുത്തിരുന്നു. അദ്ദേഹത്തിന്റെ ഒരു ചെയ്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിഷമമുണ്ടാക്കി എന്നതാണ് അതിനു കാരണം. അതിപ്രകാരമാണ്. അദ്ദേഹത്തിന്റെ ഒരു മകൻ മരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു സഹോദരനോടൊപ്പം അനുശോചനത്തിനായി അവിടെ പോയി. ആരുവന്നാലും അവരെ കെട്ടിപിടിച്ചു നിലവിളിച്ച് കരയുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അതനുസരിച്ച് ഹദ്റത്ത് സാഹിബിന്റെ മൂത്ത സഹോദരനെ കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു, 'അല്ലാഹു എന്നോടു വലിയ അക്രമമാണ് കാണിച്ചത്.'നഊദുബില്ലാഹ്. ഇതു കേട്ട് ഹദ്റത്ത് മസീഹ് മൗഊദി(അ)ന് അദ്ദേഹത്തോടു എത്രമാത്രം വെറുപ്പുണ്ടായി എന്നാൽ, കാണുന്നതുപോലും അസഹ്യമായി. പിന്നീട് അല്ലാഹു അയാൾക്ക് ആ അജ്ഞതകളിൽനിന്ന് പുറത്തുവരാനും അഹ്മദിയ്യത്ത് സ്വീകരിക്കാനും തൗഫീഖ് നല്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ദൈവാസ്തിക്യത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം കേൾപിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിനോടൊപ്പം ഒരു നിരീശ്വരവാദി പഠിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ ഭൂകമ്പമുണ്ടായപ്പോൾ ആ നിരീശ്വരവാദിയുടെ നാവിലൂടെ അനിയന്ത്രിതമായി രാമാ! എന്ന് പുറത്തുവന്നു. ആദ്യം ഹിന്ദുവായിരുന്നു. പിന്നീട് നിരീശ്വരവാദിയായതാണ്. മീർ സാഹിബ് അവനോടു 'നീ ദൈവനിഷേധിയാണല്ലോ, പിന്നെന്തിനാണ് രാമാ, രാമാ എന്നു വിളിച്ചത് എന്ന് ചോദിച്ചപ്പോൾ തെറ്റുപറ്റിപ്പോയതാണെന്നും അറിയാതെ വായിൽനിന്ന് വന്നുപോയതാണെന്നും പറഞ്ഞു. എല്ലാ ജനതയിലും ഈ ചിന്താഗതി കാണുന്നുവെന്നത് ദൈവാസ്തിക്യത്തിനുള്ള പ്രബലമായ തെളിവാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ഉണ്ടായിരുന്ന അല്ലാഹുവിന്റെ സഹായവും തുണയും ആ മഹാത്മാവിന്റെ മാനസികാവസ്ഥയും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സ്ഥലത്ത് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു പ്രൈവറ്റ് നോട്ടുബുക്കിൽ കുറിച്ച നോട്ട്സിൽനിന്ന് ആ മഹാത്മാവിന്റെ മാനസികാവസ്ഥ അനുമാനിക്കാവുന്നതാണ്. ഈ കുറിപ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: 'അല്ലാഹുവേ! സകല സ്നേഹിതന്മാർക്കും അനുകമ്പയുള്ളവർക്കും എന്നെ സഹായിക്കാൻ പറ്റാത്ത നേരത്ത് നീ എന്നെ സാന്ത്വനപ്പെടുത്തുകയും എന്നെ സഹായിക്കുകയും ചെയ്യുമ്പോൾ ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കാനാണ്.' ഇതാണ് അതിന്റെ ഉള്ളടക്കം.

എല്ലാ അഹ്മദികളുടേയും ധാർമികാവസ്ഥയുടെ നിലവാരം ഏറ്റവും ഉയർന്നതായിരിക്കേണ്ടതാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പലവട്ടവും ഉപദേശിക്കുകയുണ്ടായി. ഇതുസംബന്ധമായി ആ മഹാത്മാവിന്റെ സ്വന്തം മാതൃക എന്തായിരുന്നു. ശത്രുക്കളോടും അവിടന്ന് എത്രമാത്രം നല്ലനിലയിലായിരുന്നു പെരുമാറിയിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഒരു സ്നേഹിതൻ പറയുകയുണ്ടായി. ഒരിക്കൽ ഹിന്ദുക്കളിൽനിന്നുള്ള ഒരു കഠിന വിരോധിയുടെ ഭാര്യക്ക് തീരെ സുഖമില്ലാതായി. വൈദ്യൻ നിർദേശിച്ച മരുന്നുകളിൽ കസ്തൂരിയും ഉണ്ടായിരുന്നു. അവർക്ക് ഒരിടത്തുനിന്നും കസ്തൂരി കിട്ടിയില്ല. അങ്ങനെ അയാൾ ലജ്ജിതനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നു. താങ്കളുടെ കൈയിൽ കസ്തൂരിയുണ്ടെങ്കിൽ തരിക എന്നു പറഞ്ഞു. അയാൾക്ക് ഒന്നോ രണ്ടോ തൂക്കം കസ്തൂരിയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, അയാൾതന്നെ പറയുന്നു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ) കുപ്പി നിറച്ച് കസ്തൂരി എടുത്തുകൊണ്ടു വരികയും 'താങ്കളുടെ ഭാര്യയ്ക്ക് ബുദ്ധിമുട്ട് അധികമാണ്, ഇതുമുഴുവനും കൊണ്ടുപോകുക' എന്ന് പറഞ്ഞ് എനിക്കു തരികയും ചെയ്തു.

ജനരോഷങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമെന്താണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ത്വാഊൻ-ത്വഅ്നിൽനിന്ന് നിഷ്പന്നമായതാണ്. ത്വഅ്ന്റെ അർഥം കുന്തം എറിയുക എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ശത്രുക്കൾക്കെതിരിൽ കോപാഗ്നി കാണിച്ച അല്ലാഹു ഇപ്പോഴുമുണ്ട്. ഇപ്പോഴും അവൻ തന്റെ ശക്തികളുടെ പ്രഭാവം കാണിക്കുന്നതാണ്. ഒരിക്കലും മൗ നം പാലിക്കുകയില്ല. നമ്മൾ മൗനം പാലിക്കുന്നതാണ്. നിങ്ങളു ടെ ആവേശം നിയന്ത്രിക്കണമെന്ന് നമ്മൾ ജമാഅത്തിനെ ഉപദേശിക്കുകയും ചെയ്യും. എല്ലാതരത്തിലുള്ള ജനരോഷങ്ങളും കണ്ടും കേട്ടും സമാധാനത്തെ ഇഷ്ടപ്പെടുന്ന ഒരു ജമാഅത്തും ലോകത്തുണ്ടാകാവുന്നതാണെന്ന് ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ദുആ ചെയ്യുന്ന

ശേഷം പേജ് 14 ൽ

# വാഗ്ദത്ത മസീഹിന്റെ ആത്മീയ വിപ്ലവം

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ രണ്ട് വിധത്തിലുള്ള നിയോഗ ഘട്ടങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും കാണാം. ഒന്ന് റസൂൽ തിരു മേനി(സ)യുടെ പരിശുദ്ധ ജീവിതമാണ്. മറ്റൊന്ന് അവിടുത്തെ പ്രതിഛായയിൽ വന്ന വാഗ്ദത്ത മസീഹിന്റേതുമാണ്. രണ്ട് വിശുദ്ധ ജീവിതങ്ങളിലും വ്യക്തമായ സാമ്യതകളും കാണാവുന്നതാണ്.

മഹ്മൂദ് കൽക്കുളം

ഒന്നാമത്തെ നിയോഗഘട്ടം അവിടത്തെ പ്രാദുർഭാവത്തിലൂടെ തന്നെ പൂർത്തിയായി. രണ്ടാമത്തെ നിയോഗ ഘട്ടം വാഗ്ദത്ത മഹ്ദി മസീഹ് മുഖേനയാണ് സാക്ഷാത് ക്കരിക്കപ്പെട്ടത്. വാഗ്ദത്ത മസീഹ് നബി തിരുമേനി (സ) യിൽ നിന്നും വ്യത്യസ്തനായ ഒരാളല്ല. മറിച്ച് അദ്ദേഹം നബി (സ) തിരുമേനിയുടെ സമ്പൂർണ പ്രതിരൂപവും ആത്മീയ സുതനുമാകുന്നു. ധർമച്യുതി സംഭവിച്ചവരെ സംസ്കരി ച്ചെടുക്കുകയും അവർക്ക് ധർമവും തത്ത്വജ്ഞാനവും പഠിപ്പിച്ചു കൊടു ക്കുകയും ചെയ്യുകയെന്ന അതി പ്രധാനമായ ദൗത്യമാണ് നബി തിരുമേനി (സ) നിർവഹിച്ചത്. ഇതേ ദൗത്യ പൂർത്തീകരണമാണ് വാഗ്ദ ത്ത മസീഹിനും നിർണയിക്ക പ്പെട്ടത്. വിശുദ്ധ ഖുർആൻ പറയുന്നു:

അവനത്രെ അക്ഷരജ്ഞാന മില്ലാത്ത ആ ജനതയിൽ നിന്നും (അറബികൾ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കു കയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാന വും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. ഇതിന് മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു വെങ്കിലും. അവരോടൊപ്പം ചേർ ന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ) അദ്ദേഹത്തെ എഴുന്നേൽപ്പിക്കു ന്നതാണ്. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.(62:34) ഈ ഖുർആനിക വചനത്തിൽ മേൽപ്പറ ഞ്ഞ രണ്ട് നിയോഗങ്ങളെ സംബ ന്ധിച്ചാണ് വിവരിച്ചിരിക്കുന്നത്. അവരോടൊപ്പം ചേർന്നിട്ടില്ലാത്ത മറ്റൊരു ജനതയിലും അദ്ദേഹത്തെ എഴുന്നേൽപ്പിക്കും എന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന സന്ദേഹത്തിന് നിവാരണം നൽകിയ നബി (സ) സൽമാൻ ഫാരിസിയുടെ ചുമരിൽ കൈ വെച്ചു കൊണ്ട് പറഞ്ഞ തിപ്രകാരമാണ്. ഈമാൻ സുരയ്യാ നക്ഷത്രത്തോളം ഉയർന്നുപോവുന്ന കാലം വന്നാൽ ഇദ്ദേഹത്തിന്റെ വംശത്തിൽ നിന്നുള്ള ഒരാളോ ചിലരോ അതിനെ ഭൂമിയിൽ തിരിച്ചുകൊണ്ടുവരുന്നതാണ്. (ബുഖാരി)

ഈ പ്രവചനം വാഗ്ദത്ത മസീഹിന്റെ ആഗമനത്തെയാണ് കുറിക്കുന്നത്. അദ്ദേഹത്തിന്റെ ആഗമനത്തിന്റെ രണ്ടാം ഘട്ട മാണെന്ന് വെളിപ്പെടുത്തികൊണ്ട് അദ്ദേഹം തന്നിൽ നിന്നും വിഭിന്ന നല്ലെന്നും തന്റെ ദൗത്യ പൂർത്തീ കരണമാണ് അദ്ദേഹത്തിന്റെ ആഗ മന ലക്ഷ്യമെന്നും നബി (സ) മനസ്സിലാക്കിത്തന്നിരിക്കുന്നു. കൂടാതെ നബി (സ) ഇങ്ങനെ അരുളി: 'ഈ സമുദായത്തിൽ നല്ലവർ ആദ്യകാലത്തും അവസാന കാലത്തുമുള്ളവരാകുന്നു. ആദ്യകാലത്ത് അല്ലാഹുവിന്റെ റസൂൽ അവരിലുണ്ടായിരുന്നു അവസാനകാലത്ത് മസീഹുബ്നു മറിയമും'(കൻസുൽ ഉമ്മാൽ) ഈ സമുദായത്തിന്റെ അവസാന ഘട്ടത്തിൽ ഒരു കൂട്ടർ ഉണ്ടായ്‌വരും. അവർക്ക് അവരുടെ ആദ്യത്തവരുടെ മാതിരി പ്രതിഫലം ലഭിക്കും. അവർ നല്ലതിനെ ഉപദേശിക്കുകയും തിയ്യതിനെ വിലക്കുകയും ചെയ്യും. ഫിത്നക്കാരോട് പോരാടുകയും ചെയ്യും. (മിശ്ക്കാത്ത്) ചുരുക്ക ത്തിൽ വാഗ്ദത്ത മസീഹിൽ നബി (സ) തിരുമേനിയോടുള്ള സാദൃശ്യ ങ്ങൾ ഒത്തുചേരുന്നതായി കാണാം. അവരുടെ ദൗത്യം വിഭിന്നങ്ങളല്ല. അവർ മുഖേന പരസ്പര സാദൃശ്യം പുലർത്തുന്ന സമൂഹം രൂപം കൊള്ളുന്നതുമാണ്. കൂറിലും അനു രക്തിയിലുമാദ്യം അകലത്തുള്ള വരുമായി കൂടി ചേർക്കാവുന്ന വിധത്തിൽ ഒരു വിഭാഗത്തെ വാഗ്ദത്ത മസീഹും വാർത്തെടു ക്കുകയുണ്ടായി. ആദ്യകാലത്തും അവസാന കാലത്തുമുള്ളവരുടെ ഉദാഹരണം ഇവിടെ കുറിക്കുക യാണ്. മുമ്പേ തന്നെ നബി (സ) തിരുമേനിയിൽ വിശ്വസിക്കാനും സാമീപ്യ സമ്പർക്കത്തിൽ കഴിയാ നും ഭാഗ്യം സിദ്ധിച്ച അവിടത്തെ പ്രസിദ്ധനായ ഒരു ശിഷ്യനായിരുന്നു

ഹദ്റത്ത് സൈദ് ബ്നു ഹാരിദ്(റ). ചെറുപ്പത്തിൽ അദ്ദേഹത്തെ തട്ടികൊണ്ടു പോകുക യും അടിമയെന്നോണം പല ഭാഗ ങ്ങളിലും വിൽക്കുകയുമാണുണ്ടാ യത്. ഖദീജ (റ) സഹോദര പുത്ര നായ ഹകീമിബ്നു ഹിസാം ഖദീജ (റ)ക്ക് വേണ്ടി സൈദിനെ വിലക്ക് വാങ്ങിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം മക്കയിലെത്തി ചേർന്നു. വിവാഹത്തെ തുടർന്ന് ഹദ്റത്ത് ഖദീജ (റ) തന്റെ പക്കലുണ്ടായി രുന്ന മുഴുവൻ സമ്പാദ്യങ്ങളും അടിമകളേയും നബി (സ) തിരുമേ നിക്ക് മുമ്പിൽ സമർപ്പിച്ചു. അക്കൂട്ട ത്തിൽ സൈദുമുണ്ടായിരുന്നു. നബി തിരുമേനി (സ) തനിക്ക് ലഭിച്ച അടിമ കളെയെല്ലാം സ്വതന്ത്രരാക്കിയെങ്കി ലും സൈദ് നബി (സ) യെ പിരി ഞ്ഞു പോകാൻ ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ സൈദിന്റെ ഗോത്രത്തിലെ ചിലർ മക്കയിൽ വന്നു. അവർ സൈദിനെ കണ്ടുമുട്ടിയപ്പോൾ അവരോട് സൈദ് പറഞ്ഞു; ഞാൻ മാന്യനായ ഒരു വ്യക്തിയുടെ അടു ക്കൽ സസുഖം കഴിയുന്നു വെന്ന് എന്റെ വീട്ടുകാരോട് വിവരം പറയണം. അവർ തിരിച്ച് ചെന്ന് സൈദിന്റെ വീട്ടുകാരെ വിവരം ധരിപ്പിച്ചപ്പോൾ ഉടനെ തന്നെ സൈദിന്റെ പിതാവ് ഹാരിസും സഹോദരൻ കഅ്ബും മക്കയി ലേക്ക് പുറപ്പെട്ടു. അവർ നബി (സ) യുടെ അടുത്തെത്തി. സൈദിനെ വിട്ടുതരാൻ അപേക്ഷിക്കുകയു ണ്ടായി. സൈദ് പൂർണ സ്വതന്ത്രനാ ണെന്നും എവിടെ എപ്പോൾ വേണ മെങ്കിലും പോകാമെന്നും നബി (സ) മറുപടി നൽകി. തിരുനബി (സ) സൈദിനെ വിളിച്ചു. പിതാവിനെയും പിതൃവ്യനെയും കാണിച്ചുകൊടു ത്തു. പിതാവും പുത്രനും ഏറെ നേരം കെട്ടിപിടിച്ചു കണ്ണീർ പൊഴിച്ചു. തുടർന്ന് പിതാവ് പറഞ്ഞു: ദയാലുവായ നിന്റെ യജമാനൻ നിന്നെ സ്വതന്ത്രനാക്കി യിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തെ പ്രയോജന പ്പെടുത്തിക്കൊണ്ട് നീ ഞങ്ങളുടെ സ്വഭവനത്തിലേക്ക് വരിക. നിന്റെ മാതാവ് ഖിന്നയായി കഴിയുകയാണ്.

സൈദ് മറുപടിയായി പറഞ്ഞു: മാതാപിതാക്കളോട് ആർക്കാണ് സ്നേഹമില്ലാ ത്തത്? അവർ എനിക്ക് ഏറെ പ്രിയപ്പെട്ടവർ തന്നെയാണ്. എന്നാൽ മുഹമ്മദ് എന്ന വ്യക്തിയെ വിട്ടുപിരിഞ്ഞു നിൽക്കാൻ എനിക്കാവില്ല. അത്ര മാത്രം ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. തന്നോടൊപ്പം സൈദിനെ കൊണ്ടു പോകാനുള്ള ശ്രമങ്ങളൊന്നും ഫലം കണ്ടില്ല. ഒടുവിൽ നബി (സ) പ്രഖ്യാപിച്ചു. സൈദ് മുമ്പേ തന്നെ സ്വതന്ത്രനായിക്കഴിഞ്ഞിട്ടുണ്ട്. ഇന്നു മുതൽ അവൻ എന്റെ പുത്രനു മായിരിക്കുന്നു. സൈദ് കൂടെ വരാത്തതിൽ അവർക്ക് കഠിന വ്യഥ ഉണ്ടായെങ്കിലും ഒരു പിതാവിനെ ക്കാളുപരി തിരുനബി (സ) സൈദിനോട് പെരുമാറുന്നത് കണ്ട് സൈദിന്റെ പിതാവും പിതൃസ ഹോദരനും ഏറെ സന്തോഷിച്ചു. അങ്ങനെ സൈദ് നബി (സ) തിരുമേനിയുടെ വീട്ടിലെ ഒരംഗമായി. ഉന്നതമായ ആത്മീയ പദവികൾ പ്രാപിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. ശഹാദത്ത് വരിച്ചു കൊണ്ടാണ് അദ്ദേഹം പരലോകം പൂകിയത്. ഇക്കാലത്ത് ആഗതനായ വാഗ്ദത്ത മസീഹിന്റെ സ്വഭാവഗുണങ്ങളിൽ ആകൃഷ്ട നായി അദ്ദേഹത്തിന്റെ സാമീപ്യ സമ്പർക്കത്തിൽ നിന്നകലാൻ ഇഷ്ട പ്പെടാത്തവരുടെ ഉദാഹരണങ്ങളും ചരിത്രത്തിൽ ദർശിക്കാൻ സാധി ക്കുന്നതാണ്. ഹദ്റത്ത് സൈദു ബ്നു ഹാരിസിനെ പോലെ വാഗ്ദത്ത മസീഹിന്റെ സാമീപ്യ ത്തിൽ കഴിയാൻ ഇഷ്ടപ്പെട്ടിരുന്ന ഒരു സഹാബിയായിരുന്നു. ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി (റ). അദ്ദേഹം 1879 ൽ ഒരു ഹിന്ദു കുടുംബത്തിലാണ് ജനിച്ചത്. ആദ്യത്തെ പേര് ഹരീഷ് ചന്ദർ എന്നായിരുന്നു. പിതാവിന്റെ പേര് മേത്ത ശോരന്ദ് എന്നും മാതാവിന്റെ പേര് പാർവതീ ദേവി എന്നു മായിരുന്നു. അദ്ദേഹം ചെറുപ്പ ത്തിലേ ശുദ്ധ പ്രകൃതിയും സത്യാന്വേഷണ തൽപരതയുമുള്ള ആളായിരുന്നു. അതുകൊണ്ടാണ്

ഇസ്ലാം മതം സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചത്. വാഗ്ദത്ത മസീഹിന്റെ ഒന്ന് രണ്ട് ഗ്രന്ഥങ്ങൾ അദ്ദേഹം വായിക്കാ നിടയായി. അപ്പോൾ ഇസ്ലാമി നോടുള്ള അതിരറ്റ സ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അങ്കു രിച്ചു. പതിനഞ്ച് വയസ്സുള്ളപ്പോൾ തന്നെ അദ്ദേഹം സത്യാന്വേഷണ തൃഷ്ണ നിമിത്തം സ്വന്തം വീട്ടിൽ നിന്ന് ഇറങ്ങിതിരിക്കുകയായിരുന്നു. കുറേ ദിവസങ്ങൾക്ക് ശേഷം വളരെ പ്രയാസപ്പെട്ട് ഖാദിയാനിലെത്തി ചേർന്നു. ആദ്യം മൗലാന അബ്ദുൾ കരിം സിയാൽ കോട്ടിയുമായി കൂടിക്കാഴ്ച്ച നടത്തി. തുടർന്ന് ഹിന്ദുമതത്തിൽ നിന്ന് അഹ്മദി യ്യത്ത് സ്വീകരിച്ച ഭായി അബ്ദുർറഹിം സാഹിബ് ബൈഅത്ത് ചെയ്യാൻ സന്നദ്ധനായി. നമസ്കാരത്തിനായി പള്ളിയിൽ വന്നു. മസീഹ് മൗഊദ് (അ)നമസ്ക്കാരാനന്തരം അദ്ദേഹ ത്തിന് ബൈഅത്ത് ചെയ്തു കൊടു ക്കുകയും അബ്ദുർറഹ്മാൻ എന്ന് പേരിടുകയുമുണ്ടായി. പിന്നീട് അദ്ദേഹം ഭായി അബ്ദുർറഹ്മാൻ ഖാദിയാനി എന്ന പേരിൽ പ്രസിദ്ധി യാർജിച്ചു. അദ്ദേഹം ഖാദിയാനിൽ താമസിച്ചു വിശുദ്ധ ഖുർആൻ പഠിക്കാൻ ആരംഭിച്ചു. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളും വായിച്ചു കൊണ്ടിരുന്നു. ഖാദിയാനിലെ ആത്മീയാന്തരീക്ഷവും വാഗ്ദത്ത മസീഹിന്റെ ആകർഷകമായ പെരു മാറ്റവും നാട്ടിൽ തിരിച്ചെത്തണമെ ന്ന ചിന്ത തന്നിൽ നിന്നും ഇല്ലാതാ ക്കിയെന്നും ജീവിതവും മരണവും ഇവിടെ വെച്ചായിരിക്കുമെന്ന് താൻ ദൃഢനിശ്ചയം ചെയ്തെന്നും പിന്നീട് അദ്ദേഹം പറയുകയു ണ്ടായി. ഭായി അബ്ദുർറഹ്മാൻ സാഹിബിന്റെ പിതാവ് മേത്താ ഗോരന്ദ് മകനെ അന്വേഷിച്ച് പല ഭാഗങ്ങളിലും കറങ്ങുകയും ഒടു വിൽ ഖാദിയാനിൽ എത്തി ച്ചേരുക യുമുണ്ടായി. തന്റെ പുത്രൻ ഹരീഷ് ചന്ദർ ഇസ്ലാംമതം സ്വീകരിച്ചി രിക്കുന്നതിൽ വ്രണിതചിത്തനായ അദ്ദേഹം അന്നേരം ഒരു തന്ത്രം പ്രയോഗിക്കുകയാണുണ്ടായത്.

അതായത് മകനെ ആശ്വസിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: നിന്റെ ഹൃദയം ഇഷ്ടപ്പെടുന്നത് നിനക്ക് സ്വീകരിക്കാം അതിന് ആരും തടസ്സം നിൽക്കുകയില്ല. നീ വീടുവിട്ടതിൽ പിന്നെ ഒരു വിവരവും ഞങ്ങൾ അറിഞ്ഞിട്ടില്ല. നിന്റെ മാതാവ് അതീവ ദുഃഖത്തിൽ കഴിയുകയാണ്. സഹോദരീ സഹോദരന്മാരുടെ അവസ്ഥയും ഇത്തന്നെയാണ്. അത് കൊണ്ട് നീ ഇപ്പോൾ എന്റെ കൂടെ വരിക. എല്ലാവരെയും കണ്ടതിന് ശേഷം നിനക്ക് തിരിച്ചു വരാവുന്ന താണ്. പിതാവിന്റെ ഈ ഉപദേശ ങ്ങൾ ഒക്കെയും ശ്രവിച്ചിട്ടും വാഗ്ദത്ത മസീഹിനെ വിട്ടുപോ കാൻ ഭായി അബ്ദുർറഹ്മാൻ സാഹിബ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒടുവിൽ മേത്താ ഗോരന്ദ് വാഗ്ദത്ത മസീഹിന്റെ സവിധത്തിലെത്തി. അരമണിക്കൂർ സംസാരിക്കുകയും മകനെ തന്റെ കൂടെ വരാൻ പ്രേരിപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. വാഗ്ദത്ത മസീഹ് ഭായി സാഹിബിനെ മാറ്റി നിർത്തി അഭിപ്രാ യമാരാഞ്ഞു. 'എനിക്ക് എന്റെ മാതാപിതാക്കളോടും ബന്ധു ക്കളോടും അതിയായ സ്നേഹമുണ്ട്. എന്നാൽ എനിക്കതിലും വലുത് ലഭിച്ചിരിക്കുന്നു. അങ്ങയുടെ ശിഷ്യ ത്വം സ്വീകരിക്കാൻ എനിക്ക് സൗഭാ ഗ്യം സിദ്ധിച്ചിരിക്കുന്നു. ഇസ്‌ലാമി നെ ക്കുറിച്ച് എനിക്ക് ഇനിയും കൂടുതൽ പഠിക്കണം. അതിനാൽ ഞാൻ അദ്ദേഹത്തിനോടൊപ്പം പോകാൻ ഒട്ടും ആഗ്രഹിക്കുന്നില്ല.' നോക്കുക! വാക്കുകൾ വ്യത്യസ്ത മാണെങ്കിലും സൈദ്ബ്നു ഹാരി സും ഭായി അബ്ദുർറഹ്മാൻ സാഹി ബും പ്രകടിപ്പിച്ച ഹൃദയ വികാരം ഒന്നു തന്നെയായിരുന്നു. ഭായി അബ്ദുർ റഹ്മാൻ സാഹിബിന്റെ ഇഷ്ടത്തിനെതിരായി നിർദേശം കൊടുക്കാൻ വാഗ്ദത്ത മസീഹ് ഉദ്ദേശിച്ചി രുന്നില്ല. പക്ഷേ താൻ ഭായിയെ പിടിച്ചു നിർത്തിയതാണെ ന്ന തോന്നൽ പിതാവിനുണ്ടാ കാതി രി ക്കുന്നതിന്, മകൻ ഖാദിയാനിൽ വരാൻ ആഗ്രഹിച്ചാൽ ഒരു തടസ്സ വുമുണ്ടാകരുത് എന്ന നിബന്ധന വാങ്ങിക്കൊണ്ട് ഭായി സാഹിബി നോട് പിതാവിന്റെ കൂടെ പോകാൻ വാഗ്ദത്ത മസീഹ് (അ) നിർദേ ശിച്ചു. അങ്ങനെ വളരെ ദുഃഖകര മായ അന്തരീക്ഷത്തിലാണ് ഭായി സാഹിബ് പിതാവിന്റെ കൂടെ പോയത്. വീട്ടിലെത്തിയതിന് ശേഷം പിതാവ് വാഗ്ദത്ത മസീഹിനോട് ചെയ്ത കരാറിന് വിരുദ്ധമായി പ്രവർത്തിക്കുകയുണ്ടായി. മകനോട് ഇസ്‌ലാം ഉപേക്ഷിക്കാൻ നിർബന്ധി ക്കുകയും മർദിക്കുകയും കൊന്നുക ളയുമെന്ന് ഭീഷണിപ്പെടു ത്തുകയും ചെയ്തു. ഭായി സാഹിബ് എല്ലാ പീഢനങ്ങളും സഹിച്ചു. രഹസ്യ മായി നമസ്ക്കാരമനുഷ്ഠിക്കുകയും ഖുർആൻ ഓതുകയും ചെയ്തു. ഈ അവസ്ഥയിൽ നിന്ന് മോചനമുണ്ടാ കുന്നതിന് അല്ലാഹുവിനോട് കരഞ്ഞ് പ്രാർഥിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഒടുവിൽ അല്ലാഹു അദ്ദേഹത്തിന് അത്ഭുതകരമായ നിലയിൽ മോചനത്തിനുള്ള വഴി യൊരുക്കിക്കൊടുത്തു. അദ്ദേഹം വീണ്ടും ഖാദിയാനിലെത്തുകയും വാഗ്ദത്ത മസീഹി(അ) ന്റെ സാമീ പ്യത്തിൽ ജീവിതകാലം മുഴുവൻ കഴിച്ചു കൂട്ടുകയും ചെയ്തു. വാഗ് ദത്ത മസീഹിന്റെ ചരമത്തിന് ശേഷ വും അദ്ദേഹത്തിന് ദീർഘകാലം ഇസ്‌ലാമിന് സേവനം ചെയ്യാനുള്ള അവസരമുണ്ടായി. ഇത്തരത്തിൽ ആദ്യകാല സഹാബത്തിന്റെ മാതൃക യിലുള്ള ഒരു സമൂ ഹം വാഗ്ദത്ത മസീഹ് മുഖേനയും ജന്മമെടുത്ത തായി കാണാൻ സാധിക്കുന്നതാണ്.

---

**പേജ് 10 ൽ നിന്നും തുടർച്ച**

നേരത്ത് തന്നിൽ യഥാർഥമായ വിന യത്തോടെയുള്ള യാ ചന ഉണ്ടാകു ന്നില്ലെന്ന് ഒരാൾക്ക് മനസ്സിലായാൽ അവൻ കരയുന്നതായി അഭിനയി ക്കാൻ ശ്രമിക്കുക. അവൻ അങ്ങനെ ചെയ്യുന്നതായാൽ തൽഫലമായി യഥാർഥ കരച്ചിൽ ഉണ്ടാകുന്നതാണ്. കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു, 'നമ്മുടെ ചില കാര്യങ്ങളിൽ അപജയവും ശത്രുക്ക ളാൽ വലയം ചെയ്യപ്പെട്ടിട്ടുള്ള അവസ്ഥയും ഉണ്ടാകുന്നത് നമ്മ ളിലെ ഒരു വിഭാഗം ദുആകളിൽ അല സത കാണിക്കുന്നതുകൊണ്ടാണ്. (ഖലീഫത്തുൽ മസീഹ് അൽഖാ മിസ് അയ്യദഹുല്ലാഹ് പറയുന്നു: ഇന്നും ഇതൊരു യാഥാർഥ്യമാണ്). ദുആ ചെയ്യാൻ അറിയാത്തവരും ധാരാളമുണ്ട്. ദുആ എന്താണെന്നും അവർക്കറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മരണം വരി ക്കുന്നതിന്റെ പേരാണ് ദുആ. അതി നാൽ ദുആയുടെ ഉദ്ദേശ്യം മനു ഷ്യൻ തന്നിൽ ഒരു മരണം ഉണ്ടാ ക്കണമെന്നതാണ്. കാരണം തനിക്ക് ഇന്ന ജോലി ചെയ്യാൻ കഴിയുമെന്ന് വിചാരിക്കുന്നവൻ സഹായത്തിന് ആരേയും വിളിക്കുകയില്ല. ഇതു പോലെ, അല്ലാഹുവിന്റെ മുമ്പിൽ മരിച്ചവനാണെന്ന് മനസ്സിലാക്കുന്നവ നാണ് അവനോടു ചോദിക്കുന്നവൻ. അവന്റെ മുമ്പിൽ തികച്ചും നിരാശ്ര യനാണെന്ന് പ്രകടിപ്പിക്കുക. മനു ഷ്യൻ തന്റെ മുമ്പിൽ മരിക്കാത്തിട ത്തോളം ദുആ, ദുആ ആയിരിക്കു കയില്ലെന്നാണ് അല്ലാഹു പറയു ന്നത്. തന്റെമേൽ ഒരു മരണം ഉണ്ടാ ക്കുകയും താൻ ഒന്നുമല്ലെന്ന് കരു തുകയും ചെയ്യുന്നവന്റെ ദുആയാണ് ദുആ എന്ന പറയാൻ അർഹമായി ട്ടുള്ളത്. ഈ അവസ്ഥ ഉണ്ടാക്കുന്ന മനുഷ്യനാണ് അല്ലാഹുവിന്റെ തിരു സന്നിധിയിൽ വിജയി. അവന്റെ ദുആകളായിരിക്കും സ്വീകാര്യാർഹ മായിട്ടുള്ളതും.

അല്ലാഹു നമ്മുടെ ഉള്ളിൽ സൽസ്വഭാവങ്ങളുടേയും ആരാധന കളുടേയും ഉയർന്ന നിലവാരം സ്ഥാപിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമുക്ക് സ്വീകാര്യമായ ദുആ ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ. അതി നോടുള്ള കടമ നിർവഹിക്കുന്നവരാ ക്കട്ടെ.

വിവർത്തനം:

-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

# മുസ്‌ലിംകളും
## സമകാലീന ലോകവും

2015 നവംബർ 22 ന് കണ്ണൂരിൽ ചേർന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള ശതാബ്ദി സമ്മേളനത്തിൽ അവതരിപ്പിച്ച പ്രഭാഷണം

എ. എം .മുഹമ്മദ് സലീം

കഴിഞ്ഞ പതിനാലു നൂറ്റാണ്ടു കാലത്തെ മുസ്‌ലിം ചരിത്രം പരിശോധിച്ചാൽ മുസ്‌ലിം ലോകം ഇത്രമാത്രം അരക്ഷിതരും നിസ്സഹായരുമായ മറ്റൊരു കാലഘട്ടമുണ്ടായിട്ടില്ല. 13-ാം നൂറ്റാണ്ടിൽ അബ്ബാസിയാ ഖിലാഫത്തിനെ നാമാവശേഷമാക്കിയ ചെങ്കിസ്ഖാന്റെയും ഹല്ലാഖുഖാന്റെയും ആക്രമണത്തേക്കാൾ ഭയാനകമായ ആക്രമണങ്ങൾ അരങ്ങേറുന്ന സമകാലീന മുസ്‌ലിം ലോകത്തിനാണ് നാം സാക്ഷ്യം വഹിക്കുന്നത്. യൂഫ്രട്ടീസും ടൈഗ്രീസും മുസ്‌ലിം രക്തംകൊണ്ട് ചെഞ്ചായമണിയിച്ച മംഗോൾ ആക്രമണത്തിന്റെ ആ ഇരുണ്ട കാലഘട്ടം ചരിത്രത്തെ നടുക്കുന്ന ഒരു ദുസ്മരണയാണ്. പക്ഷേ അന്ന് മുസ്‌ലിം ലോകത്തിന് അഭിമാനിക്കാൻ പശ്ചിമ ചക്രവാളത്തിൽ യൂറോപ്പിന് വിജ്ഞാനവും സംസ്ക്കാരവും വിതറി നിന്ന ഉമവിയ്യാ ഖിലാഫത്തിന്റെ പരിശിഷ്ട മായ മുസ്‌ലിം സ്പെയിൻ ഉണ്ടായിരുന്നു. ഇന്ന് മുസ്‌ലിം സമൂഹം സമാധാനത്തോടെ ജീവിക്കുന്ന ഏതെങ്കിലും ഒരു മുസ്‌ലിം ദേശം ഭൂമിയിലുണ്ടോ?

ആയിരത്തി മുന്നൂറ് വർഷമായി ആഗോള മുസ്‌ലിം സമൂഹത്തിന് നേതൃത്വം നൽകിയിരുന്ന ഖിലാഫത്ത് ഇരുപതാം നുറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തുർക്കിയുടെ പതനത്തോടെ അസ്തമിച്ചു. അന്നു മുതൽ ആ പതനം ഗതിവേഗം കൊള്ളുകയായിരുന്നു. ആധുനിക മുസ്‌ലിം ചരിത്രത്തിലെ യുഗനിർണായകമായ ഒരു സംഭവമായിരുന്നു ഖിലാഫത്തിന്റെ തിരോധാനം. ആ സംഭവം മുസ്‌ലിം സമുദായത്തിലുണ്ടാക്കിയ നടുക്കവും വേദനയും പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. മുസ്‌ലിം സമുദായത്തെയും സ്വാതന്ത്ര്യത്തേയും അഗാധമായി സ്നേഹിച്ച മൗലാനാ മുഹമ്മദലി ജൗഹറുടെ പ്രതികരണം നോക്കൂ. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ രാജ്ഞിയുടെ മുമ്പിൽവെച്ച് സ്വതന്ത്ര ഹിന്ദുസ്താൻ അല്ലെങ്കിൽ ഖബർസ്താൻ എന്ന് ഗർജിച്ച ധീരാത്മാവായിരുന്നു മൗലാനാ മുഹമ്മദലി. വിശ്വപ്രശസ്തനായ ഇംഗ്ലീഷ് നോവലിസ്റ്റ് എച്ച്. ജി. വെൽസ് മുഹമ്മദലിയെക്കുറിച്ച് പറഞ്ഞത് 'മെക്കോളെയുടെ തൂലികയും എഡ്മണ്ട് ബുർക്കെയുടെ നാവും നെപ്പോളിയന്റെ ഹൃദയവുമുള്ളയാൾ' എന്നായിരുന്നു. അങ്ങനെയുള്ള മൗലാനാ മുഹമ്മദലി തുർക്കി ഖിലാഫത്തിനേറ്റ പരായജയത്തെ തുടർന്ന് ദുഃഖഭാരത്താൽ ഹൃദയം തകർന്ന് ആത്മഹത്യക്കൊരുങ്ങി എന്നത് തന്നെ ഖിലാഫത്തുമായി മുസ്‌ലിം സമുദായത്തിനുള്ള അഗാധ ബന്ധം വ്യക്തമാക്കുന്നതാണ്. അദ്ദേഹം തന്റെ ആത്മകഥയായ My Life a Fragment എന്ന കൃതിയിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

***'എല്ലാ പ്രതീക്ഷകളുടെയും കേന്ദ്രമെന്ന നിലയിൽ അഞ്ചു നൂറ്റാണ്ടിലധികം കാലമായി മുസൽമാൻ പരമപരിപാവനമെന്ന് കരുതിപോന്നിരുന്ന കോൺസ്റ്റാന്റി നോപ്പിൾ തകരുവാൻ പോകുകയാണെന്ന് കേട്ടപ്പോൾ ഞാൻ അത്യധികം ദുഃഖപരവശനായി. ഭാരിച്ച നിരാശ കാരണം ഞാൻ എന്റെ ജീവിതത്തിന് പൂർണ വിരാമമിടാൻ തുനിഞ്ഞെന്ന പരമാർഥം ഇപ്പോൾ മാത്രമാണ് ഞാൻ തുറന്നു പറയുന്നത്. ('മൗലാനാ മുഹമ്മദലിയുടെ ആത്മകഥ' - വിവ: യു. എ. ബീരാൻ)***

തുർക്കി ഖിലാഫത്തിനെതിരായി യുദ്ധം ചെയ്ത ബ്രിട്ടൻ ഭരിക്കുന്ന ഇന്ത്യയിൽ മുസ്‌ലിംകൾ ജീവിക്കൽ ഹറാമാണെന്ന് മുസ്‌ലിം ഉലമാക്കന്മാർ ഫത്‌വയിറക്കി. തൊട്ടടുത്ത മുസ്‌ലിം രാജ്യമായ അഫ്ഘാനിസ്താനിലേക്ക് ഹിജ്റത്ത് ചെയ്യാനായിരുന്നു ആഹ്വാനം. മുസ്‌ലിം ജനപ്രവാഹം കണ്ട അഫ്ഘാൻ രാജാവ് അതിർത്തി അടച്ചുകളഞ്ഞു. ഫലമോ വൃദ്ധരും സ്ത്രീകളും കുട്ടികളുമടക്കം പെഷവാർ മുതൽ കാബൂൾ വരെയുള്ള മലമ്പാതയിൽ ആയിരക്കണക്കിന് മുസ്‌ലിംകൾ പട്ടിണിയിലും കൊടും തണുപ്പിലും മരിച്ചുവീണു. പ്രക്ഷുബ്ധമായ അന്നത്തെ മുസ്‌ലിം സമൂഹത്തെ നിരീക്ഷിച്ചുകൊണ്ട് മുസ്‌ലിം ലീഗ് നേതാവും പാർലമെന്റേറിയനുമായ ജി. എം ബനാത്ത് വാല എഴുതുന്നു:

***'ഖലീഫയെ സംരക്ഷിക്കാൻ വേണ്ടിയുള്ള ജിഹാദ് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം നിർബന്ധമാണെന്ന് മൗലാനാ അബുൾ കലാം ആസാദ് വാദിച്ചു. ഒരു ഫത്‌വയിൽ ഇന്ത്യ ദാറുൽ ഹർബ് ആയി പ്രഖ്യാ***

*പിക്കപ്പെട്ടു. ഏതാണ്ട് അഞ്ച് ലക്ഷം മുതൽ ഇരുപത് ലക്ഷം വരെ വരുന്ന ആളുകൾ ദാറുൽ ഇസ്‌ലാമായ അഫ്ഘാനിസ്താനിലേക്ക് ഹിജ്റ പോകുന്ന പ്രതിഭാസത്തിന് ലോകം നടുക്കത്തോടെയാണ് സാക്ഷ്യം വഹിച്ചത്. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകുവാൻ ആഹ്വാനം ചെയ്തുള്ള ഫത്‌വയെ തുടർന്നായിരുന്നു ഈ പലായനം. കുടുംബം മുഴുവൻ എന്നല്ല ഗ്രാമം മുഴുവൻ ഹിജ്റ പോയി. അത്രകണ്ടുണ്ടായിരുന്നു ഈ ഫത്‌വയുടെ സ്വാധീനം. നിസ്സഹകരണ പ്രസ്ഥാനം, നിയമ ലംഘനം ഇത്തരം സമര തന്ത്രങ്ങൾക്കെല്ലാം ഫത്‌വയുടെ പിന്തുണയുണ്ടായിരുന്നു. 117 പണ്ഡിതന്മാരോടൊപ്പം ചേർന്ന് മൗലാനാ അബ്ദുൾ ബാരി ഒപ്പിട്ട് പുറപ്പെടുവിച്ച പ്രശസ്തമായ മുത്തഫിഖു ഫത്‌വ ബ്രിട്ടീഷുകാരോടുള്ള നിസ്സഹകരണം മുസ്‌ലിംകൾക്ക് നിർബന്ധ ചുമതലയാണെന്ന് വിധിയെഴുതി.'* (G.M. Banathwala- Relegion And Politics in India P.59)

ഖിലാഫത്ത് സമരത്തോടനുബന്ധിച്ച് കേരളത്തിലും വാഗൺട്രാജഡി പോലെയുള്ള ദുരന്തങ്ങളും കൂട്ടകൊലകളും അരങ്ങേറി. റസൂൽ തിരുമേനി(സ)ക്ക് ശേഷം ആഗോള മുസ്‌ലിംകളെ ഒരുമിച്ചു നിർത്തുകയും അവർക്ക് നേതൃത്വം നൽകിവരികയും ചെയ്ത ഖിലാഫത്ത് പൊടുന്നനെ അസ്തമിച്ചപ്പോൾ നേതൃത്വമില്ലാതായ ലോക മുസ്‌ലിം സ്മൂഹത്തിന് നട്ടുച്ചക്കിരുട്ടായ അനുഭവമായിരുന്നു ഉണ്ടായത്. പ്രശ്നസങ്കീർണമായ ഒരു കാലഘട്ടത്തിലെത്തിയപ്പോൾ അവരെ നയിക്കാൻ നേതാവില്ലാത്ത അവസ്ഥ!!. ഇത് മുസ്‌ലിംകളിലുണ്ടാക്കിയ ആഘാതവും പരിഭ്രമവും വിവരണാതീതമാണ്. ഖിലാഫത്ത് പുനസ്ഥാപനത്തിന് മുസ്‌ലിംകൾ ശ്രമിക്കാത്ത വഴികളില്ല. എന്തെല്ലാം പ്രക്ഷോഭങ്ങൾ, എത്രയെത്ര കൂടിയാലോചനകൾ, എത്ര വിലാപങ്ങൾ, പക്ഷേ ദൈവികമായി പുനഃസ്ഥാപിക്കപ്പെടേണ്ട ഖിലാഫത്ത് മാത്രം പുനഃസ്ഥാപിതമായില്ല. അങ്ങനെ നേതൃത്വമില്ലാത്ത 9 പതിറ്റാണ്ടുകൾ പിന്നിട്ട മുസ്‌ലിം ലോകം ഇന്ന് വേദനാജനകവും ഭീതിദത്തവുമായ ഒരു പതനത്തിലെത്തി നിൽക്കുകയാണ്. കണ്ണീരും ചോരയും ചാലിട്ടൊഴുകുന്ന മുസ്‌ലിം നാടുകളിൽ നിന്നും ഇന്നുയരുന്നത് ദീനവിലാപങ്ങളും ദാരുണരോദനങ്ങളുമാണ്.

ഏതാനും മാസങ്ങൾക്ക് മുമ്പ് സിറിയയിൽ നിന്ന് ജീവനും കൊണ്ട് പലായനം ചെയ്ത് മെഡിറ്ററേനിയൻ കടൽ തീരത്ത് ഉമ്മയോടൊപ്പം മരിച്ച്, മണ്ണിൽ മുഖംകുത്തി കിടക്കുന്ന മൂന്ന് വയസ്സുകാരൻ കൊച്ചു അയ്‌ലാൻ കുർദിയുടെ ദാരുണചിത്രം ഓർക്കുന്നില്ലേ?. നാല് വർഷമായി സിറിയയിൽ തുടരുന്ന ആഭ്യന്തര കലാപത്തിൽ ജീവനാശം സംഭവിച്ച രണ്ട് ലക്ഷം പേരുടെയും വിവിധ രാജ്യങ്ങളിൽ അഭയാർഥികളായി കഴിയുന്ന 40 ലക്ഷം സിറിയക്കാരു ടേയും പ്രതീകമാണ് മണ്ണിൽ മുഖം കുത്തി കിടക്കുന്ന അയ്‌ലാൻ കുർദി. ജീവിക്കാൻ ഭൂമിയിൽ ഒരു ഇടം യാചിച്ചുകൊണ്ട് എങ്ങോട്ടെന്നില്ലാതെ പരക്കം പായുന്ന മുസ്‌ലിം ജന ലക്ഷങ്ങൾ സൃഷ്ടിക്കുന്ന ഹൃദയ ഭേദകമായ കാഴ്ച്ചകൾ ആധുനിക മുസ്‌ലിം അവസ്ഥയുടെ നേർക്കാഴ്ച്ച കളാണ്. കുഞ്ഞുങ്ങളും സ്ത്രീക ളുമായെത്തിയ സിറിയൻ അഭയാർഥികൾക്ക് നേരെ സൗദിയടക്കം ചില മുസ്‌ലിം രാജ്യങ്ങൾ വാതിൽ കൊട്ടിയടച്ചു കളഞ്ഞു എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയുമുണ്ട്. ഈ സിറിയൻ അഭയാർഥികളുടെ യൂറോപ്പിലേക്കുള്ള പ്രയാണത്തിലാണ് അയ്‌ലാൻ കുർദിയെ പോലെയുള്ള ആയിരക്കണക്കിനാളുകൾ മരിച്ചു വീഴുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ ഐ എസ് ഐ എസ് (ദായിശ്) ഭീകരർ പാരീസിൽ നടത്തിയെന്ന് പറയപ്പെടുന്ന സ്ഫോടന പരമ്പര സിറിയൻ അഭയാർഥികളെ എങ്ങനെ ബാധിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. അല്ലാഹു അവരെ രക്ഷിക്കട്ടെ. (സിറിയൻ സംഘർഷത്തോടനു ബന്ധിച്ച് 2015 നവംമ്പർ 24-ാം തീയതി തുർക്കി തങ്ങളുടെ അതിർത്തി കടന്നെത്തിയ റഷ്യൻ വിമാനത്തെ വെടിവെച്ചിട്ട തിന് ശേഷമുണ്ടായ പുതിയ സംഘർഷം ആശങ്കാജനകമായി തുടരുകയാണ്. 2015 ഡിസംബർ ലക്കം സത്യദൂതൻ കുറിപ്പ് കാണുക)

## ജിഹാദ്

സമകാലീന മുസ്‌ലിം ലോകത്തെ ഗ്രസിച്ചിരിക്കുന്ന മറ്റൊരു വിപത്താണ് ജിഹാദിസം. പാകിസ്താൻ അഫ്ഘാനിസ്ഥാൻ, പശ്ചിമേഷ്യ, വടക്കൻ ആഫ്രിക്ക മുതലായ മുസ്‌ലിം രാജ്യങ്ങളിൽ കൂണു പോലെ മുളച്ചു പൊന്തുന്ന ജിഹാദ് ഗ്രൂപ്പുകൾ ആ രാജ്യങ്ങളെയാകമാനം താറുമാറാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ഗേഹങ്ങളായ പള്ളികളിൽ മുസ്‌ലിംകൾ പരസ്പരം വലിച്ചെറിയുന്ന ബോംബിൽ മരിച്ചൊടുങ്ങുന്ന നൂറുക്കണക്കിന് മുസ്‌ലിം സഹോദരന്മാർ, നമസ്ക്കാര സഫ്ഫുകളിലും മുസ്‌ലിം ആൾക്കൂട്ടങ്ങൾക്കിടയിലും പൊട്ടിത്തെറിക്കുന്ന ചാവേറുകൾ, തലങ്ങും വിലങ്ങുമുള്ള വെടിയേറ്റ് മരിച്ചു വീഴുന്ന ആയിരക്കണക്കിന് മുസ്‌ലിം സഹോദരന്മാർ, ലോക ജനതയെ കിടിലം കൊള്ളിക്കുന്ന ഭീകര കൃത്യങ്ങൾ നടത്തുന്നതിൽ പരീക്ഷണത്തിലേർപ്പെട്ട ഭീകര ഗ്രൂപ്പുകൾ!!! ഇതൊന്നും അതിവർണനകളോ അതിശയോക്തിയോ ചരിത്ര സംഭവങ്ങളോ അല്ല. ദിനേന നിങ്ങളും ഞാനും വായിക്കുന്ന പത്രവാർത്തകളാണ്.

ഇരുപതാം നൂറ്റാണ്ടിൽ വ്യവസ്ഥപിത യുദ്ധമുറ (Conventional warfare) യോടെ ഏറ്റവും കാലം യുദ്ധം നടത്തിയ രണ്ട് മുസ്‌ലിം രാജ്യങ്ങളാണ് ഇറാനും ഇറാഖും.1980 മുതൽ 1988 വരെ നീണ്ടു നിന്ന ഈ യുദ്ധത്തിൽ ഇറാൻ പക്ഷത്ത് നിന്ന് ഏകദേശം 10 ലക്ഷം പേരും ഇറാഖ് പക്ഷത്ത് നിന്ന് 2.5 ലക്ഷം മുതൽ 5 ലക്ഷം പേരും കൊല്ലപ്പെടുകയുണ്ടായി. ഇരുകൂട്ടരും മുസ്‌ലിംകൾ!!

സുന്നി ശിയാ വിഭാഗീയത അതിന്റെ മൂർധന്യതയിലെത്തി

നിൽക്കുകയാണ്. കർബലയിൽ ആരംഭിച്ച സുന്നി ശിയാ വിഭാഗീയത ഇന്ന് പശ്ചിമേഷ്യയിൽ ആയിരക്കണക്കിന്ന് കർബലകളാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. സൗദി ഇറാൻ സംഘർഷങ്ങളുടെ ബഹിർസ്ഫുരണങ്ങളാണ് ഈ സംഘട്ടനങ്ങൾ. സൗദിയും അമേരിക്കയും ഐ എസ് ഐ എസ് (Islamic State of Iraq and Syria (ISIS അഥവാ -Daesh) പിന്തുണക്കുന്നു. ISIS എന്ന ഈ സുന്നി ഭീകര സംഘടന ശിയാ ഭരണകൂടങ്ങളായ സിറിയയിലെ അൽ ബഷറിനെയും ഇറാഖിലെ മാലിക്കി ഭരണ കൂടത്തേയും കീഴ്പ്പെടുത്തി, ഇസ്ലാമിക ഖിലാഫത്ത് ഭരണം സ്ഥാപിക്കാനാണ് പുറപ്പാട്. അതിന്നാണ് അവർ കിടിലം കൊള്ളിക്കുന്ന ഭയാനകമായ രംഗങ്ങൾ സൃഷ്ടിച്ച് ലോകത്തെ ഇസ്ലാമിന്റെ പേരിൽ നടുക്കിക്കൊണ്ടിരിക്കുന്നത്. മുസ്ലിം ഖലീഫയായി സ്വയം പ്രഖ്യാപിച്ച അബൂബക്കർ ബാഗ് ദാദിയാണ് ഈ നരവേട്ട സംഘത്തിന്റെ സാരഥി. 2015 ഒക്ടേബർ 31-ാം തീയതി റഷ്യൻ യാത്രക്കാർ കയറിയ ഈജിപ്ഷ്യൻ വിമാനം തകർത്ത് 217 യാത്രക്കാർ മരിച്ചതിന്റെയും സെപ്തംബർ 13 ന് പാരീസിൽ 130 പേർ കൊല്ലപ്പെട്ട ബോംബ് സ്ഫോടനങ്ങളുടെയും വെടി വെപ്പിന്റേയും ഉത്തരവാദിത്വവും ISIS ന് ആണെന്ന് ആരോപിക്കപ്പെടുകയോ സ്വയം അവകാശപ്പെടുകയോ ചെയ്യുന്നു. 2001 ലെ ട്രേഡ് സെന്റർ ആക്രമണ ത്തിന് ശേഷം അൽഖായിദക്കും സദ്ദാം ഹുസൈനും അതിൽ പങ്കുണ്ടെന്ന പേരിൽ ഇറാഖ് ആക്രമണമുണ്ടായത് പോലെ അമേരിക്കയുടെ നേതൃത്വത്തിൽ ബ്രിട്ടനും ഫ്രാൻസും നാറ്റോ രാജ്യങ്ങളും റഷ്യയും ISIS യെ അക്രിക്കാനും അവർ പിടിച്ചടക്കിയ ഇറാഖ് ഭാഗം മോചിപ്പിക്കാനും തീരുമാനിച്ചു കഴിഞ്ഞു. ഇറാഖിനെ ഖുർദ്, ശിയാ, സുന്നി മേഖലകളാക്കി വെട്ടിമുറിച്ച് ബലക്ഷയമാക്കി വീതം വെക്കാനുള്ള ഇസ്രയേലി പശ്ചാത്യ ശക്തികളുടെ ഗൂഢപദ്ധതി ISIS മുഖേന പ്രാവർത്തിക മാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇന്ന് പശ്ചിമേഷ്യയിൽ കാണുന്ന ഈ അസ്വസ്ഥതകളുടെ മൂല കാരണത്തെ പറ്റി ഒന്ന് പ്രതിപാദിക്കാൻ ചരിത്രത്തിലേക്ക് അൽപ്പം തിരിഞ്ഞു നോക്കേണ്ടത് അനിവാര്യമാണ്. നൂറു വർഷം മുമ്പ് ഒന്നാം ലോക മഹായുദ്ധകാലത്ത് പാശ്ചാത്യ ശക്തികൾ അറബ് മുസ്ലിം ലോകത്തോട് ചെയ്ത മഹാവഞ്ചനയാണ് ആ മൂലകാരണം. ഇന്ത്യയിലെ മുസ്ലിംകൾ തുർക്കി ഖിലാഫത്തിനെ നശിപ്പിച്ച ബ്രിട്ടനെതിരെ പ്രക്ഷോഭം നടത്തിയകാര്യം പറഞ്ഞുവല്ലോ. എന്നാൽ തുർക്കിക്കെതിരെ ബ്രിട്ടീഷ് പക്ഷത്ത് നിന്നു കൊണ്ടാണ് അറബ് മുസ്ലിംകൾ യുദ്ധം ചെയ്തത്. യുദ്ധാനന്തരം അറബ് നാടുകളിലെ തുർക്കി ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു പാശ്ചാത്യസഖ്യ കക്ഷികളുടെ വാഗ്ദാനം. എന്നാൽ ബ്രിട്ടനും ഫ്രാൻസും അമേരിക്കയും കൂടി തുർക്കിയിൽ നിന്നും പിടിച്ചെടുത്ത ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകാതെ സ്വന്തം കോയ്മക്ക് കീഴിൽ വീതിച്ചെടു ക്കാൻ ഒരു രഹസ്യക്കരാറിൽ ഒപ്പിട്ട മഹാവഞ്ചന പാവം അറബികൾ അറിഞ്ഞിരുന്നില്ല. 1916 മെയ് മാസത്തിൽ ഒപ്പ് വെച്ച ഈ കരാറായാണ് കുപ്രസിദ്ധമായ സൈക്സ് – പിക്കോട്ട് കരാർ (Sykes–Picot Agreement) എന്ന് അറിയപ്പെടുന്നത്. ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes ഉം ഫ്രഞ്ച് പ്രതിനിധി Georges Picot ഉം ചേർന്ന് രൂപം കൊടുത്ത കരാറായത് കൊണ്ടാണ് ഈ പേരു വന്നത്. അതിൽ സാറിന്റെ റഷ്യയും ഒരു മൈനർ പാർട്ട്ണർ ആയിരുന്നു. രഹസ്യകരാർ പ്രകാരം വടക്കൻ ഇറാഖ്, സിറിയ, ലബനാൻ, തുർക്കി, സിലിഷിയ എന്നീ പ്രദേശങ്ങൾ ഫ്രാൻസിനും തെക്കൻ ഇറാഖ്, ഫലസ്തീൻ, ജോർദാൻ, പേഴ്സ്യൻ ഗൾഫിന് ചുറ്റുമുള്ള പ്രദേശങ്ങൾ എന്നിവ ബ്രിട്ടനുമായി നിയന്ത്രണാ വകാശം ലഭിച്ചു. വടക്കൻ സിറിയയും ഫ്രാൻസിന്റെ ഭാഗമാണെന്നും അത്പോലെ അറേബ്യയും ജോർദാൻ താഴ്വരയും ബ്രിട്ടന്റേതാണെന്നും കണക്കാക്കപ്പെട്ടിരുന്നു. കരാർ പ്രകാരം ജറുസലേം ഒരു ഇന്റർ നാഷണൽ അഡ്മിനി സ്ട്രേഷന്റെ കീഴിലായിരിക്കും. റഷ്യക്ക് ലഭിച്ച ചെറു പങ്കിൽ തുർക്കിയുടെ കീഴിലുണ്ടായിരുന്ന അർമീനിയയും കുർദിന്റെ വടക്ക് ഭാഗത്തിന്റെ നിയന്ത്രണാധികാരവും ലഭിച്ചു. ഇതായിരുന്നു രഹസ്യകരാരിലെ വ്യവസ്ഥ. മറുവശത്ത് മക്കയിലെ ശരീഫ് ഹുസൈനും മാക്മഹോൻ എന്ന ബ്രിട്ടീഷ് ഓഫീസറുമായുണ്ടാക്കിയ Hussain-McMahon Agrement പ്രകാരം സൈനിക പരിശീലകനും ബ്രിട്ടീഷ് ഏജന്റുമായ ടി. എസ്സ് ലോറൻസ് അറബികൾക്ക് നൽകിയ ഉറപ്പ് പ്രകാരവും തുർക്കിയുടെ പ്രദേശങ്ങൾ അറബികൾക്ക് തന്നെ നൽകും എന്നുമായിരുന്നു. ശരീഫ് ഹുസൈൻ – മാക്മോഹോൻ കരാരിൽ അറബികൾ വിശ്വസിച്ചു. രഹസ്യക്കരാറിനെ പറ്റി അറബികൾ അറിഞ്ഞിരുന്നില്ല. യുദ്ധം ജയിച്ച ബ്രിട്ടനും ഫ്രാൻസും റഷ്യയും 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പ്രകാരം തുർക്കി ഭരണ പ്രദേശങ്ങൾ അവരുടെ നിയന്ത്രണത്തിലാക്കുകയായിരുന്നു. ഈ രഹസ്യക്കരാർ പ്രകാരമാണ് 1917 ൽ അറബികൾക്ക് ലഭിക്കേണ്ട ഫലസ്തീൻ ഭൂമിയിൽ ഇസ്രയേൽ രൂപീകരിക്കുന്നതിനായി ബ്രിട്ടീഷുകാർ ബാൽഫർ പ്രഖ്യാപനം നടത്തിയത്. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പിന്നീട് പുറത്തായതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. റഷ്യ സാർ ചക്രവർത്തിയുടെ കാലത്താണ് കരാറിൽ ഒപ്പിട്ടത്. പിറ്റത്തെ വർഷമാണ് റഷ്യയിൽ ബോൾഷെവിക്കുകൾ വിപ്ലവം നടത്തി സോവ്യറ്റ് റഷ്യ രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് റഷ്യ കരാർ പ്രകാരം തങ്ങൾക്ക് ലഭിച്ച തുർക്കി ഭരണ പ്രദേശങ്ങളിൽ അവകാശ വാദമുന്നയിച്ചതിനെ ആംഗ്ലോ – ഫ്രാൻസ് സഖ്യം നിഷേധിച്ചു. അപ്പോഴാണ് റഷ്യൻ പ്രസിഡന്റായിരുന്ന ലെനിൻ അവരുടെ രഹസ്യ

രേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംബർ 23 ന് പരസ്യപ്പെടുത്തിയത്. അതായത് ബാർഫർ പ്രഖ്യാപനം കഴിഞ്ഞ് കൃത്യം മൂന്ന് ആഴ്ചകൾക്ക് ശേഷം. അറബികളും ലോകവും അപ്പോഴാണ് ഒന്നാം ലോക മഹാ യുദ്ധം നയിച്ച ആംഗ്ലോ ഫ്രാൻസ് സഖ്യം തങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ തരാതിരിക്കാനുള്ള ഗൂഢാലോചനയെ പറ്റി അറിയുന്നത്.

ഫലസ്തീൻ പ്രദേശങ്ങളിൽ ചരിത്രാതീത കാലം മുതൽ താമസിച്ചു വരുന്ന അറബികളെ യാതൊരു നീതീകരണവുമില്ലാതെ ആയുധ മണിയിച്ചു കൊണ്ട് ഇസ്രയേലിനെ സൃഷ്ടിച്ച് കുടിയിരുത്തിയത്. അങ്ങനെ തുർക്കി ഭരണ പ്രദേശങ്ങളിൽ കൃത്രിമമായി അതിർത്തികൾ വരച്ച് ബ്രിട്ടനും ഫ്രാൻസും സൃഷ്ടിച്ചെടുത്തതാണ് ഇറാഖും സിറിയയും ഈജിപ്തും ലബനാൻ ജോർദ്ദാൻ എന്നീ രാജ്യങ്ങളുടെ ഇപ്പോഴത്തെ അതിർത്തികൾ. 23 ദശലക്ഷം കുർദുകളെയും അതുപോലെ ശിയാക്കളേയും വിവിധ രാജ്യങ്ങളിലായി വിഭജിച്ചത് ഈ യൂറോപ്യൻ ശക്തികളാണ്. അവർ വീണ്ടും രക്ത പുഴ ഒഴുക്കി ഇറാഖിനെ വെട്ടിമുറിക്കാൻ പോവുകയാണ്.

രാഷ്ട്രീയമായും സാമൂഹികമായും മതപരമായും മുസ്‌ലിം ലോകം ഇന്ന് പരാജയത്തിന്റെ പടുകുഴിയിലാണ്. എവിടെയും നിരാശയുടെയും ഇച്ഛാഭംഗത്തിന്റേയും തീരാദുഃഖം അടക്കി പിടിച്ച ഏങ്ങലടികൾ മാത്രം. പരിഹാര ചിന്തയാണ് ഇനി പ്രസക്തമായുള്ളത്. മുസ്‌ലിംകൾക്കായി ഒരു പുതിയ ഭൂമിയും വാനവും വാഗ്ദാനം ചെയ്ത് അല്ലാഹു അയച്ച രക്ഷകനായ ഇമാം മഹ്ദിയെ സ്വീകരിക്കുകയാണ് മുസ്‌ലിംകൾക്ക് മുമ്പിലുള്ള ഏക രക്ഷാമാർഗം. സാമ്പ്രദായിക ലോകത്തിന് പരിചയമില്ലാത്ത ദൈവിക മാർഗദർശനത്തിന്റെ ഈ ആത്മീയ മാർഗമാണ് മുസ്‌ലിംകളുടെ വിജയത്തിലേക്കുള്ള രാജമാർഗം. നൂറ്റാണ്ടുകളായി മുസ്‌ലിം പണ്ഡിത ലോകം അവരെ പഠിപ്പിച്ചുകൊണ്ടിരുന്നത് ഇമാം മഹ്ദിയിലൂടെയായിരുക്കും ഇസ്‌ലാമിന്റെ ആഗോള വിജയം ഉണ്ടാവുക എന്നായിരുന്നു. മുസ്‌ലിം ലോകം എളുപ്പത്തിൽ ഈ മാർഗം തിരിച്ചറിയട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം.

## ആധുനിക കാലം

ആധുനിക കാലത്ത് മുസ്‌ലിംകൾക്ക് വന്നുഭവിച്ച ഈ അവസ്ഥയെപറ്റി ഇസ്‌ലാമിക പ്രമാണങ്ങളും ചരിത്രവും അടിസ്ഥാനമാക്കി ചുരുക്കത്തിൽ നമുക്ക് വിലയിരുത്താം.

ആധുനിക കാലം എന്ന് നാം വിളിക്കുന്ന ഈ കാലഘട്ടം ആരംഭിക്കുന്നത് യൂറോപ്യൻ നവോത്ഥാനത്തോടെയാണ്. യുഗാന്ത്യ സംഭവങ്ങളുടെ അടയാളമായി ഇസ്‌ലാമിൽ പരാമർശിക്കപ്പെട്ട ദജ്ജാലിന്റെ രംഗപ്രവേശനം ഈ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ക്രിസ്തുമതം സ്വീകരിച്ച ഭൗതികോന്മുഖമായ ക്രൈസ്തവ യുറോപ്യൻ നാഗരികതയാണ് ദജ്ജാൽ എന്ന് സാങ്കേതികമായി വ്യവഹരിക്കപ്പെടുന്ന ഈ ശക്തി. ഭൗതികമായ നന്മയുടെയും തിന്മയുടേയും ഒരു ദജ്ജാൽ എന്ന് ഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ആത്മീയ ദൃഷ്ടിയുടെ അന്ധത യാണ് ഇസ്‌ലാമിനെ അതിന്റെ പ്രതിയോഗിയാക്കി മാറ്റുന്നത്. കോളനി വത്ക്കരണതിന്റേയും അധിനിവേശത്തിന്റേയും പ്രവണതകളുള്ള ഈ യൂറോപ്യൻ നാഗരികതയാണ് ആധുനിക കാലത്ത് മുസ്‌ലിം രാജ്യങ്ങളിലേക്കും ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ഇരമ്പിക്കയറുകയും അടിമപ്പെടുത്തുകയും ചെയ്തത്. അപ്രതിരോധ്യമായ ഈ ദജ്ജാലീ ശക്തിയെ മുസ്‌ലിം ലോകം മതപരമായ അർഥത്തിൽ തിരിച്ചറിയുകയോ അതിന്റെ പ്രതിവിധിക്ക് റസൂൽ തിരുമേനി(സ) നിർദേശിച്ച മതമാർഗത്തിൽ ശ്രമിക്കുകയോ ചെയ്തിട്ടില്ല.

സമകാലീന ലോകത്തെ മുസ്‌ലിം അവസ്ഥയുടെ കാതലായ പ്രശ്നം ഇവിടെയാണ്. ദജ്ജാലിനെ സംബന്ധിച്ച് സഹീഹുൽ ബുഖാരിയിൽ 53 ഹദീസുകളിലായി 83 പ്രാവശ്യവും സഹീഹു മുസ്‌ലിമിൽ 65 ഹദീസുകളിൽ 98 പ്രാവശ്യവും അബൂദാവൂദിൽ 14 ഹദീസുകളിൽ 14 പ്രാവശ്യവും പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല മുസ്‌ലിം ജനകോടികൾ അഞ്ച്നേര നിർബന്ധ നമസ്ക്കാരങ്ങളിലും ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷ പ്രാപിക്കാൻ പ്രാർഥിക്കുന്നു. ഇത്രയും പ്രാധാന്യത്തോടെ മുസ്‌ലിംകളുടെ മതകീയ ജീവിത്തിൽ ഉരുവിട്ടു പഠിച്ച ഈ ദുശ്ശക്തിയുടെ അടയാളങ്ങൾ ഏതാണെന്ന് വിശകലനം ചെയ്ത് മനസ്സിലാക്കുന്നതിന് പകരം ഇതിഹാസ വർണനകൾ നൽകി അവർ അതൊരു മിത്താക്കി മാറ്റിയിരിക്കുകയാണ്. ദജ്ജാലിന്റെ നിശിതമായ ആക്രമണങ്ങൾക്കും അടിമപ്പെടുത്തലുകൾക്കും വിധേയമായിട്ടും ആരാണ് ദജ്ജാൽ എന്ന് മുസ്‌ലിംകൾക്ക് തിരിച്ചറിയാനാവാത്ത അവസ്ഥ ഏതായാലും നിർഭാഗ്യകകരമാണ്. സത്യസന്ധമായി യുക്തിബോധത്തോടെ വിശകലനം ചെയ്താൽ വളരെ ഏളുപ്പത്തിൽ ദജ്ജാലീ ശക്തി ആരാണെന്ന് മനസ്സിലാക്കാം. പക്ഷേ ആ ദജ്ജാൽ അവതരിച്ചു കഴിഞ്ഞു എന്ന് മുസ്‌ലിം ഉലമാക്കൾ പറഞ്ഞാൽ അതിന്റെ സംഹാരകനായി ഹദീസുകളിൽ പ്രതിപാദിക്കപ്പെട്ട ഇമാം മഹ്ദിയേയും മസീഹിനെയും പറ്റിയുമുള്ള ചോദ്യങ്ങൾ കൂടി മുസ്‌ലിം ഉലമാക്കന്മാർ അഭിമുഖീകരിക്കേണ്ടിവരും. അതുകൊണ്ട് മഹ്ദിയുടെ അടയാളമായി പറഞ്ഞ ദജ്ജാലിന്റെ ഇറക്കത്തെപ്പറ്റി വിദശീകരിക്കാനോ വ്യാഖ്യാനിക്കാനോ നിൽക്കാതെ അതിനെ തമസ്ക്കരിക്കുകയോ വിസ്മരിക്കുകയോ ആണ് ചെയ്യുന്നത്. മുസ്‌ലിം ഉലമാക്കന്മാർ ദജ്ജാലിനെ പറ്റി പാലിക്കുന്ന ഈ മൗനത്തെ പറ്റി നിവേദനം ചെയ്ത ശ്രദ്ധേയമായ ഒരു ഹദീസ് ഇപ്രകാരമാണ്.

***'ജനങ്ങൾ ദജ്ജാലിനെക്കുറിച്ച് വിസ്മരിക്കുന്ന കാലം വരുന്നത് വരെ ദജ്ജാൽ പുറപ്പെടുകയില്ല. ഇമാമുമാർ മിംബറുകളിൽ വെച്ച്***

***ദജ്ജാലിനെ പരാമർശിക്കുന്നത് ഉപേക്ഷിക്കുന്നത് വരെയും.' (അഹ്മദ് മുസ്നദ്)***

സൂര്യനു കീഴിലുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും വാതോരാതെ പ്രസംഗിക്കുന്ന മുസ്ലിം ഉലമാക്കന്മാർ ദജ്ജാലിന്റെ അക്രമണം മൂർദന്യത്തിലെത്തിയിരിക്കുന്ന ഇക്കാലത്ത് ദജ്ജാലിനെ പറ്റി പറയാതിരിക്കുന്നത് ദജ്ജാന്റെ ഇറക്കത്തിന്റെ അടയാളമാണ് എന്നത് അർഥപൂർണമല്ലേ?

പുരാതന കാലത്തും മദ്ധ്യനൂറ്റാണ്ടുകളിലും ഉറങ്ങിക്കിടന്ന യൂറോപ്യൻ ജനത ആധുനിക കാലത്ത് അവരുടെ നിദ്രാണദശ വിട്ട് ഭൗതികമായ പുരോഗതി കൈവരിച്ച് ഭയാനകമായ രീതിയിൽ സംഹാരാത്മകമായി ഉയിർത്തെഴുന്നേൽക്കുമെന്നും അത് രണ്ട് ചേരികളായി പിരിഞ്ഞ് അവസാനം നശിച്ചൊടുങ്ങുമെന്നുമാണ് ഖുർആന്റെയും ഹദീസിലെയും പ്രവചനം. ഉറങ്ങിക്കിടന്ന അവർ പിൽക്കാലത്ത് ഉണരുന്നതിനെക്കുറിച്ച് ഖുർആൻ പറയുന്നു.:

***'അവർ ഉറങ്ങുന്നവരായിരിക്കെ ഉണർന്നവരാണെന്ന് നീ വിചാരിക്കും. അവരെ ഇടത് വശത്തേക്കും വലത് വശത്തേക്കും നാം മറിച്ചിട്ട് കൊണ്ടിരുന്നു. അവരുടെ നായ കവാടത്തിൽ അതിന്റെ ഇരുകൈകളും നീട്ടി വെച്ചുകൊണ്ടിരുന്നു. നീ (മുഹമ്മദ് നബി) അവരെ കണ്ടു പോയിരുന്നുവെങ്കിൽ അവരിൽ നിന്ന് പിന്തിരിഞ്ഞോടിപ്പോവുകയും അവരെ സംബന്ധിച്ച് ഭയവിഹ്വലരായി തീരുകയും ചെയ്യുമായിരുന്നു.' (അൽ കഹ്ഫ് 18:19)***

റസൂൽ തിരുമേനി (സ) യുടെ കാലത്ത് ഇന്നത്തെ തുർക്കിയായിരുന്നു ക്രിസ്തു മതത്തിന്റെ ആഗോള ആസ്ഥാനം. ഖുർആനിലെ അൽ റൂം അദ്ധ്യായത്തിൽ പറഞ്ഞ റോമ കിഴക്കൻ റോമാ സാമ്രാജ്യം എന്നറിയപ്പെടുന്ന കോൺസ്റ്റാന്റിനോപ്പിൾ (ഇസ്താംബൂൾ) ആസ്ഥാനമായുള്ള ബൈസാന്റ്യം സാമ്രാജ്യം അഥവാ ഇന്നത്തെ തുർക്കി ആയിരുന്നു. അറേബ്യക്ക് വടക്ക് ഭാഗത്തായി ഏഷ്യയുടേയും യുറോപ്പിന്റേയും കവാടമായ തുർക്കിയിൽ ഒരു ശ്വാനന്റെ ജാഗ്രതയോടെ കിഴക്കൻ രാജ്യങ്ങളിലേക്ക് ചാടി വീഴാൻ തക്കം പാർത്തുനിൽക്കുന്ന പാശ്ചാത്യ നാഗരികതയുടെ ഉറങ്ങികിടക്കുന്ന ദൃശ്യമാണ് ഖുർആൻ ഇവിടെ അവതരിപ്പിക്കുന്നത്.

പിന്നീട് ഉയിർത്തെഴുന്നേറ്റ പാശ്ചാത്യൻ നാഗരികത അഥവാ ദജ്ജാലീ ശക്തി 15, 16 നൂറ്റാണ്ടുകളിൽ ഭൂമിയെ വലയം ചെയ്യാൻ ആരംഭിച്ചു. കിഴക്കോട്ടും പടിഞ്ഞാറോട്ടേക്കും അവരുടെ സഞ്ചാരം തുടങ്ങി. പുതിയ സമുദ്ര പര്യവേഷണ യാത്രകൾ ആരംഭിച്ചു. മുസ്ലിം ഭരണം അവസാനിച്ച സ്പെയിനും പോർട്ടുഗലുമായിരുന്നു ക്രിസ്തു സഭക്ക് വേണ്ടി ലോകത്തിന്റെ കോണുകളിലേക്ക് സമുദ്ര യാത്രകൾ സംഘടിപ്പിച്ചത്. അക്കാലത്ത് സ്പെയിൻകാരനായ പോപ്പ് അർബൻ ആറാമൻ, കണ്ടെത്തുന്ന രാജ്യങ്ങൾ ക്രിസ്തു സഭയോട് ചേർക്കണമെന്നും അവിടങ്ങളിൽ ക്രിസ്തു മത പ്രചരണവും കോളനി ഭരണവും സ്ഥാപിക്കണമെന്നുമുള്ള കരാറിൽ സ്പെയിനും പോർട്ടുഗലുമായി ക്രിസ്തു സഭ ഉടമ്പടി ചെയ്തു. 1493 ടോർഡിസില്ലാസിൽ വെച്ചുണ്ടായ ഈ കരാറാണ് The Treaty of Tordesillas എന്ന് അറിയപ്പെടുന്നത്. അങ്ങനെ സ്പെയിൻ കാരനായ ക്രിസ്റ്റഫർ കൊളംബസ് ഭൂഗോളത്തിന്റെ പടിഞ്ഞാറും വാസ്ഗോഡഗാമ കിഴക്കോട്ടേക്കും യാത്ര തിരിച്ചു. അവരുടെ നാവിക യാത്രകളിലെല്ലാം മതപരമായ ആവശ്യത്തിനും മതപരിവർത്തനത്തിനും മത പുരോഹിതന്മാരും സഞ്ചരിച്ചിരുന്നു. നവോത്ഥാനത്തിന് ശേഷം ഈ പാശ്ചാത്യ ശക്തികളുടെ ഭൂഗോള സംക്രമണത്തിന്റെ ആരംഭമാണിത്. ഖുർആൻ വിവരിക്കുന്നത് ഈസാ നബിക്ക് ശേഷം ഗുഹയിലേക്ക് അന്തർധാനം ചെയ്ത് ഉറങ്ങിപ്പോയി എന്ന് ഭൂരിപക്ഷ മുസ്ലിംകളും വിശ്വസിക്കുന്ന ക്രിസ്ത്യൻ യുവാക്കളുടെ കഥയല്ല ഇവിടെ ഖുർആൻ വിവരിക്കുന്നത്. റസൂൽ തിരുമേനി(സ) യുടെ കാലത്ത് ഉറങ്ങിക്കിടക്കുകയായിരുന്ന ക്രിസ്തു മതം സ്വീകരിച്ച പാശ്ചാത്യൻ നാഗരികതയുടെ ഉണർച്ചയേയും വ്യാപനത്തേയും കുറിച്ചാണ്.

***'അവർ ഉറങ്ങുന്നവരായിരിക്കെ ഉണർന്നവരാണെന്ന് നീ വിചാരിക്കും. അവരെ ഇടത് വശത്തേക്കും വലത് വശത്തേക്കും നാം മറിച്ചിട്ട് കൊണ്ടിരുന്നു.' 18:90)***

തുടർന്ന് ഖുർആൻ പറയുന്നു:

***'നീ അവരെ കണ്ടുപോയിരുന്നുവെങ്കിൽ അവരിൽ നിന്ന് പിന്തിരിഞ്ഞോടിപ്പോവുകയും അവരെ സംബന്ധിച്ച് ഭയവിഹ്വലരായി തീരുകയും ചെയ്യുമായിരുന്നു.'(8:90)***

ഏതൊരു ശക്തിയെക്കുറിച്ചാണോ'നീ....ഭയവിഹ്വലനായി തീരും' എന്ന് റസൂൽ തിരുമേനി(സ) യെ അഭിസംബോധന ചെയ്ത് അല്ലാഹു പറഞ്ഞത് അന്ന് ഉറങ്ങിക്കിടന്നിരുന്ന ആ ഭയജനകമായ ശക്തിയാണ് ഇന്ന് മുസ്ലിം ലോകത്തിനെതിരെ ഉണർന്നെഴുന്നേറ്റ് ആഞ്ഞടിക്കുന്നത്. അസാമാന്യ സംഹാരശക്തിയുള്ള ഈ വൻശക്തിയെ പ്രതിരോധിക്കാൻ സായുധ ജിഹാദിലാണ് പല മുസ്ലികളും അഭയം തേടുന്നത്. മുസ്ലിംകളുടെ കൂട്ടക്കുരുതികളും അടിമപ്പെടുത്തലുമായിരിക്കും അതിന്റെ ഫലം. അത്കൊണ്ടാണ് റസൂൽ തിരുമേനി (സ) പറഞ്ഞത് ഇമാം മഹ്ദി ആഗതനായാൽ മതയുദ്ധങ്ങൾ റദ്ദ് ചെയ്യപ്പെടും എന്ന്. പകരം ഇമാം മഹ്ദി നൽകുന്ന റസൂൽ തിരുമേനി(സ)യുടെയും വിശുദ്ധ ഖുർആന്റെയും അജയ്യമായ ജ്ഞാനസമ്പത്ത് ഉപയോഗിച്ചുകൊണ്ടുള്ള ഒരു ആശയ സമരത്തിലൂടെയും പ്രാർഥനകളിലൂടെയും സർവോപരി പരിശുദ്ധമായ ജീവിതം നയിച്ചുകൊണ്ടുള്ള മാർഗത്തിലൂടെയാണ് പാശ്ചാത്യ നാഗരികതയെ ഇസ്ലാം അതിജയിക്കുക. അതിൽ ഏറ്റവും സുപ്രധാനമായ ഒന്നാണ് സ്നേഹ സംവാദങ്ങളിലൂടെ ദൈവസമാനം പൂജിക്കപ്പെടുന്ന ഈസാ നബി (അ) യുടെ മരണം പ്രമാണപരമായും, ശാസ്ത്രീയമായും ചരിത്രപരമായും സ്ഥാപി

ക്കൽ. ഈ ആശയ സമരം സായുധ സമരത്തേക്കാൾ ഇസ്‌ലാമിന് വിജയം വാഗ്ദാനം ചെയ്യുന്ന ഒരു വജ്രായുധമാണെന്ന് തിരിച്ചറിയുക. റസൂൽ തിരുമേനി (സ) യെ വധിക്കാൻ ചീറിയടുത്ത ഉമർ(റ)യെ ഇസ്‌ലാമിന്റെ സന്മാർഗിയായ വാക്താവാക്കി മാറ്റിയ മാസ്മരിക ശക്തിയുള്ള അല്ലാഹുവിന്റെ കലാമായ ഖുർആൻ ഇക്കാലത്തും അത്ഭുതം കാണിക്കാൻ കഴിയും എന്നതാണ് സത്യം. അതിന് പകരം സായുധ ശക്തിയും അധികാരവും കൊണ്ട് മനുഷ്യ സമൂഹത്തെ കീഴടക്കാമെന്ന മിഥ്യ വിശ്വാസത്തിലാണ് സമകാ ലീന മുസ്‌ലിം ലോകം

## ജിഹാദിന്റെ സ്വാധീനം

സായുധ ജിഹാദിനെ സംബന്ധിച്ച സങ്കൽപ്പവും സ്വാധീനവും മുസ്‌ലിം സമൂഹത്തിൽ എത്രത്തോളം രൂഢമൂലമാണ് എന്നറിയാൻ ഒരുദാഹരണം മാത്രം ഞാൻ ചൂണ്ടിക്കാട്ടാം. യൂറോപ്പിലെ അത്യന്തം സുഖകരമായ ജീവിത സാഹചര്യം ഉപേക്ഷിച്ച് ISIS യിൽ 4000 യൂറോപ്യൻ മുസ്‌ലിം യുവതീയുവാക്കൾ ചേർന്നു കഴിഞ്ഞു എന്ന് ഒരു വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യുന്നു. യൂറോപ്പിലെ സുഖജീവിതത്തിൽ നിന്നും ഇറാഖിലേയും സിറിയയിലെയും കുരുതിക്കളങ്ങളിലേക്ക് സ്വയം എടുത്തു ചാടാൻ മാത്രം ജിഹാദിന്റെ പ്രലോഭനം അധികാര ശക്തിയിലുള്ള വിശ്വാസവും മുസ്‌ലിം സമൂഹത്തിൽ വളരെ ആഴത്തിൽ വേരോടിയിരിക്കുന്നു. ISIS യിൽ അണിനിന്നു കൊണ്ടുള്ള ഈ ജിഹാദ് സ്വന്തം മുസ്‌ലിം സഹോദരന്മാരെ കൊല്ലാനാണെന്ന് കൂടി നാം ഓർക്കേണ്ടതുണ്ട്. 1980 കളിൽ ഇറാൻ ഇറാഖ് യുദ്ധത്തിൽ, മരിച്ചു വീണാൽ ജന്നത്തുൽ ഫിർദൗസിന്റെ കവാടം തുറക്കാനുള്ള താക്കോലാണെന്ന് പറഞ്ഞ് ഒരു പച്ച പ്ലാസ്റ്റിക്ക് താക്കോൽ കഴുത്തിലണിഞ്ഞ് ശിയാ ബാലന്മാരെ യുദ്ധമുഖത്തേക്കയച്ചത് ഓർമ വരുകയാണ്.

പാകിസ്താനാണ് ജിഹാദികളുടെ പറുദീസ. പാകിസ്താൻ പട്ടാള ഏകാധിപതി ജനറൽ സിയാഉൽ ഹഖിന്റെ കാലത്താണ് ജമാഅത്തെ ഇസ്‌ലാമിയുടെ സഹായത്തോടെ പാകിസ്താനെ ഒരു മതരാഷ്ട്രമാക്കി മാറ്റാനുള്ള ശ്രമമുണ്ടായത്. അക്കാലത്തായിരുന്നു (1979-1989) അഫ്ഘാനിസ്താനിൽ സോവിയറ്റ് റഷ്യയുടെ അധിനിവേശത്തിനെതിരെ ജിഹാദ് നടത്താൻ അമേരിക്കയുടെ ധന സഹായത്തോടെ സിയാ ഉൽ ഹഖ് ജിഹാദ് ഗ്രൂപ്പുകളെ പടച്ചു വിട്ടത്. ഇതിനായി അഫ്ഘാൻ പാകിസ്താൻ അതിർത്തിയിൽ ഗോത്ര വർഗ മേഖലയിലെ മദ്രസ്സകളെയെല്ലാം സൈനിക പരിശീലന കേന്ദ്രങ്ങളാക്കി മാറ്റി ജിഹാദികളുടെ ഉൽപ്പാദന കേന്ദ്രങ്ങളാക്കി. ജിഹാദ് കഴിഞ്ഞ് സോവിയറ്റ് ചെമ്പട അഫ്ഘാനിസ്താനിൽ നിന്നും പിന്മാറിയപ്പോൾ പണിയില്ലാതായ ജിഹാദികൾ പാകിസ്താനിൽ പരസ്പര പോരാട്ടം ആരംഭിച്ചു. അതിപ്പോഴും നിർബാധം തുടരുകയാണ്. അതിന് ശേഷം പാകിസ്താൻ ലോകത്തെ ഏറ്റവും അരക്ഷിതമായ രാജ്യമായി മാറുകയായിരുന്നു. ലക്ഷറെ ത്വയ്യിബ, ഹർക്കത്തെ മുജാഹീൻ, തഹ്‌രീക്കെ താലീബാൻ പാകിസ്താൻ, ഹർഖത്തുൽ ജിഹാദ്, അൽ ബദർ, ജയ്ശെ മുഹമ്മദ് മുതലായ പരസ്പരം കൊന്ന് പോരടിക്കുന്ന നിരവധി ജിഹാദി സംഘങ്ങൾ പാകിസ്താനിൽ പിറന്നു വീണു. ഒരു ജിഹാദി ഗ്രൂപ്പിന്റെ ഇപ്പോഴത്തെ മുഖ്യശത്രു മറ്റാരുമല്ല മറ്റൊരു ഇസ്‌ലാമിക ജിഹാദീ ഗ്രൂപ്പാണ്. ഈ പ്രതിഭാസത്തിന്റെ രക്തരഹിതമായ പോരാട്ടങ്ങളാണ് നമ്മുടെ കേരളത്തിലും അരങ്ങേറുന്ന മുസ്‌ലിം കക്ഷികളുടെ പരസ്പര പോരാട്ടങ്ങൾ. ഇസ്‌ലാം മത സേവനത്തിനിറങ്ങിത്തിരിച്ച ഒരു മുസ്‌ലിം കക്ഷിയുടെ പ്രധാന പ്രതിയോഗി മറ്റൊരു മുസ്‌ലിം കക്ഷിയാണ്. ഈയിടെ പിളർന്ന ചില മുജാഹിദ് കക്ഷികൾ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ബദറിലും ഉഹദിലും കണ്ട ആവേശത്തോടെ പരസ്പരം പോരടിക്കുകയാണ്. അവർ തമ്മിലുള്ള വ്യത്യാസം എന്താണെന്ന് സാധാരണക്കാർക്ക് തിരിഞ്ഞുകിട്ടും മുമ്പേ പിളർന്ന കക്ഷി വീണ്ടും പിളരുകയുണ്ടായി.

ശാന്തി, സമാധാനം എന്നീ അർഥം വരുന്ന ഇസ്‌ലാം എന്ന പദം വിളിപ്പേരായി സ്വീകരിച്ച ഒരു മതത്തിന് സായുധ ജിഹാദ് തികച്ചും അന്യവും വിരുദ്ധവുമാണ്. പക്ഷേ ഇസ്‌ലാമിന് ആഗോള വിജയം വാഗ്ദാനം ചെയ്യുന്ന ഇമാം മഹ്ദിയുടെയും മസീഹിന്റെയും രക്തരൂക്ഷിതമായ സംഹാര യുദ്ധത്തിന് ശേഷമായിരിക്കും ഇസ്‌ലാമിന് വിജയം കൈവരുക എന്ന അന്ധവിശ്വാസത്തിലാണ് ഭൂരിപക്ഷ മുസ്‌ലിംകളും നിലകൊള്ളുന്നത്. അതിനായി ഒരു കൈയിൽ വാളുമായി അവരോഹിതനാവുന്ന മസീഹിനെക്കുറിച്ചുള്ള സങ്കൽപ്പമാണ് ഈ ജിഹാദ് അഭിനിവേശത്തിന്റെയും രാഷ്ട്രവാദത്തിന്റെയും മൂലകാരണം. ജ്ഞാനസമ്പത്തു കൊണ്ടും അത്മീയ പ്രഭകൊണ്ടും അനുഗൃഹീതമായ ഇസ്‌ലാമിന്റെ വ്യക്തിത്വത്തെയും അസ്തിത്വത്തെയും തന്നെ അപ്രസക്തമാക്കുന്ന ഇസ്‌ലാമിക വിരുദ്ധമായ ഈ പ്രാകൃതമായ ഈ ജിഹാദ് സങ്കൽപ്പത്തിന് ഇരുപതാം നൂറ്റാണ്ടിലെ ഫാസിസത്തോടും നാസിസത്തോടുമാണ് യോജിപ്പുള്ളത്. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) മുസ്‌ലിം പൊതുജന മനഃശ്ശാസ്ത്രം വിശകലനം ചെയ്ത് നടത്തിയ യുക്തി സഹമായ പ്രസ്താവന നോക്കൂ.

***'മാനുഷികമായ അനുകമ്പ, സഹതാപം, നീതിയോടുള്ള പ്രതിബദ്ധത, വണക്കം, വിനയം, ബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും എന്നെന്നേക്കുമായി വിടപറയുമെന്ന മട്ടിൽ ദിവസന്തോറും അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയ കാഠിന്യവും അനുകമ്പാ ദാരിദ്ര്യവും എങ്ങനെയാണുണ്ടായിതീർന്നത്? അതിന് കാരണമിതാണ്. ചെറുപ്പന്നേ ജിഹാദിനെക്കുറിച്ചുള്ള തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും***

*അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്കയാൽ സാവകാശത്തിൽ അവർ ധാർമിക മായി ശവപ്രായരായി തീരുകയും തങ്ങളു ടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ച് ബോധ മറ്റവരാകുകയും ചെയ്തു. രക്ത ക്കൊതിയനായ മഹ്ദി വെളിപ്പെടാന ടുത്ത് പോയി എന്നും അദ്ദേഹത്തി ന്റെ സഹായാർഥം മസീഹ് ആകാശ ത്ത് നിന്ന് ഇറങ്ങി വരുമെന്നും രണ്ടുപേരുംകൂടി ആളുകളെ കൊ ന്നൊടുക്കുമെന്നു മുള്ള വിശ്വാസം നമ്മുടെ ധാർമിക ചിന്തകൾക്ക് നിരക്കാത്തതും എതിരായിട്ടു ള്ളതു മത്രേ. എല്ലാ മാനുഷിക ഗുണങ്ങളും ധാർമിക ബോധവും നിശ്ചലമാക്കി കളയുകയും കാട്ടിലെ നീതിയെ പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്ന വിശ്വസമല്ലേ ഇത്?'(മസീഹ് ഹിന്ദു സ്ഥാൻ മെ)*

സംഹാരാത്മകമായ യുദ്ധവും മനുഷ്യക്കുരുതിയും നടത്തി ഇസ് ലാം മതത്തെ വിജയിപ്പിക്കും എന്ന ഈ ഭീകര സങ്കൽപ്പം ഇസ്ലാം മതത്തെ എത്രമാത്രം മാരകമായി വികൃതമാക്കുന്നു എന്ന് വിവേക മതികളായ മുസ്‌ലിംകൾ ചിന്തി ക്കേണ്ടിയിരിക്കുന്നു. ഘോരയുദ്ധം നടത്തിയാണ് മഹ്ദി ഇമാം ഇസ്ലാമിനെ വിജയിപ്പിക്കുക എന്ന സങ്കൽപ്പത്തിന്റെ സ്വാധീന ത്താൽ ജിഹാദീ സംഘങ്ങൾ മുസ്‌ലിം സമുദായത്തിൽ എളുപ്പത്തിൽ കൂണു പോലെ മുളച്ചുപൊന്തുന്നു. ഈ പിഴച്ച സങ്കൽപ്പത്തിന് മുസ്‌ലിം സമുദായത്തിലുള്ള സ്വീകാര്യത മുതലെടുത്ത് മുസ്‌ലിം കളുടെ ശത്രുക്കൾക്കും സാമ്രാജ്യത്വ ശക്തി കൾക്കും മുസ്‌ലിംകൾക്കിടയിൽ നിന്നും എളുപ്പത്തിൽ ജിഹാദീ സംഘങ്ങളെ വളർത്തിയെടുക്കാ നും അവർക്ക് മുസ്‌ലിം രാജ്യങ്ങളെ അക്രമിക്കാനും ലക്ഷ്യങ്ങൾ നേടാ നുമുള്ള നിമിത്തമാക്കാനും സാധി ക്കുന്നു. പണവും അധികാരവു ണ്ടെങ്കിൽ ഒരു ജിഹാദ് ഗ്രൂപ്പിനെ സൃഷ്ടിച്ചെടുക്കാൻ വളരെ എളുപ്പ മാണ്. നേരെചൊവ്വേ പൊതുജന മദ്ധ്യത്തിൽ വരാത്ത അദൃശ്യനും അജ്ഞാതനുമായി നിൽക്കുന്ന വരാണ് ഈ ജിഹാദീ നേതാക്കന്മാർ. തീവ്രമായ പ്രസ്താവ നകളും, ഭീകര പ്രവർത്തനങ്ങൾക്ക് ശേഷമുള്ള അവകാശവാദങ്ങളു മായാണ് ഇവർ സമൂഹത്തെ ഭയചകിതരാക്കുക. ഇസ്ലാമിനോട് പൊതുസമൂഹത്തിന് ഭീതിയും വെറുപ്പുമല്ലാതെ എന്തെ ങ്കിലും നേട്ടം ഈ ജിഹാദ് പ്രവർത്ത നം കൊണ്ടുണ്ടാകുമോ? ഇത്തരം ജിഹാദീ ഗ്രൂപ്പുകൾ യുദ്ധപ്രിയനായ മഹ്ദി വിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരാണ്. ഇതിനുള്ള പ്രതിവിധി, മസീഹും മഹ്ദിയും വാളുമായി വന്ന് ഇസ്ലാമിനെ ആഗോള തലത്തിൽ യുദ്ധം ചെയ്ത് വിജയിപ്പിക്കും എന്ന പ്രതീക്ഷയോ ടെയുള്ള ഈ കാത്തിരിപ്പ് അവസാ നിപ്പിച്ച്, ആഗതനായ ഇമാം മഹ്ദി യെ വിശ്വസിക്കുകയാണ് വേണ്ടത്. ഈ കിരാത ചിന്ത അവസാനിപ്പിച്ച് ജിഹാദ് സങ്കൽപ്പത്തെ മുസ്‌ലിംകൾ ഏകോപിച്ച് അന്ദിഗ്ധമായി തള്ളി പറയാൻ സാധിക്കാത്തിടത്തോളം ഈ വിപത്ത് മുസ്‌ലിംകളിൽ നിന്നും നീങ്ങിപോവില്ല. അങ്ങേയറ്റം ഉദാരവും യുക്തിപൂർണവും ഹൃദയാവർജകവുമായ ഇസ്ലാം മതത്തിന് ബലപ്രയോഗത്തിന്റേയും അധികാര സ്വരൂപങ്ങളുടേയും ആവശ്യമില്ല. പ്രാർഥനയും പരിശുദ്ധ ജീവിതവും യുക്തി പൂർണമായ സംവാദങ്ങളുമാണ് ഇസ്ലാം മതത്തിന്റെ പ്രചാരണായുധങ്ങൾ എന്ന് അവർ ഇമാം മഹ്ദിയിൽ നിന്നും പഠിക്കേണ്ടതുണ്ട്.

## മുസ്‌ലിം ന്യൂനപക്ഷങ്ങളും ബഹുസ്വരതയും

ഇസ്ലാമിക നിയമശാസ്ത്രവും കർമശാസ്ത്രവുമെല്ലാം രൂപംകൊണ്ടത് പിൽക്കാലത്ത് മുസ്‌ലിം ഭൂരിപക്ഷ സമൂഹങ്ങളിൽ നിന്നും അവരുടെ ചിന്തകളിൽ നിന്നുമാണ്. എന്നാൽ ഇന്ത്യയെ പോലെയുള്ള ബഹുസ്വരമായ സമൂഹങ്ങളിൽ ന്യൂനപക്ഷമായി കഴിയുന്ന മുസ്‌ലിംകൾക്ക് സാമൂഹ്യ ജീവിതം നയിക്കാൻ ഈ ഇസ്ലാമികാദ്ധ്യാപനങ്ങൾ മിക്ക പ്പോഴും അപര്യാപ്തവും വഴിതെറ്റിക്കുന്നതുമാണ്. മുഖ്യധാരാ സമൂഹത്തോടും ഇതരമതക്കാ രോടും വെച്ചു പുലർത്തേണ്ടുന്ന സമീപനങ്ങളിൽ അസ്വസ്ഥതകളും സംഘർഷങ്ങളും ഇല്ലാതാക്കാൻ വിശുദ്ധ ഖുർആന്റേയും റസൂൽ തിരുമേനി(സ)യുടെയും അദ്ധ്യാപന ങ്ങളുടെ അടിസ്ഥാനത്തിൽ വാഗ്ദ ത്ത മസീഹ് (അ) മുന്നോട്ടുവെച്ച പാഠങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. എല്ലാ മതങ്ങളും ദൈവത്തിൽ നിന്നും ഉദ്ഭവിച്ചതാണെന്നും എല്ലാ സമൂഹങ്ങൾക്കും ദൈവദൂതന്മാർ അവതരിച്ചിട്ടുണ്ടെന്നുമാണ് ഖുർ ആൻ പറയുന്നത്.

*'നാം ഓരോ സമൂഹത്തിന്നും ഓരോ ദൈവദൂതന്മാരെ നിയോഗി ച്ചിട്ടുണ്ട്.' (16:37)*

അതുപോലെ ഖുർആൻ പേരെ ടുത്ത് പറയാത്ത പ്രവചകന്മാരുമു ണ്ടെന്ന് ആ പവിത്രഗ്രന്ഥം പറയു ന്നു. എല്ലാ മതങ്ങളും ദൈവിക മാണെന്ന കാഴ്ച്ചപാട് ആരെയും പ്രീതിപ്പടുത്താനോ പ്രീണിപ്പി ക്കാനോ അല്ല. എല്ലാ പ്രവാചക ന്മാരിലും വിശ്വസിക്കണമെന്നത് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണ ങ്ങളിലൊന്നാണ്. ഇസ്ലാമിക വിശ്വാസം പൂർണമാവണമെങ്കിൽ എല്ലാ പ്രവാചകന്മാരിലും അവരുടെ യഥാർഥ വേദങ്ങളും വ്യത്യാസം കൽപ്പിക്കാതെ വിശ്വസിക്കണം. സെമിറ്റിക്ക് മതങ്ങളായ യഹൂദ ക്രൈസ്തവ ഇസ്ലാം മതങ്ങൾ പോലെ ഭാരതീയമായ ഹിന്ദു ജൈന ബൗദ്ധ മതങ്ങളും സൊറോസ്ട്രർ, കൺഫ്യൂഷ്യസ്, താവോ മുതലായ മതങ്ങളും ദൈവപ്രോക്തങ്ങളാണ്.

ഭാരതത്തിലെ അദ്ധ്യാത്മിക ഗേഹത്തിലെ കുലപതി ഹ്ദ്‌റത്ത് ശ്രീകൃഷ്ണൻ(അ) ഭാരതീയർക്ക് ആത്മീയ വെളിച്ചം നൽകാൻ അല്ലാഹു അയച്ച ഒരു ദിവ്യാത്മാ വാണ്. അദ്ദേഹത്തിന്റെ സ്മരണ യിലും അദ്ധ്യാപനങ്ങളിലും അനേ കം ഹിന്ദു സഹോദരന്മാർ വിശുദ്ധ ജീവിതം നയിക്കുന്നു. ആ പുണ്യാത് മാവിനെ പറ്റി റസൂൽ തിരുമേനി (സ) ഒരു പ്രവാചകനാണെന്ന് പറഞ്ഞി

ട്ടുണ്ട്. ഹദ്റത്ത് അഹ്മദ് (അ) അതിന് കൂടുതൽ വിശദീകരണം നൽകു കയും ചെയ്തിരിക്കുന്നു. ഗീതാകാര നും ഹിന്ദു മതത്തിലെ ആത്മീയാ ചാര്യനുമായ ശ്രീകൃഷ് ണനെ(അ) മുസ്‌ലിംകൾ പ്രവാക തുല്യം സ്നേഹിക്കുകയും പ്രവാചക സമൂഹത്തിൽ അദ്ദേഹത്തെ കണ്ണി കോർ ക്കുകയും അദ്ദേഹത്തിന്റെ അദ്ധ്യാപ നങ്ങൾ തൗഹീദിന്റെ അടി സ്ഥാനത്തിൽ മനസ്സിലാക്കുകയും ചെയ്യുമ്പോൾ ഹിന്ദു സമൂഹവു മായും മുസ്‌ലിം കളുടെ ബന്ധം കൂടുതൽ ദൃഢതരമാ വുകയും ഒരു ബഹുമത സമൂഹത്തി ലെ ഉദ്ഗ്രഥനം ആത്മീയ ദാർഢ്യത്തോടെ സാധ്യ മായി തീരുകയും ചെയ്യുന്നു.

അന്യമതങ്ങളുടെ പേരെടുത്ത് പറഞ്ഞ് കൊണ്ട് സന്മാർഗികളായ ആ മതത്തിൽ പെട്ടവർക്ക് ആത്മീയ സാന്ത്വനമരുളുന്ന വിശാലമായ മതമാണ് ഇസ്‌ലാം. വാസ്തവത്തിൽ മറ്റെവിടെയും ബഹുസ്വര സമൂഹ ത്തിന് അനുഗുണമായ ഇത്തരം അധ്യാപനങ്ങൾ കാണാൻ സാദ്ധ്യ മല്ല. മുസ്‌ലിംകൾ അന്യമതങ്ങളോട് ആത്മാർത്ഥമായി വെച്ചു പുലർ ത്തേണ്ട സമീപനമിതാണ്. അത്തര മൊരു മഹത്തായ മതത്തിന് ബഹു മതങ്ങളുള്ള ഒരു ജനാധിപത്യരാജ്യ ത്ത് അന്യമത വിദ്വേഷം പുലർത്താ തെ ശാന്തരായി ജീവിക്കാൻ സാധി ക്കുന്നു. ഈ ഇസ്‌ലാമിക സങ്കൽപ്പം മതങ്ങളുടെ ഐക്യത്തിനുള്ള ആത് മീയാടിത്തറയാണ്.

ദൈവത്തിൽ നിന്നും ഉദ്ഭൂതമായ അനേകം മതങ്ങളുടെ പ്രദർശന ശാലയാണ് നമ്മുടെ ഭാരതം. മാരിവി ല്ലിന്റെ വർണരാജി പോലെ ഹിന്ദു വും മുസൽമാനും ക്രൈസ്തവനും ഇവിടെ ഒന്നിച്ചു ജീവിക്കേണ്ടതുണ്ട്. മനുഷ്യജീവിതമെന്ന മഹാ പ്രഹേളി കക്ക് ഉത്തരം നൽകുന്ന മഹാ പ്രസ്ഥാനങ്ങളാണ് മതങ്ങൾ. ആ മതങ്ങൾ തമ്മിൽ കലഹിക്കാനുള്ള തല്ല. ഒന്നിച്ചു ജീവിക്കുവാനുള്ളതാ ണ്. മറ്റൊരു മതത്തിലും കാണാത്ത തരത്തിലുള്ള ഇസ്‌ലാമിന്റെ വിശാ ലവും പുരോഗമനപരവും മനുഷ്യ സ്നേഹപരവുമായ അധ്യാപനം ഇന്ത്യയിലെ പൊതുസമൂഹം മനസ്സി ലാക്കട്ടെ എന്ന പ്രാർഥനയോടെ നിർത്തുന്നു.

## കേവല നിഷേധം കൊണ്ട് മാത്രം ഇഹ ലോകത്ത് ശിക്ഷയില്ല

കേവല നിഷേധം കൊണ്ട് ഇഹ ലോകത്ത് ശ്രദ്ധേയമായ കാര്യമെ ന്തെന്നാൽ മക്കക്കാർ റസൂൽ തിരുമേനി(സ)യെ കേവലം നിഷേധിക്കുക മാത്രമായിരുന്നില്ല. ഒരാളി ന്റെ പോഴത്തം കൊണ്ട് കേവലം നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് അവന് ശിക്ഷ ലഭിക്കില്ല. പക്ഷേ അവിശ്വാസി മനുഷ്യാസ്തിത്വത്തിന്റേയും സൽസ്വഭാവത്തിന്റേയും പരിധി ലംഘിച്ച് ലജ്ജാ വിഹീനനായിക്കൊണ്ട് അധാർമികതയിൽ വർത്തിക്കുകയും സർവ പീഢനങ്ങളും അസൂത്രണം ചെയ്യുകയും അതിൽ അങ്ങേയറ്റം മുന്നോട്ടു പോകുകയും ചെയ്യുമ്പോൾ ദൈവ ത്തിന്റെ കോപം പതച്ചു പൊങ്ങു കയും ദൈവം നൂഹിന്റെ ജനതയെയും ലൂത്തിന്റെ ജനതയെയും നശിപ്പിച്ചത് പോലെ അവന്റെ ദൂതന് വേണ്ടി ആ അതിക്രമകാരികളെ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവ ത്തിന്റെ ദൂതനും അനുയായികളും അത്തരം പീഢനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാവുമ്പോൾ മാത്രമാണ് ദൈവം ഇങ്ങനെ ശിക്ഷയിറക്കാറ്. വെറും നിഷേധം കൊണ്ട് മാത്രം ദൈവം ഈ ലോകത്ത് ശിക്ഷയിറക്കാറില്ല. അത്തരം ശിക്ഷ കൾക്കായി ദൈവം പരലോകം ഒരുക്കി വെച്ചിരിക്കുന്നു. പരിഹാസം, നിന്ദിക്കൽ, പീഢനം, എന്നിവയെ തുടർന്നാണ് ഈ ലോകത്ത് ശിക്ഷകൾ ദൈവം ഇറക്കുക.

കാര്യം പൂർണമായും ബോദ്ധ്യമാകാത്തത് കാരണം ഒരാൾക്ക് വിശ്വാസം സ്വീകരിക്കാതെ മാറിനിൽക്കാവുന്നതാണ്. അത്തരം നിഷേധം ഒരിക്കലും ഈ ലോകത്ത് ശിക്ഷ ക്ഷണിച്ചു വരുത്തുന്നില്ല. കാരണം അത് അൽപ്പത്തം കൊണ്ടോ ധാരണാശക്തിയുടെ കുറവ് കൊണ്ടോ സംഭവിക്കാ വുന്നതാവാം. ഞാൻ ദൃഢമായി വിശ്വസിക്കുന്നത് നൂഹ് നബി (അ) യുടെ ജനത മാന്യമായ രീതിയിലാണ് അദ്ദേഹ ത്തെ എതിർത്തതെങ്കിൽ സർവശക്തനായ ദൈവം അദ്ദേഹത്തിന്റെ ജനതയെ പിടിക്കില്ലായിരുന്നു. ജനങ്ങൾ അവരുടെ അതിക്രമ ശീലം കൊണ്ടാണ് ശിക്ഷിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ വായിക്കുന്ന ശത്രുവിനും അവന്റെ സുരക്ഷിത സ്ഥാനത്തെ സംബന്ധിച്ച് സർവശ ക്തനായ ദൈവം അറിയിക്കുന്നു. അതായത് മതത്തിൽ യതൊരു നിർബന്ധമോ പ്രേരണയോ ഇല്ലാ എന്ന് (അതിനാൽ നിഷേധി സുരക്ഷി തനാണ് ) ഖുർആൻ പറയുന്നു. **ലാ ഇക്റാഹ ഫി ദ്ദീൻ** എന്നാൽ ഏതൊ രുവൻ വധിക്കാനോ ഗൂഢാലോച നക്കോ പുറപ്പെടുകയോ അക്രമവും പീഢനവും നടത്തുകയോ ആണെ ങ്കിൽ അയാൾ കഠിന ശിക്ഷക്ക് വിധേയനാകും **(മൽഫൂസാത്ത് വാള്യം. 3 പേജ് 162, 165)**

# വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത ഖലീഫമാർ

വാഗ്ദത്ത മസീഹിന്റെ ഖലീഫമാരുടെ ജീവിതം പൂർവികരുടെ ആത്മീയാനുഭവങ്ങളുടേയും പ്രവചനങ്ങളുടേയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു

ശറഫുദ്ദീൻ ഇർഫാനി അഗത്തി

നബി(സ) പറഞ്ഞു: ഈ നുബുവ്വത്ത് അല്ലാഹു ഉദ്ദേശിക്കുന്നത്ര നിങ്ങളിൽ ഉണ്ടാകും. അവൻ ഉദ്ദേശിക്കുമ്പോൾ അതിനെ ഉയർത്തും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് നിലവിൽ വരുകയും അല്ലാഹു ഉദ്ദേശിക്കുന്നത്ര അതുണ്ടാവുകയും ചെയ്യും. ശേഷം അവൻ അതിനേയും ഉയർത്തും. പിന്നീട് ഖിലാഫത്ത് ഏകാധിപത്യഭരണമായിത്തീരും. അതും ഉയർത്തപ്പെട്ടതിനു ശേഷം സ്വേച്ഛാധിപത്യ രീതിയിലുള്ള ഖിലാഫത്ത് വരും. ഒരു നിശ്ചിത കാലത്തിനു ശേഷം അല്ലാഹു ഉദ്ദേശിക്കുമ്പോൾ അതിനെയും അവൻ ഉയർത്തും. ശേഷം നുബുവത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും. ഇതു പറഞ്ഞിട്ട് നബി(സ) മൗനിയായി. (മുസ്നദ് അഹ്മദ്: 273/4)

ഈ ഹദീസിൽ പ്രവചിച്ച അവസാനത്തെ ഖിലാഫത്തിനെ സംബന്ധിച്ച് ആധുനിക ഹദീസ് പണ്ഡിതനും സഊദി അറേബ്യ യുടെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശൈഖ് നാസിറുദ്ദീൻ അൽബാനി തന്റെ ഹദീസ് ഗ്രന്ഥത്തിൽ പറയുന്നു; നിസ്സംശയം, ഇസ്‌ലാമിന്റെ രണ്ടാം വിജയം മുസ്‌ലിം സമുദായത്തിലേക്ക് ഖിലാഫത്തു റാശിദ മടങ്ങി വരുന്നതിനെ ആവശ്യപ്പെടുന്നു. ഈ ഹദീസിലൂടെ നബി (സ) നമുക്ക് സുവിശേഷമറിയിക്കുന്നത് പ്രസ്തുത ഖിലാഫത്തിനെപ്പറ്റിയാണ്. (സിൽസിലത്തു അഹാദീസിസ്സഹീഹ 8/1, ഹദീസ് നമ്പർ 5)

ഈ ഖിലാഫത്തിലെ ഖലീഫമാർ ഇമാം മഹ്ദിക്കുശേഷമുള്ളവരായിരിക്കുമെന്ന് ഹദീസുകളുടെ അടിസ്ഥാനത്തിൽ മുൻകാല പണ്ഡിതന്മാർ തന്നെ രേഖപ്പെടുത്തിയതാണ്.

പന്ത്രണ്ട് ഖലീഫമാരുണ്ടാകും (ബുഖാരി:6796) എന്ന ഹദീസിന്റെ വ്യാഖ്യാനത്തിൽ ഫത്ഹുൽബാരിയിൽ പറയുന്നു; രണ്ടാമത്തെ അഭിപ്രായം: അബുൽ ഹുസൈൻ ബിൻ മുനാദീ, മഹ്ദി യെക്കുറിച്ചുള്ള



ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് (അ)

തന്റെ രചനയിൽ പറയുന്നു; പ്രസ്തുത ഹദീസിന്റെ അർഥത്തിൽ ഈ പന്ത്രണ്ട് ഖലീഫമാരും അന്ത്യയുഗത്തിൽ വെളിപ്പെടുന്ന മഹ്ദിക്ക് ശേഷം വരുന്നവരാകാം. (ഫത്ഹുൽ ബാരി)

ഇബ്നുഹജറുൽ ഹൈത്തമി (റഹ്) പറയുന്നു; ഇമാം മഹ്ദിക്ക് ശേഷം സദ്‌വൃത്തരായ അമീറുമാരുണ്ടാകും. (അലാമാത്തുൽമഹ്ദി 74)

തന്റെ വിയോഗശേഷം അല്ലാഹുവിന്റെ രണ്ടാം ശക്തിപ്രഭാവമായ ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വരുമെന്ന് ഹദ്റത്ത് അഹ്മദ്(അ) തന്നെ തന്റെ ഗ്രന്ഥങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

പറയുന്നു; ഏതൊരു സന്മാർഗ ത്തെയാണോ അവൻ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, അതിന്റെ ബീജാവാപം അവരുടെ (ദൈവനിയോഗിതരുടെ) കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങ ളാൽ നിർവഹിക്കപ്പെടുന്നില്ല. മറിച്ച് ഈ പ്രസ്ഥാനം ബാഹ്യമായി പരാജ യപ്പെടുമെന്ന ഭയം നിലനിൽക്കെ അവൻ അവർക്ക് മരണം നൽകുന്നു. ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. (അൽവസിയ്യത്ത് : 8)

വീണ്ടും പറയുന്നു; ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തിപ്രഭാവങ്ങളാണ് പ്രത്യക്ഷപ്പെടാറുള്ളത്. ഒന്നാമതായി, അല്ലാഹു പ്രവാചകന്മാരുടെ കരങ്ങളിലൂടെ സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനു ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും, ശത്രുക്കൾ ശക്തി യാർജിക്കുകയും, പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിച്ചിരിക്കുന്നുവെന്ന് കരുതപ്പെടുകയും, ജമാഅത്ത് നാമാവശേഷമാവുമെന്ന് ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥിരചിത്തതക്ക് തകരാറ് സംഭവിക്കുകയും ചെയ്യുന്നു. തുടർന്ന് പല നിർഭാഗ്യവാന്മാരും പിന്തിരിഞ്ഞ് പോകാൻ സന്നദ്ധരാകുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട് ആപതിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ ആരാണോ അന്ത്യം വരെ സഹനം കൈകൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ (റ)വിന്റെ കാലത്ത് സംഭവിച്ചതു പോലെ. (അൽവസിയ്യത്ത് : 9)

തന്റെ ഖലീഫമാർ സത്യവിശ്വാസികളാൽ തിരഞ്ഞെടുക്കപ്പെടുകയും തന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുകയും ചെയ്യുന്നവരായിരിക്കുമെന്നും വാഗ്ദത്ത മസീഹ്(അ) പറയുന്നു; എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു മഹത്‌വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബൈഅത്ത് വാങ്ങട്ടെ./ഇങ്ങനെയുള്ള തെരഞ്ഞെടുപ്പ് സത്യവി ശ്വാസികളുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തോടെയായിരിക്കണം നടക്കേണ്ടത്. എന്റെ പേരിൽ ബൈഅത്ത് വാങ്ങിക്കുവാൻ അർഹനാണെന്ന് 40 വിശ്വാസികൾ ആരെപ്പറ്റിയാണോ യോജിച്ച അഭിപ്രായത്തിലെത്തുന്നത് അദ്ദേഹം എനിക്ക് ശേഷം ബൈഅത്ത് വാങ്ങട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസ കേന്ദ്രങ്ങളിൽ താമസിക്കുന്നവർ അവർ യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ അവർ സൽപ്രകൃതക്കാരാണെങ്കിൽ അവരെ എല്ലാവരേയും തൗഹീദിലേക്ക് ആകർഷിക്കുകയും ആ ദാസന്മാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യട്ടെ. (അൽവസിയ്യത്ത് : 11 റു.ഖ: 306/20)

ഇമാം മഹ്ദിയുടെ ഖലീഫമാർ തന്റെ വംശജരായിരിക്കുമെന്നും ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നു. സൂറഃ ജുമുഅഃ മൂന്നാം സൂക്തമായ, സ്വഹാബികളല്ലാത്ത മറ്റൊരു വിഭാഗത്തിലേക്കും നബി (സ)യെ നിയോഗിച്ചിട്ടുണ്ട്'എന്നർഥം വരുന്ന ഭാഗത്തിന്റെ വ്യാഖ്യാനമായി നബി(സ) പറഞ്ഞു; ***ഈമാൻ കാർത്തികയിലേക്കുയർന്നാലും ഇവരിൽ (പേർഷ്യൻ വംശജരിൽ) നിന്നുള്ള ചിലയാളുകൾ(മഹ്ദിയും ഖലീഫമാരും) അതിനെ വീണ്ടെടുക്കുന്നതാണ്. (ബുഖാരി 4615)*** വിശുദ്ധ ഖുർആന്റെ മറ്റൊരു സൂക്തത്തിലും ഈ കാര്യം ഉണർത്തുന്നുണ്ട്. ***നിങ്ങൾ(അറബികൾ) പിന്തിരിഞ്ഞു പോകുകയാണെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് നിങ്ങളല്ലാത്ത ഒരു ജനതയെ (അനറബികളെ) അവൻ പകരം കൊണ്ടുവരുന്നതാണ്. പിന്നീട് അവർ നിങ്ങളെപ്പോലെയാവുകയില്ല. (47:38)*** ഈ സൂക്തത്തിനും നബി(സ) പറഞ്ഞ വ്യാഖ്യാനം അവർ പാർസി വംശജരായിരിക്കുമെന്നാണ്. (ത്വബ്‌രി 43/2, തുർമുദി 3260).



ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ (റ)

മേൽ വിവരിച്ച യാഥാർഥ്യങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹിന്റെ ശേഷം മുസ്‌ലിം ഉമ്മത്തിൽ ഖിലാഫത്തു റാശിദ സ്ഥാപിതമാകൽ നിർബന്ധമാണ്. അതനുസരിച്ച് വാഗ്ദത്ത മസീഹിന്റെ വിയോഗാനന്തരം 1908 ൽ ഖിലാഫത്തു റാശിദക്ക് തുടക്കം കുറിച്ചു. ഇത്തരം ഖലീഫമാർ നിശ്ചയിക്കപ്പെടുന്നത് അല്ലാഹുവിന്റെ കരങ്ങളിലൂടെയായതിനാൽ ഓരോരുത്തരെ സംബന്ധിച്ചും മുൻഗാമികൾ അല്ലാഹുവിൽ നിന്ന് കിട്ടിയ വിവരമനുസരിച്ച് മുൻകൂട്ടി പ്രവചിക്കുകയും പല അടയാളങ്ങളും വിവരിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

1. ഖലീഫ ഒന്നാമൻ ഹദ്റത്ത് മൗലവി ഹഖീം നൂറുദ്ദീൻ(റ) (1908–1914)

ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു; മഹ്ദിക്കു ശേഷം മൻസൂർ വരും (പ്രത്യേക ദൈവ സഹായം ലഭിക്കുന്നവൻ) ..ഓ, യമനിലെ ആളു കളെ, മൻസൂർ നിങ്ങളിൽപെട്ടവൻ ആണെന്നാണോ നിങ്ങൾ പറയുന്നത്?. അല്ലാഹുവാണ അദ്ദേഹം ഖുറൈശി വംശജനായിരിക്കും. അദ്ദേഹത്തിന്റെ അങ്ങേ അറ്റത്തെ പിതാവ് വരെ വേണമെങ്കിൽ ഞാനെണ്ണിത്തരാം

(അലാമാത്തുൽ മഹ്ദി : 35).

ഇമാം മഹ്ദിക്കു ശേഷം അറബി വംശജനായ ഒരാൾ അവരുടെ അടുക്കൽ വന്ന് കർമ പദ്ധതി നടപ്പിൽ വരുത്തുന്നതായിരിക്കും. (ശംസുൽ മആരിഫിൽ കുബ്റ)

ഇമാം മഹ്ദിയുടെ ഖലീഫമാർ അജമികളായിരിക്കും. എന്നാൽ അവരുടെ വംശത്തിൽപെടാത്ത ഒരു ഹാഫിസ് അവർക്കു വേണ്ടിയുണ്ടാകും. അദ്ദേഹമായിരിക്കും പ്രധാനഖലീഫയും ശ്രേഷ്ടനായ വിശ്വസ്തനും. (ഫുതൂഹാത്തുൽമക്കിയ്യഃ 364/3)

മേൽപ്രവചനങ്ങളിൽ നാല് അടയാളങ്ങൾ പറഞ്ഞിട്ടുണ്ട്, (1) ഖുറൈശിയായിരിക്കും: ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രഥമ ഖലീഫയായ ഹദ്റത്ത് ഹക്കീം ഹാഫിസ് മൗലവി നൂറുദ്ദീൻ(റ) ഹദ്റത്ത് ഉമർ(റ)വിന്റെ മുപ്പത്തഞ്ചാമത്തെ സന്തതിയാണ്. അതായത് ഖുറൈശി വംശജനാണ്.

(2) ഹാഫിസായിരിക്കും: വിശുദ്ധ ഖുർആൻ മനഃപ്പാഠമുള്ള ഹാഫിസ് ആയിരുന്നു അദ്ദേഹം. എന്നല്ല, അദ്ദേഹത്തിന് മുമ്പുള്ള തുടർച്ചയായ പത്ത് പിതാക്കന്മാരും ഹാഫിസുമാരായിരുന്നു.

(3) മൻസൂർ ആയിരിക്കും: ആത്മീയവും ഭൗതീകവുമായി ഒരു മനുഷ്യന് ലഭിക്കാവുന്ന നിരവധി അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ അദ്ദേഹത്തിന്റെ ജീവിതം പഠിക്കുന്ന ആരും അദ്ദേഹം മൻസൂർ (പ്രത്യേക ദൈവ സഹായം ലഭിക്കുന്നവൻ) എന്ന വിശേഷണത്തിനു തികച്ചും അർഹനാണെന്ന് അംഗീകരിക്കും. അഹ്മദിയല്ലാത്ത, അലിഗഡ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകനായ, സർ സയ്യിദ് അഹ്മദ് ഖാൻ ഒരു കത്തിൽ ഹദ്റത്ത് ഹകീം നൂറുദ്ദീൻ(റ) നെസംബന്ധിച്ച് ഒരിക്കൽ പറയുകയുണ്ടായി. അജ്ഞൻ അഭിവൃദ്ധിപ്പെട്ടാൽ വിദ്വാൻ ആയി മാറും. വിദ്വാൻ ഉയർന്നാൽ തത്ത്വജ്ഞാനി, തത്ത്വജ്ഞാനി വളർന്നാൽ സ്വൂഫി, സ്വൂഫിയും ഉയർന്നാൽ മൗലാനാ നൂറുദ്ദീൻ ആയിത്തീരുന്നു. (സർ സയ്യിദിന്റെ കത്ത്; 8/3/1897).

(4) വിശ്വസ്തനായിരിക്കും:



ഹദ്റത്ത് മീർസാ ബശീറുദ്ദീൻ (റ)

നൂറുദ്ദീൻ(റ) ഹദ്റത്ത് അഹ്മദ് (അ)നെആദ്യമായി കണ്ടുമുട്ടിയതു മുതൽ തന്നെ അദ്ദേഹത്തിന്റെ ഒരു കറകളഞ്ഞ വിശ്വസ്തനായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ബൈ അത്തായിരുന്നു ഹദ്റത്ത് അഹ്മദ് (അ) ആദ്യം സ്വീകരിച്ചതും.

2. ഖലീഫ രണ്ടാമൻ ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) (1914 – 1965)

ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു; മഹ്ദിക്കു ശേഷം മൻസൂർ വരും. പിന്നീട് സലാം വരും. (അലാമാത്തുൽ മഹ്ദി :35)

പിന്നീട് ഖഹ്ത്വാനിയെ അമീറാക്കപ്പെടും. എന്നെ സത്യവുമായി നിയോഗിച്ചവനാണ് സത്യം, അദ്ദേഹം മഹ്ദിയെക്കാൾ ഒട്ടും പിന്നിലായിരിക്കില്ല. (അലാമാത്തുൽ മഹ്ദി :34)

മഹ്ദിക്ക് ശേഷം ഖഹ്ത്വാനിയുണ്ടാകും. അദ്ദേഹം മഹ്ദിയുടെ ദൗത്യം തന്നെ ഏറ്റെടുക്കും. അദ്ദേഹമായിരിക്കും പാശ്ചാത്യ രാജ്യങ്ങളിൽ വിജയമുണ്ടാക്കുക. (അലാമാത്തുൽ മഹ്ദി 72)

മഹ്ദിയുടെ കൊടിക്കീഴിൽ ലോലമായ താടിരോമങ്ങളും പിംഗല വർണമുള്ളവനുമായ പ്രായം കുറഞ്ഞ ഒരു യുവാവ് രംഗത്ത് വരും. അദ്ദേഹം പർവതത്തോടെ തിരിട്ടാൽ പർവതം തകർന്നു പോകും. (അലാമാത്തുൽമഹ്ദി 59)

അതിനു ശേഷം മഹ്മൂദ് രംഗത്തു വരും. യുദ്ധം കൂടാതെ തന്നെ അദ്ദേഹം ശാം അധീനപ്പെടുത്തും. ആ കാലത്ത് ഒരു മഹായുദ്ധമുണ്ടാകും. (ശംസുൽ മആരിഫുൽ കുബ്റഃ)

മഹ്ദിയുടെ കാലഘട്ടം വിജയപ്രഥമായി അവസാനിച്ചാൽ അതിനു ശേഷം അദ്ദേഹത്തിന്റെ പുത്രൻ തന്റെ സ്മരണയെ നിലനിർത്തുന്നതായിരിക്കും. (അൽ അർബഈൻ ഫീ അഹ്വാലിൽ മഹ്ദിയ്യീൻ)

മുകളിൽ പറഞ്ഞ 10 അടയാളങ്ങളിൽ

(1) നാമം മഹ്മൂദായിരിക്കും: ഹദ്റത്ത് അഹ്മദ്(അ)ന്റെ രണ്ടാം ഖലീഫയുടെ പേര് ഹദ്റത്ത് അൽ ഹാജ് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)എന്ന് തന്നെയാണ്. ഇദ്ദേഹത്തെക്കുറിച്ച് വാഗ്ദത്ത മസീഹും പ്രവചനം നടത്തിയിരുന്നു. പറഞ്ഞു; മഹ്മൂദ് അഹ്മദ് എന്ന് പേരുള്ളവനും തന്റെ പ്രവർത്തികളിൽ ഉലുൽഅസ്മ് ആയിരിക്കുന്ന വനുമായ മറ്റൊരു പുത്രൻ വളരെ അടുത്തുതന്നെ ജനിക്കുന്നതാണെന്നുള്ള വാഗ്ദത്തവും അവൻ (അല്ലാഹു) നൽകി. (തബ്ലീഗെരിസാല:120/1)

(2) വാഗ്ദത്ത മസീഹിന്റെ പുത്രനായിരിക്കും: ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രിയ പുത്രനായിട്ട് തന്നെയാണ് അദ്ദേഹം ഭുജാതനാകുന്നത്. വെറും സാധാരണ പുത്രനല്ല, വാഗ്ദത്ത പുത്രൻ. വാഗ്ദത്ത മസീഹിന് ഒരു പ്രത്യേക സന്താനമുണ്ടാകുമെന്ന് ഹദീസിൽ പ്രവചിക്കപ്പെട്ടതാണ്. കൂടാതെ, ഹദ്റത്ത് അഹ്മദ്(അ) തന്നെ ഇത് പ്രവചിച്ചിരുന്നു. പറയുന്നു; ആകയാൽ, നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവന പുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും. (മജ്മൂഅ ഇശ്തിഹാറാത്ത് : 100/1)

ഹദ്റത്ത് അഹ്മദ്(അ)ന് അവതരിച്ച ദിവ്യസന്ദേശത്തിൽ 52 അടയാള

ങ്ങൾ വാഗ്ദത്ത പുത്രനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 52 വർഷത്തെ തന്റെ ഖിലാഫത്ത് കാലം പഠിക്കുന്നവർക്ക് ഇതു മുഴുവനും പുലർന്നതായി കാണാൻ സാധിക്കു ന്നതാണ്.

ഹദ്റത്ത് മഹ്മൂദ് അഹ്മദ്(റ) 1944 ജനുവരി 5നും 6നും ഇടയിലുള്ള പാതിരാത്രിയിൽ അല്ലാഹുവിൽ നിന്ന് വ്യക്തമായ അറിയിപ്പ് കിട്ടിയതിനെതുടർന്ന് ജനുവരി 28ന് ഇങ്ങനെപ്രഖ്യാപിച്ചു; 'ഞാൻ അല്ലാഹുവിന്റെ കല്പനപ്രകാരം സത്യം ചെയ്തുകൊണ്ട് ഇപ്രകാരം പ്രഖ്യാപിക്കുന്നു. അല്ലാഹു എന്നെ മസീഹ് മൗഊദിന്റെ പ്രവചന പ്രകാരം ലോകത്തിന്റെ കോണുകളോളം മസീഹ് മൗഊദിന്റെ നാമം എത്തിക്കുന്ന അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രൻ ആക്കിയിരിക്കുന്നു.' (താരീഖെഅഹ്മദിയ്യത്ത്)

(3) വാഗ്ദത്ത മസീഹിന്റെ സദൃശ്യനായിരിക്കും: അതായത് അദ്ദേഹത്തിലും മസീഹിഗുണം ഉണ്ടായിരിക്കുമെന്നർഥം. ഹദ്റത്ത് അഹ്മദ്(അ) തന്റെ പ്രവചനത്തിലും ഇത് പറഞ്ഞിട്ടുണ്ട്. അതായത്, ഒമ്പതാമത്തെ അടയാളമായി അവൻ മസീഹീ ഗുണമുള്ളവനായിരിക്കും എന്നും, 47-ാമത്തെ അടയാളമായി രൂപലാവണ്യത്തിലും ഔദാര്യത്തിലും വാഗ്ദത്ത മസീഹിന്റെ പ്രതിപുരുഷനായിരിക്കും എന്നും പറയുന്നു. അത് അങ്ങനെത്തന്നെയായിരുന്നുവെന്നതിന് തന്റെ പ്രവർത്തനവും സ്വഭാവവും രൂപവും സാക്ഷിയാണ്. ശേഷമുള്ള വിശദീകരണത്തിൽ നിന്നും ഇത് മനസ്സിലാകുകയും ചെയ്യും.

(4) വാഗ്ദത്ത മസീഹിന്റെ ദൗത്യം ഏറ്റെടുത്തു പ്രവർത്തിക്കും: 1908 മെയ് 26 തിങ്കളാഴ്ച രാവിലെ 10.15 ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ഇഹലോക വേർപാട് നടന്ന സമയത്ത്, നബി (സ)യുടെ വഫാത്തിനു ശേഷം സംഭവിച്ചതുപോലെ, പ്രഗല്ഭരായ അംഗങ്ങൾ പോലും ജമാഅത്തിന്റെ ഭാവിയെപ്പറ്റി നിരാശരായികൊണ്ട് അന്ധാളിച്ചു നിന്നുപോയപ്പോൾ കേവലം 19 വയസ്സ് മാത്രം പ്രായമുള്ള വാഗ്ദത്ത മസീഹിന്റെ പുത്രൻ മഹ്മൂദ് അഹ്മദ്(റ) പ്രഖ്യാപിച്ചു.

ലോകം മുഴുവനും അങ്ങയുടെ ജമാഅത്തിനെ കൈവി ട്ടാലും ഞാൻ എന്റെ ഉത്തരവാദിത്വം നിർവഹിക്കുകതന്നെ ചെയ്യും. അങ്ങ് ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ നിയോഗിക്കപ്പെട്ടത് അത് പൂർത്തീകരിക്കാൻ ഞാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കും. (മുഖ്തസ്വർ താരീഖെ അഹ്മദിയ്യത്ത്:67) അതായത്, വാഗ്ദത്ത മസീഹിന്റെ ദൗത്യം അദ്ദേഹം സ്വയം ഏറ്റെടുത്തതായിരുന്നു. അതായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യവും. കൂടാതെ താൻ വാഗ്ദത്ത മഹ്ദീമസീഹിന്റെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതോടെ ഇത് പരിപൂർണമായി പുലരുകയും ചെയ്തു.

കൂടാതെ അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാനപരമായ അനേകം പദ്ധതികളും പ്രവർത്തനങ്ങളും ജമാഅത്തിന്റെ കെട്ടുറപ്പും അദ്ദേഹം മുഖേനയായിരുന്നു നിർവഹിക്കപ്പെട്ടിരുന്നത്. ജമാഅത്തിൽ ക്രമീകൃതമായ വ്യവസ്ഥയും നിരീക്ഷണ വ്യവസ്ഥയും തയ്യാറാക്കി. മുശാവറഃ (കൂടിയാലോചനാ) കമ്മിറ്റി രൂപീകരിച്ചു. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യയിൽ വ്യവസ്ഥാപിതമായ സെക്ഷനുകൾ സ്ഥാപിച്ചു. ഖാദിയാനിൽ യതീംഖാന സ്ഥാപിച്ചു. പാകിസ്താനിൽ 'റബ്‌വ' എന്ന പേരിൽ ജമാഅത്തിന് സങ്കേതം നിർമിച്ചു. രാജ്യ സുരക്ഷക്ക് വേണ്ടി സൈന്യത്തെ സംഘടിപ്പിച്ചു. ദാറുൽ ഇഫ്താഅ്, ദാറുൽഖളാഅ്, ഖിലാഫത്ത് ലൈബ്രറി എന്നിവ സ്ഥാപിച്ചു. 'അത്ഫാലുൽ അഹ്മദിയ്യ' എന്ന ബാലസംഘടനയും, 'ഖുദ്ദാമുൽഅഹ്മദിയ്യ'എന്ന യുവസംഘടനയും, 'അൻസ്വാറുല്ലാ' എന്ന മുതിർന്നവരുടെ സംഘടനയും, നാസ്വിറാത്ത് എന്ന ബാലികാസംഘടനയും, 'ലജ്നാഇമായില്ലാ' എന്ന മഹിളാസംഘടനയും അദ്ദേഹമാണ് സ്ഥാപിച്ചത്.

(5) വളരെ ചെറുപ്പത്തിൽ തന്നെ പ്രവർത്തനഗോധയിലിറങ്ങും: ഹദ്റത്ത് അഹ്മദ്(അ)ന് ലഭിച്ച വാഗ്ദാനത്തിൽ 46-ാമത്തെ അടയാളമായിപ്പറഞ്ഞത് അവൻ യുവത്വത്തിന്റെ അവസ്ഥയിലായിരിക്കും എന്നാണ്. വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം മുതിർന്നവർക്കുപോലും ചെയ്യാൻ സാധിക്കാത്ത പല സേവനങ്ങളും ദീനി രംഗത്ത് ചെയ്യുകയുണ്ടായി.

കേവലം 9 വയസ്സ് പ്രായമുള്ളപ്പോൾ തന്നെ ഖുർആന്റെ തർജമയും ബുഖാരിയും കുറച്ച് ചികിത്സയും ഏതാനും അറബി രിസാലകളും പഠിക്കുകയും, മദ്രസാ തഅ്ലീമുൽ ഇസ്‌ലാം ഖാദിയാനിൽ ചേരുകയും സത്യം സ്വയം പഠിച്ച് മനസ്സിലാക്കി ഹദ്റത്ത് അഹ്മദ്(അ)ന്റെ തിരുകരത്തിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. 10-ാം വയസ്സിൽ' അഞ്ചുമൻ ഹംദർദാനെഇസ്‌ലാം' (ഇസ്‌ലാമിക സഹകരണ സംഘം) എന്ന സംഘടന സ്ഥാപിച്ചു. 1921 ലാണ് മുതിർന്ന പണ്ഡിതന്മാർക്ക് വരെ ഐക്യ സംഘവും സഹകരണ സംഘവു മൊക്കെ സ്ഥാപിക്കാനുള്ള ബുദ്ധി യുദിച്ചത്. ഏതായാലും അവർക്കും മാതൃക അഹ്മദിയ്യത്തിന്റെ രണ്ടാം ഖലീഫ തന്നെയാണ്. 11-ാം വയസ്സിൽ 'അഞ്ചുമൻ തശ്ഹീദുൽ അദ്ഹാൻ' (വിവരമാർജന സംഘം)സ്ഥാപിച്ചു. 17ാം വയസ്സിൽ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ പ്രധാനകമ്മിറ്റിയിൽ അംഗമാവുകയും, 'തശ്ഹീദുൽ അദ്ഹാൻ' എന്ന പ്രസിദ്ധീകരണം തന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിക്കുകയും, ആദ്യമായി ഖാദിയാൻ വാർഷിക സമ്മേളന ത്തിൽ പ്രസംഗം നടത്തുകയും ചെയ്തു. 19-ാം വയസ്സിൽ 'സ്വാദിഖോൻ കി റോഷ്നി കൊകോൻ ദൂർ കർ സക്താ' (സത്യവാന്മാരുടെ പ്രകാശത്തെ കെടുത്താൻ ആർക്ക് സാധിക്കും) എന്ന പേരിൽ തന്റെ ആദ്യത്തെ രചന പ്രസിദ്ധീകരിക്കപ്പെടുകയും, ഖാദിയാനിൽ ആദ്യത്തെ പബ്ലിക്ക് ലൈബ്രറി സ്ഥാപിക്കുകയും ചെയ്തു. ഈ വയസ്സിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ ഭൗതീക ശരീരത്തിന്റെ അടുത്തുവച്ച് അദ്ദേഹത്തിന്റെ ദൗത്യമേറ്റെടുത്തുകൊണ്ട് നടത്തിയ പ്രഖ്യാപനം നേരത്തെ

നാം മനസ്സിലാക്കിയതാണല്ലോ. 21-ാം വയസ്സിൽ ഖാദിയാനിൽ മഗ്‌രിബ് നമസ്ക്കാര ശേഷം ഖുർആൻ ക്ലാസ് ആരംഭിക്കുകയും, ഒന്നാം ഖലീഫഃ യാത്ര പോയതിനെതുടർന്ന് ആദ്യമായി സ്ഥലത്തെ അമീറായി നിശ്ചയിക്കപ്പെടുകയും, ആദ്യമായി ജുമുഅഃ ഖുത്ബഃ നടത്തുകയും, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ അമീറായി നിശ്ചയിക്കപ്പെടുകയും ചെയ്തു. 22-ാം വയസ്സിൽ ഒന്നാം ഖലീഫ സ്വയം തന്നെ അംഗമാകു ന്നതായി പ്രഖ്യാപിച്ച 'അഞ്ചുമൻ അൻസ്വാറുല്ലാ' എന്ന ആത്മീയ സംഘടന സ്ഥാപിച്ചു. 23-ാം വയ സ്സിൽ അറബ് രാജ്യം സന്ദർശിക്കു കയും പരിശുദ്ധ ഹജ്ജ് കർമം നിർവഹിക്കുകയും ചെയ്തു. 24-ാം വയസ്സിൽ, ലാഹോറിൽ നിന്നും ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ചു വന്നിരുന്ന അൽഫസൽ പത്രം ഖാദിയാനിൽ നിന്നും പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 25-ാം വയസ്സിൽ 'ഇശാഅത്തെ ഇസ്ലാം കി മുൽക് ഗീർ' (മുഴുരാജ്യ ഇസ്ലാമിക പ്രചരണം) എന്ന ഒരു സ്ക്കീം തയ്യാറാക്കുകയും, 'അദ്ദഅ് വത്തു ഇലൽഖൈർ' (നന്മയിലേക്കുള്ള ക്ഷണം) എന്ന ഒരു ഫണ്ട് രൂപികരിക്കുകയും ചെയ്തു. ഖലീഫയാകുന്നതിന് മുമ്പ് തന്നെ ഇത്രയും പ്രവർത്തനങ്ങൾ നടത്തിയതിന് ശേഷം 1914ൽ കേവലം 25 വയസ്സുള്ള യുവാവായിരിക്കെത്തന്നെയാണ് ആഗോള ഇസ്ലാമിക പ്രസ്ഥാനത്തിന്റെ അമരസ്ഥാനത്ത് വരുകയും വാഗ്ദത്ത മസീഹിന്റെ ദൗത്യം സമ്പൂർണമായി ഏറ്റെടുക്കുകയും ചെയ്യുന്നത്.

(6) തന്റെ ഖിലാഫത്തുകാലത്ത് ഒരു മഹായുദ്ധമുണ്ടാകും: അദ്ദേഹം ഖിലാഫത്തേറ്റെടുത്ത വർഷമായ 1914നാണ് നമുക്കെല്ലാം അറിയാവുന്നത് പോലെ ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നത്. രണ്ടാം ലോക മാഹായുദ്ധവും അദ്ദേഹത്തിന്റെ കാലത്ത് തന്നെയാണ് നടന്നത്.

(7) 'സലാം'അഥവാ രക്ഷകൻ എന്ന വിശേഷണം ഉണ്ടായിരിക്കും: ഹദ്റത്ത് അഹ്മദ്(അ)ന് ഇറങ്ങിയ വഹ്‌യിൽ 10-ാമത്തെ അടയാളമായി അവൻ റൂഹുൽ ഹഖിന്റെ അനുഗ്രഹത്താൽ പലരുടേയും രോഗശമനത്തിനു കാരണമായിത്തീരും എന്നും, 34-ാമത്തെ അടയാളത്തിൽ അവൻ ബന്ധനസ്ഥരുടെ മോചനത്തിനു കാരണമായിത്തീരും എന്നും കൂടി പറഞ്ഞിട്ടുണ്ട്. ബാഹ്യമായും ആന്തരികമായും ജമാഅത്ത് പ്രതിസന്ധിയിലാവുകയും ജമാഅത്തിന്റെ സാമ്പത്തിക സ്രോതസ്സായ ബൈത്തുൽമാൽ വരെ ശത്രുക്കൾ കൈവശപ്പെടുത്തുകയും ചെയ്ത അതിസങ്കീർണ മായ അവസ്ഥയിൽ നിന്ന് ജമാഅത്തിനെസുരക്ഷിതമാക്കുകയും, ഇന്ത്യാപാക്ക് വിഭജനസമയത്ത് ജീവനും സ്വത്തും അഭിമാനവും പിച്ചിച്ചീന്തപ്പെടുന്ന അവസ്ഥയിൽ നിന്ന് അനുയായികളെ സുരക്ഷിതരായി മാറ്റിത്താമസിപ്പിക്കുകയും, ജമാഅത്തെ ഇസ്ലാമിസ്ഥാപക നായ മൗദൂദിക്ക് വരെ സ്വന്തം കേന്ദ്രം നഷ്ടപ്പെട്ട അവസ്ഥയിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കേന്ദ്രമായ ഖാദിയാൻ പ്രദേശത്തെ തന്റെ മകന്റെ നേതൃത്വത്തിൽ മുന്നൂറ്റിപ്പതിമൂന്ന് ത്യാഗികളായ അനുചരന്മാരെ കാവൽ നിർത്തിക്കൊണ്ട് രക്ഷപ്പെടുത്തുകയും, സ്ത്രീകളേയും ബലഹീനരേയും അത് പോലെ ജമാഅത്തിന്റെ മുഴുവൻ രേഖകളും ഹെലിക്കോപ്ടർ വഴി സുരക്ഷിത സ്ഥാനത്തെത്തിക്കുകയും ചെയ്തുകൊണ്ട് അവർക്ക് അദ്ദേഹം രക്ഷകനായി.

'തഹ്‌രീഖ് ആസാദിയെ കശ്മീർ' എന്ന പദ്ധതി വിജയിപ്പിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ പ്രവർത്തനഫലമായും, ഇന്ത്യാപാക്കിലുള്ള പ്രഗല്ഭരായ മുസ്ലിം നേതാക്കന്മാരായ സർ ദുൽഫുഖാർ അലി ഖാൻ, അല്ലാമ ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ , ഖാജാ ഹസൻ നിസാമി ദഹ്‌ലവി, സിയാസത്ത് പത്രത്തിന്റെ എഡിറ്റർ സയ്യിദ് ഹബീബ് തുടങ്ങിയവരുടെ അഭിപ്രായപ്രകാരവും 1931 ജൂലൈ 25 ന് ശിംലയിൽ ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഇതിന്റെ അദ്ധ്യക്ഷ പദവി ഹദ്റത്ത് മഹ്മൂദ് അഹ്മദ്(റ) നായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വ പാഠവം കാരണം ദീർഘകാലമായി നിസ്സാരമായ മനുഷ്യാവകാശം പോലും നിഷേധിക്കപ്പെട്ടുകൊണ്ട് അടിമത്തത്തിൽ കഴിഞ്ഞിരുന്ന കശ്മീരികൾക്ക് ഒരു ചെറിയ കാലത്തിനിടയിൽ തന്നെ സ്വാതന്ത്ര്യം ലഭിക്കുകയുണ്ടായി. അവരുടെ സാമൂഹികവും മൗലീകവുമായ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടു. ആ നാട്ടിൽ ആദ്യമായി നിയമനിർമാണ സഭ രൂപീകരിക്കപ്പെട്ടു. എഴുതാനും പറയാനുമുള്ള സ്വാതന്ത്ര്യം ലഭിച്ചതോടെ അവർക്കതിൽ പ്രാതിനിധ്യം ലഭിക്കുകയും ചെയ്തു. അങ്ങനെഅദ്ദേഹം മുസ്ലിം ഉമ്മത്തിനുതന്നെ രക്ഷകനായി.

മുസ്ലിം പ്രസ്സ് ഹദ്റത്ത് മഹ്മൂദ് അഹ്മദ്(റ)നെശ്ലാഘിച്ചുകൊണ്ട് ഇത്രവരെ എഴുതുകയുണ്ടായി. കാശ്മീരികളുടെ അവസ്ഥവളരെ പരിതാപകരമായിരുന്ന ആ നാളുകളിൽ വിശ്വാസ വൈപരീത്യം നിലനിൽക്കേ തന്നെ മിർസാ സാഹിബിനെഅതിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തവർക്ക് പിന്നീടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഈ തിരഞ്ഞെടുപ്പ് എന്തുകൊണ്ടും ഉചിതമായിരുന്നു എന്ന് ബോധ്യമാകുന്നതാണ്. വിശ്വാസ വൈപരീത്യത്തിന്റെ പേരിൽ അപ്പോൾ മിർസാ സാഹിബിനെതിരഞ്ഞെടുത്തില്ലായിരുന്നു വെങ്കിൽ ഈ പദ്ധതി തീർച്ചയായും പരാജയമടയുമായിരുന്നു. മുസ്ലിം ഉമ്മത്തിന് വലിയ നഷ്ടമായിരിക്കും അതുകൊണ്ടുണ്ടാകു ന്നത്. (സിയാസത്ത്പത്രം:18/5/1933). കൂടാതെ, കാശ്മീരിൽ മുസ്ലിംകൾ പിന്നീട് അരക്ഷിതാവസ്ഥയിലായപ്പോൾ 'ഫുർഖാൻ ഫോഴ്സ്' എന്ന ഒരു സേനാവിഭാഗം തന്നെ രൂപീകരിച്ചുകൊണ്ട് അദ്ദേഹം തന്നെയാണ് വീണ്ടും അവർക്ക് രക്ഷകനായത്. ഇതിനെല്ലാം ഉപരി അദ്ദേഹം മുഖേന യുണ്ടായ ആത്മീയമായ രക്ഷ വേറെയും.

(8)ഖഹ്ത്വാനിയെന്ന വിശേഷണമുണ്ടായിരിക്കും: ഇതിന്റെ ഉദ്ദേശം എന്താണെന്ന് കൃത്യമായി ഈ വിനീതന് മനസ്സി


ലായിട്ടില്ല. ഖഹ്ത് എന്നാൽ ക്ഷാമം എന്നാണർഥം. ബൈത്തുൽ മാൽ അടക്കം ജമാഅത്തിന്റെ സാമ്പത്തിക സ്രോതസ്സ് തന്നെ ശത്രുക്കൾ കൊണ്ട് പോയക്ഷാമത്തിന്റേയും പ്രതിസന്ധിയുടേയും സമയത്ത് വരുന്നവൻ എന്നായിരിക്കാം. കൂടുതൽ അല്ലാഹുവിനറിയാം.

(9) അദ്ദേഹത്തിനുമുമ്പിൽ പർവതങ്ങൾ പോലും തകർന്നു പോകും: ഇത് അദ്ദേഹത്തിന്റെ അസാമാന്യ ധൈര്യത്തെയാണ് വ്യക്തമാക്കുന്നത്. വാഗ്ദത്ത പുത്രനെക്കുറിച്ച് വാഗ്ദത്ത മസീഹ്(അ) പറഞ്ഞതും അവൻ ഉലുൽ അസ്മ് (അസാമാന്യ ധൈര്യശാലി) ആയിരിക്കുമെന്നാണ്. ഹദ്റത്ത് മഹ്മൂദ് അഹ്മദ്(റ)നെസംബന്ധിച്ച് അനഹ്മദിയായ പ്രസിദ്ധ എഴുത്തുകാരൻ ഖാജാ ഹസൻ നിസാമി ദഹ്‌ലി എഴുതുന്നു അദ്ദേഹം കൂടുതലും രോഗാവസ്ഥയിലായി രിക്കും എന്നാൽ ഈ രോഗങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തന ചടുലതയിൽ ഒരു വിഘ്നവും ഉണ്ടാക്കിയിട്ടില്ല. എതിർപ്പിന്റെ കൊടുങ്കാറ്റുകളിൽ സമാധാനത്തോടെ പ്രവർത്തിച്ചു കൊണ്ട് മുഗളന്മാരുടെ ധീരത പ്രകടിപ്പിക്കുകയുണ്ടായി. മുഗളന്മാരെപ്പോലെ പ്രവർത്തനത്തിൽ പ്രത്യേക പാഠവം അദ്ദേഹത്തിൽ കാണാവുന്നതാണ്. രാഷ്ട്ര തന്ത്രജ്ഞനും മതവിജ്ഞാനരംഗത്ത് നല്ല പരിജ്ഞാനമുള്ള വ്യക്തിത്വവുമാണ്. യുദ്ധതന്ത്രങ്ങൾ അറിയുന്നവനുമാണ്. അതായത് ബൗദ്ധികവും രചനാത്മകവുമായ രീതിയിൽ ധീരനായ പടനായകനാണദ്ദേഹം. (അഖ്ബാർ ആദിൽ ഡൽഹി : 24/4/1933)

(10) പാശ്ചാത്യരാജ്യങ്ങളിൽ സന്ദർശനം നടത്തും: വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിലും 35-ാമത്തെ അടയാളമായി പറയു ന്നത് 'ലോകത്തിന്റെ അറ്റത്തോളം അവന്റെ കീർത്തി പരക്കും' എന്നാണ്. കൂടാതെ, അവൻ മുഖേന സത്യം പടർന്ന് പന്തലിക്കുകയും അധികമായി ജനങ്ങൾ സത്യം സ്വീകരിക്കുകയും ചെയ്യുന്നതാണെന്നും അല്ലാഹു വാഗ്ദത്ത മസീഹിനെ അറിയിച്ചിട്ടുണ്ട്.

ഹദ്റത്ത് മഹ്മൂദ് അഹ്മദ്(റ) പുറം രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ വേണ്ടി 'തഹ്‌രീക്കെ ജദീദ്' എന്ന ഒരു പ്രത്യേക പദ്ധതി തന്നെ തുടങ്ങിവച്ചു. ഇന്നും അത് തുടരുന്നു. പുറം രാജ്യങ്ങളിലേക്ക് മിഷണറിമാരെ നിയോഗിച്ചു. മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) മുഖേനഅമേരിക്കയിൽ മിഷൻ സ്ഥാപിച്ചു. സൂഫി ഗുലാം മുഹമ്മദ് സാഹിബ്(റ)മുഖേന സിലോണിലും മാരീഷിലും അഹ്മദിയ്യ മിഷൻ സ്ഥാപിച്ചു. ദിമശ്ഖ്, ഇറ്റലി, ലണ്ടൻ തുടങ്ങിയ രാജ്യങ്ങൾ നേരിൽ സന്ദർശിച്ചു. ലണ്ടനിലെ മസ്ജിദ് ഫസലിനു വേണ്ടിയുള്ള ചന്ദ പദ്ധതി നടപ്പിലാക്കി. അവിടെ മസ്ജിദ് അഹ്മദിയ്യക്ക് വേണ്ടി ഭൂമി വാങ്ങുകയും സ്വന്തമായി അഹ്മദിയ്യാമിഷൻ ഹൗസ് സ്ഥാപിക്കുകയും ചെയ്തു. രാജാക്കന്മാർക്കും നേതാക്കന്മാർക്കും പ്രബോധനമെത്തിക്കാൻ വേണ്ടി 'തുഹ്ഫത്തുൽ മുലൂക്ക് എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. പാശ്ചാത്യ ലോക ത്ത് ഇസ്‌ലാമിക പ്രചരണത്തിന്റെ ഒരു വിപ്ലവം തന്നെ അദ്ദേഹം നടത്തി. അദ്ദേഹത്തിന്റെ കാലത്ത് 35 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടു. വിവിധഭാഷകളിൽ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടു. മിഷനുകൾ തുറന്നു.

പാകിസ്താൻ രൂപീകരണത്തിനു മുമ്പ് 'ഇസ്ഹാരെ ഹഖ്' (സത്യം വെളിപ്പെടുത്തൽ) എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ഒരു നോട്ടീസിൽ ഒരു അനഹ്മദി പണ്ഡിതനായ സമീഉല്ലാഖാൻ സാഹിബ് ഫാറൂഖി, പറയുന്നു ഹക്കീം സാഹിബിന്റെ വഫാത്തിനു ശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫയായി നിയമിക്കപ്പെട്ടു. അഹ്മദിയ്യത്തിന് അദ്ദേഹത്തിന്റെ കാലത്തുണ്ടായ പുരോഗതി അത്ഭുതകരമാണെന്നത് തികച്ചും സത്യമാണ്. മിർസാ സാഹിബിന്റെ കാലത്ത് അഹ്മദികളുടെ എണ്ണം വളരെ കുറവായിരുന്നു. ഖലീഫ നൂറുദ്ദീന്റെ കാലത്തും അത്രകണ്ട്


ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ)

പുരോഗതി കൈവരിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴുള്ള ഖലീഫയുടെ കാലത്ത് മിർസായിയ്യത്ത് ലോകത്തിന്റെ എല്ലാ പ്രദേശത്തും എത്തിയിരിക്കുന്നു. അടുത്ത സെൻസസ് കണക്കെടുപ്പിൽ മിർസായികളുടെ എണ്ണം 1931 നെഅപേക്ഷിച്ച് ഇരട്ടിയേക്കാളും അധികമായിരിക്കും. ഇക്കാലത്താണെങ്കിൽ മിർസായിയ്യത്തിനെനശിപ്പിക്കുന്നതിനായി ചെയ്യപ്പെടുന്ന സുസംഘടിതമായ പ്രവർത്തനം ഇതിനുമുമ്പ് ഉണ്ടായിട്ടേയില്ല. (ഇസ്ഹാരെ ഹഖ് : 17)

വിശുദ്ധ ഖുർആന്റെ വ്യാഖ്യാതാവും സിദ്ഖെ ജദീദിന്റെ എഡിറ്ററുമായ മൗലാനാ അബ്ദുൽ മാജീദ് ദരിയാബാദി ഹദ്റത്ത് മഹ്മൂദ്(റ)ന്റെ വഫാത്ത് വേളയിൽ എഴുതി; ഖുർആനും ഖുർആന്റെ ജ്ഞാനവും അതിന്റെ ആഗോള പ്രചരണത്തിനും ഭൂതലമാകെയുള്ള ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനത്തിനും ഇദ്ദേഹം തന്റെ ദീർഘകാല ജീവിതത്തിൽ ചെയ്ത ധീരോദാത്തമായ പ്രവർത്തനങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. (ഖാലിദ് മാസിക 2008 ജൂൺ)

ഇന്ത്യയിലെ സിഖ് എഴുത്തുകാരനും രങ്കീണ് അമൃതസർ പത്രത്തിന്റെ എഡിറ്ററുമായ അർജുൻ സിംഗ് എഴുതുന്നു. ഈ മകൻ ലോകത്ത് വലിയ വിപ്ലവം സൃഷ്ടിച്ചിരിക്കുന്നു എന്ന യാഥാർഥ്യം നാം കാണുകയും ചെയ്യുന്നു. (ഖലീഫ

യെ ഖാദിയാൻ : 7,8)

3. ഖലീഫ മൂന്നാമൻ ഹദ്റത്ത് മിർസ നാസിർ അഹ്മദ്(റഹ്) (1965 – 1982)

ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു; മഹ്ദിക്കു ശേഷം മൻസൂർ വരും. പിന്നീട് സലാം വരും പിന്നീട് ഇബ്നുൽ അസ്ബ് വരും. (അലാമാത്തുൽ മഹ്ദി)

സ്പെയിൻ നാടും അതിലെ നിവാസികളും ക്രിസ്ത്യൻ ആധിപത്യത്തിൽ അകപ്പെടുമ്പോൾ ഇമാം മഹ്ദിയുടെ ഗ്രന്ഥങ്ങൾ മുഖേനമുസ്ലിംകൾ ഉദ്ബുദ്ധരാവും. അന്ന് മഹ്ദിയുടെ പ്രസ്ഥാന നായകൻ (ഖലീഫ) നാസിറുദ്ദീൻ ആയിരിക്കും. (മുഖ്തസർ തദ്ക്കിറത്തുൽ ഖുർത്തുബി)

തൽമൂദിൽ പറയുന്നു: മസീഹിന്റെ വിയോഗശേഷം(തന്റെ വംശത്തിൽ നിന്ന്) തന്റെ പുത്രനും പിന്നീട് പൗത്രനും ആത്മീയരാജാവാകും.(തൽമൂദ്: അദ്ധ്യായം 5)

ഇവിടെ പറഞ്ഞ നാല് അടയാളങ്ങളിൽ (1) പേര് നാസിറുദ്ദീൻ ആയിരിക്കും: ഹദ്റത്ത് അഹ്മദി (അ)ന്റെ മൂന്നാം ഖലീഫയുടെ പേരും ഹദ്റത്ത് ഹാഫിസ് നാസിർ അഹ്മദ് സാഹിബ് എന്നാണ്. അതിനുപുറമെ, ദീനിന്റെ സഹായി എന്ന അർഥത്തിൽ നോക്കിയാലും അദ്ദേഹം 'നാസിറുദ്ദീൻ' തന്നെയാണ്.

(2) ഇമാം മഹ്ദിയുടെ പൗത്രനായിരിക്കും: ഹദ്റത്ത് നാസിർ അഹ്മദ് സാഹിബ്(റഹ്) ഇമാം മഹ്ദിയുടെ വാഗ്ദത്ത പുത്രനും രണ്ടാം ഖലീഫയുമായ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകനാണ്.

(3) ഇബ്നുൽ അസ്ബ് ആയിരിക്കും: ഇതിന്റെ അർഥം ശക്തമായ പേശിയുള്ളവൻ എന്നും യുദ്ധനിപുണൻ എന്നുമാണ്. ഹദ്റത്ത് നാസിർ അഹ്മദ് സാഹിബ്(റഹ്) ആജാനബാഹുവും ദൃഢപേശിയുള്ളവനും പട്ടാളത്തിൽ ജോലിചെയ്യുകയും യുദ്ധത്തിൽ വരെ പങ്കെടുക്കുകയും ചെയ്ത വ്യക്തിയുമായിരുന്നു. ഇന്ത്യാ പാക്ക് സംഘർഷ സമയത്ത് അതിസാഹസികമായി ജമാഅത്തംഗങ്ങളെ സുരക്ഷിത സ്ഥാനത്തെത്തിക്കാൻ ഖലീഫ ചുമതലപ്പെടുത്തിയത് ഇദ്ദേഹത്തെയായിരുന്നു. യുദ്ധഭൂമിക്ക് മുകളിലൂടെ ഹെലിക്കോപ്ടർ പറത്തുന്നതിന് നതൃത്വം നൽകിയാണ് ഇദ്ദേഹം ആ സാഹസിക പ്രവർത്തനം വിജയപ്രദമായി നിർവഹിച്ചത്.

(4) സ്പെയിനിൽ ഇസ്ലാമിക മുന്നേറ്റം നടത്തും: നബി(സ) യുടെ മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ(റ)വിനാൽ ഇസ്ലാമിക മുന്നേറ്റത്തിനു തുടക്കം കുറിച്ച സ്പെയിനിൽ, ഏകദേശം ഏഴ് നൂറ്റാണ്ട് നീണ്ടു നിന്ന ക്രിസ്തീയ ആധിപത്യത്തിനു ശേഷം വാഗ്ദത്ത മസീഹിന്റെ മൂന്നാം ഖലീഫ ഹദ്റത്ത് നാസിർ അഹ്മദ് (റഹ്) യുടെ കാലത്താണ് വീണ്ടും ഇസ്ലാമികമുന്നേറ്റത്തിന് തുടക്കം കുറിക്കുന്നത്. 1980 ഒക്ടോബർ ഒമ്പതാം തീയതി സ്പെയിനിൽ ബിശാറത്ത് മസ്ജിദിന്റെ ശിലാസ്ഥാപനകർമം അദ്ദേഹം നിർവഹിച്ചു.

തുടരും

---

**പേജ് 6 ൽ നിന്നും തുടർച്ച**

ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി (അ) ന്റെ നുബുവ്വത്ത് കാലത്തിന്റെ സദൃശനായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി (സ) യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു. മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങിനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (അ) ഫിർഔനും അയാളുടെ സൈന്യത്തിനും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകയും എല്ലാവരെയും നശിപ്പിച്ചു കൊണ്ട് ഇസ്ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈ വികസഹായം മുഖേന ***'ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു' (73:16)***

അവസാന കാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലർന്നിരിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താൽപര്യമില്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാവുകയും ചെയതപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാഭരണത്തിന് കീഴിലായി. ഹദ്റത്ത് മൂസാ നബി (അ) ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. അദ്ദേഹത്തിൽ ഇസ്റായേലി നുബുവ്വത്ത് പരമ്പര അവസാനിക്കുകയും ചെയ്തിരുന്നു. (ലക്ചർസിയാൽ കോട്ട്)

# കളവ് : ഒരു മൗദൂദിയൻ വിചിത്ര വാദം

**ഇസ്‌ലാം മതത്തെ ശുദ്ധ രാഷ്ട്രീയ പ്രസ്ഥാനമാക്കി മാറ്റുന്ന മൗലാനാ മൗദൂദി ഇസ്‌ലാമിൽ കളവ് പറയൽ അനുവദനീയ മാണെന്ന് മാത്രമല്ല ചിലപ്പോൾ നിർബന്ധം കൂടിയാണെന്ന് പറയുന്നു.**

എം. മാലിക്ക് പഴയങ്ങാടി

അമേരിക്കൻ പ്രസിഡന്റ് റീഗന്റെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന മിസ്റ്റർ ഷുൾട്ട്സ് തന്റെ വൈറ്റ് ഹൗസ് ജീവിതാനുഭവങ്ങളുടെ ഓർമകുറിപ്പിൽ, പാക്ക് പട്ടാള പ്രസിഡന്റായിരുന്ന ജനറൽ സിയാവുൽ ഹഖ് ഒരമേരിക്കൻ സന്ദർശന വേളയിൽ ഇസ്‌ലാമിൽ നുണ പറയാൻ അനുമതിയുണ്ടെന്ന് തന്നോട് പറഞ്ഞതായി അതിശയത്തോടെ രേഖപ്പെടുത്തിയിരുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജി ഊൻ!!

ഇസ്‌ലാമിൽ നുണ പറയൽ വാജിബാണെന്ന (നഊദു ബില്ലാഹ്) ജനറൽ സിയാ എന്ന ഈ മഹാ പ്രതിഭയുടെ കണ്ടെത്തൽ തന്റെ മതഗുരുവായ മൗലാനാ മൗദൂദിയുടെ കൂടി സംഭാവനയാണ്. ജനറൽ സിയ അപകടത്തിൽപെട്ട് മരിക്കുന്നത് വരെ മൗലാനാ മൗദൂദി സിയായുടെ മത ഉപദേഷ്ടാവും ഗുണകാംക്ഷിയും ഗുണഭോക്താവുമായിരുന്നു എന്നും ഓർക്കുക.

ഒരു ചെറിയ മുസ്‌ലിം വായനാവൃത്ത ത്തിൽ ഒതുങ്ങിയമർന്നു പോകുമാ യിരുന്ന ഈ മൗദൂദിയൻ നുണാനു വാദ സിദ്ധാന്തം സിയായുടെ വിടു വായത്തം കാരണം കടലും കടന്ന് പുറം ലോകമറിയാനും ഇസ്‌ലാമിന് ചീത്ത പേര് നേടിക്കൊടുക്കാനും കാരണമായി. 'കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ' എന്ന ഖുർആൻ വചനവും 'കളവ് സകല തിന്മകളുടെയും മാതാവാകുന്നു' എന്ന നബി വചനവും ഓർക്കുക.

'സത്യ സന്ധതയും ആർജവവും ഇസ്‌ലാമിൽ അതിപ്രാധാനമാണ്. അതിന്റെ ദൃഷ്ടിയിൽ കളവ് ഏറ്റവും നീചമായ തിന്മയാണെന്നും പ്രായോഗിക ജീവിതത്തിൽ ചില ആവശ്യഘട്ടങ്ങളിൽ കളവ് പറയുന്നതിന് അനുമതി ഉണ്ടെന്ന് മാത്രമല്ല ചില സാഹചര്യങ്ങളിൽ അത് നിർബന്ധം കൂടിയാണെന്ന് പോലും ഫത്‌വ ചെയ്യപ്പെട്ടി രിക്കുന്നു' - അബുൽ അഅ്‌ലാ മൗദൂദി, തർജുമാനുൽ ഖുർആൻ മെയ് 1958)

എന്തിനാണ് ഒരാൾ കളവിനെ കൂട്ടുപിടിക്കുന്നത്? ഉത്തരം വ്യക്തമാണ്. തന്റേതല്ലാത്തതോ തനിക്ക് അവകാശപ്പെടാത്തതോ സ്വന്തമാക്കുകയോ സ്വന്തമാക്കുവാൻ ശ്രമിക്കുകയോ ചെയ്യുകയും എന്നിട്ട് മറ്റുള്ളവർ അറിയുകയോ പിടിക്കപ്പെടുകയോ ചെയ്താലുണ്ടാകുന്ന ജാള്യത, മാനഹാനി, ശിക്ഷ മുതലായവയിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിന്റെ ഭാഗമായി അക്കാര്യം നിഷേധിക്കുകയും ചെയ്യുക. കളവിന്റെ നിർവചനം ഏതാണ്ടി പ്രകാര മത്രേ.

ഈയ്യാക്കനസ്തയീം എന്നത് സൂറ: ഫാത്തിഹായിലെ പ്രാർഥനയുടെ വിപരീത ദിശയിലാണ്. കാരണം നുണ പറയുന്ന ആൾ അല്ലാഹുവിനോടല്ല, മറിച്ച് കളവിനോടാണ് സഹായം തേടുന്നത്. അത്കൊണ്ടാണ് വാഗ്ദത്ത മസീഹും കാലത്തിന്റെ ഇമാമുമായ ഹക്കമൻ അദലൻ (നീതിമാനായ വിധികർത്താവ്) കളവ് പറയുന്നത് ശിർക്കാണെന്ന് വിധിച്ചത്.

ഉണ്ണാത്തവന് ഇലയും ഉണ്ടവന് പായയും എന്നതാണ് എക്കാലത്തും കളവിന്റെ പ്രലോഭന രീതിശാസ്ത്രം. ആഗ്രഹങ്ങളെ ആവശ്യങ്ങളായും ആവശ്യങ്ങളെ അത്യാവശ്യങ്ങളായും പിന്നീട് അത്യാഗ്രഹങ്ങളായും കളവ് മാറ്റുന്നു. അതു കൊണ്ടാണ് കളവിന്റെ ഈ അവസ്ഥാ ഭേദങ്ങൾക്കനുസരിച്ച് അനുമതിയുടെ തലത്തിൽ നിന്നും നിർബന്ധ ത്തിന്റെ നിലയിലേക്ക് മൗലാനാകളവിന് സ്ഥാനക്കയറ്റം നൽകുന്നത്.

നുണപറയാൻ ഭയമോ സങ്കോചമോ വേണ്ടെന്ന് വരികൾക്കിടയിൽ വായിച്ചെടുക്കാവുന്ന രീതിയിലാണ് മൗലാനയുടെ ഫത്‌വ. ഫത്‌വയുടെ തുടക്കത്തിൽ സത്യസന്ധതയും ആർജവവും ഇസ്‌ലാമിലെ അതി പ്രധാനമായ തത്ത്വങ്ങളിൽ പ്പെട്ടതാണെന്ന് പറയുന്നുണ്ട്. എന്നിട്ടും ഈ അതിപ്രധാന തത്ത്വം തനിക്ക് ബാധകമല്ലെന്ന മട്ടിൽ ഫത്‌വയുടെ പിതൃത്വം വെളിപ്പെടുത്താനുള്ള ആർജവം അദ്ദേഹം കാണിക്കാതിരിക്കുന്നു. 'ഫത്‌വ ചെയ്യപ്പെട്ടിരിക്കുന്നു' എന്ന് എങ്ങും തൊടാതെയുള്ള ഒരു നപുംസകപ്രസ്താവനയിലൂടെ മൗദൂദി സാഹിബ് ഫത്‌വയുടെ പിതൃത്വത്തെ ഇരുട്ടിൽ നിർത്തിയത് എന്തിനാണ്? ഈ സംശയം അസ്ഥാനത്താണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. ഫത്‌വയുടെ പിതാവ് താനാണെന്ന് നാലാൾ അറിയുന്നതിലെ നാണക്കേടും നുണ പറയുന്നത് മാന്യന്മാർക്ക് ചേർന്നതല്ലെന്ന് പണ്ടേ കേട്ട് പഠിച്ച പാഠവും അദ്ദേഹത്തെ ഈ നുണ പറയൽ അനുവാദ ഫത്‌വയുടെ പിതൃത്വം അവകാശപ്പെടുന്നതിൽ നിന്നും തടഞ്ഞതായിരിക്കാം.

കളവെന്ന നീചമായ തിന്മയുടെ (പദപ്രയോഗം ഫത്‌വയിലേത്) സഹായമില്ലാതെ പ്രായോഗിക ജീവിതം അസാദ്ധ്യമാണെന്ന ജൈവ

ഘടനയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെങ്കിൽ അതേ മനുഷ്യനെ കളവു പറയുന്നതിന്റെ പേരിൽ ദൈവം ശപിക്കുന്നതിൽ നഊദുബില്ലാഹ് വൈരുദ്ധ്യമുണ്ട് എന്ന് പറയേണ്ടി വരും. കൂടാതെ മനുഷ്യന്റെ പ്രായോഗിക ജീവിതത്തെക്കുറിച്ച് മൗലാനയോളം ധാരണ സ്രഷ്ടാവായ അല്ലാഹുവിനില്ല എന്ന (നഊദുബില്ലാഹ്) ദുസ്സൂചനയും ഇതിലുണ്ട്. ഈ ദുസ്സൂചനയും വൈരുദ്ധ്യവും വിരൽ ചൂണ്ടുന്നത് ഫത്‌വയുടെ ഉള്ളടക്കത്തിലെ വൈരുദ്ധ്യങ്ങളിലേക്കാണ്. അതുകൊണ്ട് തന്നെ മൗദൂദി സാഹിബിനെ പിൻപറ്റുന്നവരും പിൻപറ്റുന്നില്ലെങ്കിലും ഫത്‌വയെ പിന്തുണക്കുന്നവരും എന്നാൽ ഫത്‌വയെ പറ്റി യാതൊരെ തിരഭിപ്രായവും പറയാത്തവരും ദൈവനിന്ദയുടെ നിഴലിലാണ്.

അല്ലാഹു ഇറക്കിയ ഖുർആനിലെ ഖാത്തമുന്നബിയ്യീൻ എന്ന സമൂഹനാമ വിശേഷണ പദത്തിന്റെ അർഥവും വ്യാഖ്യാനവും വ്യാകരണവും മഅ്ശറയിൽ വെച്ച് അല്ലാഹുവിനെ പഠിപ്പിക്കുന്ന ആളാണ് മൗദൂദി. (മൗദൂദി സാഹിബിന്റെ 'ഖുതുബാത്ത്' പേജ്. 50) പ്രായോഗിക ജീവിത സമ്മർദവും മനുഷ്യന്റെ ജൈവഘടനയും കളവും തമ്മിലുള്ള പൊക്കിൾക്കൊടിബന്ധവും മൗദൂദി അല്ലാഹുവിനെ ധരിപ്പിക്കുമെന്ന് അദ്ദേഹത്തിന്റെ പാർട്ടിക്കാർക്ക് പ്രതീക്ഷിക്കാം.

താൻ സ്ഥാപിച്ച ജമാഅത്തെ ഇസ്‌ലാമി തനി രാഷ്ട്രീയ പാർട്ടിയാണെന്ന് മറ്റാരെക്കാളും നന്നായറിയുന്ന മൗലാനാ പാർട്ടിയുടെ രാഷ്ട്രീയ മുഖം ആകാവുന്നയത്ര മറക്കാൻ മതത്തിന്റെ ബുർഖ ഇടുവിച്ചത് പോലെ രാഷ്ട്രീയ പാർട്ടികൾക്ക് ജീവവായുപോലെ അനി വാര്യമായ കളവിനെ തനിക്കായി ഫത്‌വയിലൂടെ ഹലാലാക്കുകയായിരുന്നു.

വ്യക്തിയുടെ ഇസ്‌ലാം മത ജീവിത സംഹിത അനുസരിച്ച് ശരീരവും മനസ്സും ആത്മാവും അടങ്ങുന്ന നഫ്സിന്റെ ദൈനംദിന ജീവിത വ്യവഹാര പരിസരത്തുനിന്നും ധാർമികതയെ തീർത്തും അകറ്റുന്നതാണ് മൗദൂദി സാഹിബിന്റെ ഫത്‌വയുടെ അന്തസത്ത. കളവ് ഏറ്റവും ആദ്യമായി വർജിക്കേണ്ട ഒരു മാരക വസ്തുവാണെന്ന് ഒരു ഹദീസിനെ അടിസ്ഥാമാക്കി തെളിയിക്കാനാവും.

ആയിടെ മുസ്‌ലിമായ ഒരാൾ നബി (സ) യോട് പറഞ്ഞു: ജാഹിലിയ്യാ കാലത്തെ ജീവിതത്തിന്റെ അവശിഷ്ടങ്ങളായ ഒട്ടേറെ ദുർഗുണങ്ങൾ നിഴൽ പോലെ എന്നോടൊപ്പമുണ്ട്. അവയൊക്കെ ഒറ്റയടിക്ക് ഇല്ലാതാക്കുക അസാദ്ധ്യം. അതിനാൽ ഒരോന്നോരോന്നായി എല്ലാ തിന്മയേയും ഞാൻ കയ്യൊഴിയാം. ഞാൻ ആദ്യം വർജിക്കേണ്ട തിന്മയേതെന്ന് അങ്ങ് പറഞ്ഞു തന്നാലും! തിരുനബി (സ) അരുളി: ഒരു 'കാരണവശാലും കളവ് ചെയ്യുകയില്ലെന്ന് നിന്റെ നഫ്സിനോട് പ്രതിജ്ഞ ചെയ്യുക.' എത്ര നിസ്സാരമായ തിന്മയാണ് വേണ്ടെന്ന് വെക്കാൻ പ്രവാചകൻ ഉപദേശിച്ചതെന്ന ലാഘവത്തോടെ മടങ്ങിയ അയാളെ പഴയ പ്രലോഭനങ്ങൾ ഒന്നൊന്നായി വീഴ്ത്താൻ ശ്രമിച്ചപ്പോൾ അയാൾ സ്വയം ചോദിച്ചു കൊണ്ടിരുന്നു നബിയെങ്ങാനും അറിഞ്ഞാലോ? അറിഞ്ഞത് സത്യമാണോയെന്ന് എന്നോട് ചോദിച്ചാലോ, ഞാനെന്ത് മറുപടി പറയും? കളവ് പറയില്ലെന്ന് നബി (സ) യോട് ചെയ്ത പ്രതിജ്ഞ അയാളോർത്തു. തെറ്റ് ചെയ്യാനുള്ള മനസ്സ് ചത്തു. തിന്മകൾ ഒറ്റയടിക്ക് അയാളിൽ നിന്നും പടിയിറങ്ങി. അതു കൊണ്ടാണ് നബി (സ) അരുളിയത് കളവ് എല്ലാ തിന്മയുടെയും മാതാവാണെന്ന്.

1400 വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി(സ) യെ സ്വീകരിച്ച ഒരു കാട്ടറബിക്ക് മനസ്സിലായ തിന്മകൾക്കെതിരായ സൂത്രവാക്യം കാലത്തിന്റെ ഇങ്ങേതലക്കലിരുന്ന ഒരു ആലിം തലതിരിച്ചു പിടിച്ചു വായിച്ച് വിരുദ്ധോക്തി ചമക്കുന്നു. ആരെയൊക്കയോ നരകത്തിലേക്കയക്കുകയും ചെയ്യുന്നു.

നേരെ നിവർന്ന് നിൽക്കാൻ സ്വന്തം വിശ്വാസികൾക്ക് കളവിന്റെ പൊയ്ക്കാലുകൾ നിർബന്ധമാക്കുന്ന ഒരു മത ദർശനത്തിന് സത്യമതമെന്നും പ്രകൃതി മതമെന്നും പറയാൻ എന്തർഹത? അതിനെ ഒരു സമ്പൂർണ ജീവിത പദ്ധതിയാണെന്ന് പറയാനോ സത്യത്തിന് വേണ്ടി നിലകൊള്ളുന്ന ഇസ്‌ലാം മതത്തിന്റെ നാമം ഉപയോഗിക്കാനോ ഉള്ള യോഗ്യതയുണ്ടോ? ഭരണം കിട്ടുന്നത് വരെ റസൂൽ തിരുമേനി (സ)പോലും സമ്പൂർണ മുസൽമാനല്ലെന്ന ധിക്കാരം പറയാനും ഈ കളവിന്റെ കാമുകന്മാർക്ക് മാത്രമേ സാദ്ധ്യമാവൂ. നമ്മുടെ നാട്ടിലെ വിപ്ലവ രാഷ്ട്രീയ കക്ഷികളെ അനുകരിച്ച് കൊണ്ട് മുഷ്ടി ചുരുട്ടി ആണും പെണ്ണും കൂടി ജാഥകൾ നടത്തുകയും വിപ്ലവ മുദ്രാവാക്യങ്ങൾ ഉയർത്തുകയും ചെയ്യുന്ന അർഥവും ആത്മാർഥതയും അന്യമായ വെറുമൊരു മുദ്രാവാക്യതട്ടിപ്പ് മാത്രമാണ് ഈ ഇസ്‌ലാം പാർട്ടിക്കാർ.

## ചില ഉദാഹരണങ്ങൾ

1. കളവിന്റെ പ്രചാരണം ചില ജമാഅത്ത് മാതൃകകൾ വിവരിക്കാം. അർധ സത്യം അസത്യം തന്നെയാണ് എന്ന ഒരു ആഫ്രിക്കൻ പഴഞ്ചൊല്ലുണ്ട്. മൗദൂദി സാഹിബ് ഇന്ത്യാവിഭജനത്തിന് എതിരായിരുന്നുവെന്ന് ഇന്ത്യയിലെ പാർട്ടിക്കാർ പ്രചരിപ്പിക്കാറുണ്ട്. കേട്ടാൽ തോന്നും ഗാന്ധിജി, അബുൽ കലാം ആസാദ്, തുടങ്ങിയ വിഭജന വിരോധ ശ്രേണിയിലുള്ളവരെ പോലുള്ളതാണ് മൗലാനായുടെ എതിർപ്പെന്ന്. അങ്ങനെ ആരെങ്കിലും കരുതിയാൽ അയാൾക്ക് തെറ്റി.

മൗലാന ഇന്ത്യൻ സ്വാതന്ത്ര്യത്തിന് എതിരായിരുന്നു. അതിന്റെ കടുത്ത വിമർശകനു മായിരുന്നു. ഹുകൂമത്തെ ഇലാഹിക്ക് വേണ്ടി നിലകൊണ്ടിരുന്ന മൗലനാ മൗദൂദി പടിഞ്ഞാറൻ താഗൂത്തിൽ നിന്നും (പൈശാചിക ശക്തി) ഏഷ്യൻ താഗുത്തിന്റെ കൈകളിലേക്ക് അധികാര കൈമാറ്റമാണ് സ്വാതന്ത്ര്യലബ്ധിയോടെ സംഭവിക്കുക എന്ന

നിലപാടുകാരനായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം സ്വാതന്ത്ര്യ സമരത്തേയും വിഭജനത്തേയും എതിർത്തത്. അതായത് ഈ രണ്ട് രാജ്യങ്ങൾ ഹിന്ദുക്കളും മുസ്‌ലിംകളും മാത്രം ഉൾക്കൊള്ളുന്ന രണ്ട് മതാത്മക രാജ്യങ്ങളായി തീരും എന്ന ബേജാറുകൊണ്ടല്ല മറിച്ച് മുസ് ലിംകൾക്ക് വിഭജനത്തോടെ തന്റെ ഭാവനയിലുള്ള ഒരു മതമൗലിക രാഷ്ട്രം വരുന്നില്ല എന്ന ആധികൊണ്ടാണ് അദ്ദേഹം വിഭജനത്തെ എതിർത്തത്.

വിഭജനകാലത്ത് പഞ്ചാബിൽ ഇന്ത്യാ പാകിസ്താൻ അതിർത്തിയിൽ ദാറുൽ ഇസ്‌ലാം എന്ന പേരിൽ ഒരു സ്ഥലത്ത് തന്റെ ഹുഖൂമത്തെ ഇലാഹിയ്യ ഭരണ പരീക്ഷണ കേന്ദ്രം അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഇന്ത്യാഗവൺമെന്റിന്റെ പട്ടാളം ഹുഖൂമത്തെ ഇലാഹിയായെ പിന്നീട് വെള്ളപുതപ്പിക്കുകയും മൗലാനാ അതുവരെ എതിർത്തിരുന്ന പാകിസ്താനിലേക്ക് ഓടി പോവുകയുമാണുണ്ടായത്. .

2 അധികാരത്തോടുള്ള അദമ്യമായ ആർത്തി ഒന്നു കൊണ്ടു മാത്രമാണ് 1953 ൽ അഹ്മദികളുടെ ജീവനും സ്വത്തും ശഹീദാക്കി കൊണ്ടുള്ള അക്രമണോത്സുകമായ കലാപം മൗലാനാ മൗദൂദി പാകിസ്താനിൽ അഴിച്ചു വിട്ടത്. ഫാസിസ്റ്റ് കമ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായ മൗലാന അഹ്മദികൾക്കെതിരെ കൂട്ടക്കൊലകളും തീവെപ്പും സംഘടിപ്പിച്ചു കൊണ്ടുള്ള ഒരു കലാപം പാകിസ്താനിൽ രൂപപ്പെടുത്തുകയുണ്ടായി. ജർമൻ ദേശീയതയുടെ പേരിൽ യഹൂദരെ കൂട്ടക്കൊല നടത്തി വംശശുദ്ധി വരുത്തുന്ന ഹിറ്റ്ലറുടെ നാസി പാർട്ടിയുടെ തന്ത്രമായിരുന്നു അത്. അഹ്മദികളെ കൂട്ടക്കൊല നടത്തി മതസമൂഹത്തെ ശുദ്ധീകരിക്കുകയും ഈ മതവിപ്ലവ മുന്നേറ്റത്തിൽ ഭരണം അട്ടിമറിച്ച് അത് പിടിച്ചെടുക്കലുമായിരുന്നു ശ്രമം. മൗലാനയുടെ സൃഗാല ബുദ്ധി കൊതിച്ചതും ആഗ്രഹിച്ചതും അതായിരുന്നു. പക്ഷേ പണിപാളി. കലാപം അടിച്ചമർത്തപ്പെട്ടു. മൗലാന അറസ്റ്റ് ചെയ്യപ്പെട്ടു. പട്ടാള കോടതി വിചാരണ ചെയ്ത് മൗദൂദിയെ വധശിക്ഷക്ക് വിധിക്കുകയും. പിന്നീട് മോചിപ്പിക്കപ്പെടുക യുമാണുണ്ടായത്.

ഇനിയാണ് നുണയുടെ അപഹാസ്യമായ എഴുന്നള്ളിപ്പ്. ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ച രാജ്യദ്രോഹത്തിനല്ല മറിച്ച് 'ഖാദിയാനി മസ്അല' എന്ന ചെറുപുസ്തകം എഴുതിയതിനാണ് മൗലാനയെ തൂക്കി കൊല്ലാൻ വിധിച്ചതെന്നായിരുന്നു ഉളുപ്പില്ലാതെ ജമാഅത്തുകാരുടെ കള്ള പ്രചാരണം. ആ കളവ് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഒരു നുണ ആയിരം തവണ അവർത്തിച്ചാൽ അത് സത്യമാവുമെന്ന ഗീബൽസിന്റെയും സ്വന്തം ആചാര്യന്റെയും സിദ്ധാന്തമാണ് ഇവർ അവലംബിക്കുന്നത്.

പുസ്തകം എഴുതിയെന്ന ഒരൊറ്റ കാരണം കൊണ്ട് ഗ്രന്ഥകർത്താവിനെ വധശിക്ഷക്ക് വിധിക്കുക! പുസ്തകം യാതൊരു നിരോധനവുമില്ലാതെ പാകിസ്താനിൽ സുലഭമായി ലഭിക്കുക!!. മൗദൂദികൾ പ്രചരിപ്പിക്കുന്ന കളവിനെ തുറന്ന് കാട്ടാൻ ഇതിൽ പരം എന്ത് തെളിവാണ് ആവശ്യം?. അഹ്മദികൾക്കെതിരെ പുസ്തകം എഴുതിയതിനാണ് മൗദൂദിയെ ശിക്ഷിച്ചതെന്ന് പ്രചരണം. 'ചെകുത്താന്റെ വചനം'എഴുതിയതിന് സൽമാൻ റുഷ്ദിയെ വധശിക്ഷക്ക് വിധിക്കുകയും അയാളുടെ പുസ്തകം നിർബാധം വിറ്റഴിയാൻ അനുവദിക്കുകയും ചെയ്യുക എന്നത് പോലെ വ്യാജവും നിരർഥകവുമാണ് ഈ മൗദൂദിയൻ വ്യാജങ്ങൾ.

3. ആദ്യ രണ്ട് നുണകൾ ഫത്‌വക്ക് മുമ്പുള്ളതാണെങ്കിൽ ഈയൊരണ്ണം ഫത്‌വക്ക് ശേഷമുള്ളതാണ്. കിഴക്കൻ പാകിസ്താൻ ബംഗ്ലാദേശായി വേർ പിരിയുമെന്ന കേളികൊട്ട് പുറം ലോകം വ്യക്തമായി കേട്ടത് 1970 ലെ നാഷണൽ അസംബ്ലിയിലെ പൊതു തിരഞ്ഞെടുപ്പോടെയായിരുന്നു. ആയിടെ അപ്രതീക്ഷിതമായി കിട്ടിയ കറാച്ചി മുനിസിപ്പൽ കോർപറേഷനിൽ ഭരണവും പ്രമുഖ പൊതു മേഖലാ സ്ഥാപനമായ പാകിസ്താൻ ഇന്റർനാഷണൽ എയർ വേയ്സിൽ (പി ഐ എ) യൂണിയൻ തിരഞ്ഞെടുപ്പിൽ നേടിയ ഔദ്യോഗിക യൂണിയൻ പദവിയും മൗലനാ മൗദൂദിയുടെയും കുട്ടാളികളുടേയും മോഹങ്ങളെ മാനം മുട്ടേവളർത്തി. ഒരു കൊച്ചു മുനിസിപ്പൽ കോർപ്പറേഷനിലെ ജയവും ഇന്നത്തെ പാകിസ്താനും ബംഗ്ലാദേശും അടങ്ങുന്ന ദേശീയ അസംബ്ലിയിലെ ഭൂരിപക്ഷവും തമ്മിൽ ആനയും അണ്ണാനും തമ്മിലുള്ള അന്തരമുണ്ട് എന്ന വസ്തുത കഴുത്തിന് മുകളിൽ തലയുള്ള ഒരു ജമാഅത്ത് നേതാവിന്റെ തലച്ചോറിലും തറച്ചില്ല.

കൂടാതെ പാകിസ്താനിലെ പാർട്ടി മുഖപത്രത്തിൽ അഭിപ്രായ സർവേയും കൂടി പുറത്തു വന്നപ്പോൾ വിജയം ഉറപ്പാണെന്ന നിലയിലായി. അവരുടെ വാരിക പാർട്ടി മുഖ പത്രത്തിന്റെ മഷിനോട്ട വാർത്തകൾ നിരത്തി. ഒടുക്കം പാകിസ്താൻ പൊതുതിരഞ്ഞെടുപ്പ് വന്നു. പാർട്ടി എട്ടു നിലയിൽ പൊട്ടി. ലഭിച്ചത് വെറും നാലേ നാല് സീറ്റ് മാത്രം.

പാകിസ്താനിലെ വോട്ടർമാരുടെ കണ്ണിൽ ചോരയില്ലാത്ത ഈ പ്രഹരത്തിന്റെ കാരണം കണ്ടെത്താൻ പാർട്ടി നേതൃത്വം അന്വേഷണക്കമ്മീഷനെ നിയമിച്ചു. എന്നാൽ കൂലങ്കഷമായി പഠിച്ചിട്ടും നാട്ടുകാരിൽ നിന്നും വിവരം ശേഖരിച്ചിട്ടും തിരഞ്ഞെടുപ്പിൽ പ്രവർത്തിച്ച താഴേ തട്ടുവരെയുള്ളവരോട് കണിശമായും ചോദിച്ചറിഞ്ഞിട്ടും വിചിത്രമായ ഉത്തരമാണ് കിട്ടിയത്. ബാക്കി കേരളത്തിലെ മൗദൂദി സഹയാത്രികനും പാർട്ടിയിൽ നിന്ന് നിഷ്ക്കാസിതനും ഇച്ഛാഭംഗം കൊണ്ടാണെങ്കിലും ഇപ്പോൾ പാർട്ടി വിമർശകനും എല്ലാ മൗദൂദി പാർട്ടിക്കാരനെയും പോലെ അഹ്മദിയ്യത്തിനെതിരെ ഏത്തരം കളവും പറയുന്നത് ഇസ്‌ലാമിക സേവനമാണെന്ന് വിശ്വസിക്കുന്ന യാളുമായ ഒ. അബ്ദുല്ല സാഹിബ് പറയുന്നത് കാണുക.

‘ഭീമമായ പരാജയ കാരണം വിശകലനം ചെയ്തപ്പോൾ വെളിവായ വസ്തുത ഞെട്ടിപ്പിക്കുന്നതായിരുന്നു. ജമാഅത്ത് പ്രവർത്തകൻ പ്രഭാത നമസ്കാരം നിർവഹിച്ച് പതിവ്പോലെ ഖുർആനിൽ നിന്ന് ഒരു ജുസൂഅ് (ഭാഗം)ഓതി പോളിങ്ങ് ബൂത്തിൽ വരിവരിയായി നൽക്കവെ പിന്നാലെ വന്നവർക്ക് ഇസ്ലാമിക മര്യാദ അനുസരിച്ച് ക്യൂവിൽ സ്ഥലം ഒഴിച്ചു കൊടുത്ത് സാവകാശം വോട്ടവകാശം വിനിയോഗിക്കാൻ പോളിങ്ങ് ഓഫീസറുടെ മുമ്പിൽ എത്തുമ്പോഴേക്കും അവരുടെ വോട്ടുകൾ അത്രയും ആൺകുട്ടികൾ അടിച്ചു മാറ്റിയിരുന്നു. (മുസ്ലിം സമുദായത്തിന് എന്തിന് ഒരു ആറാം വിരൽ (2010 ഡിസംബർ 4)

എന്തൊരു ജുഗുപ്സാവഹമായ വിശകലന വൈദഗ്ധ്യം. അങ്ങനെയാണെങ്കിൽ അതി ശയിക്കേണ്ടത് തോറ്റമ്പിയതിലല്ല; നാലു സീറ്റു നേടിയതിലാണ്. ആ നാലു നിയോജകമണ് ഡലങ്ങളിലെങ്കിലും ഇസ്ലാമിക മര്യാദ കാണിച്ചെങ്കിലോ എന്താവും അവസ്ഥ?

ബംഗ്ലാദേശ് അടർന്നകന്ന് ബാക്കിയായ പാകിസ്താനിൽ അഞ്ചു വർഷം കഴിഞ്ഞ് പൊതുതിരഞ്ഞെടുപ്പ് വന്നു. പാർട്ടി നാലു സീറ്റിൽ നിന്ന് രണ്ട് സീറ്റിലേക്ക് വീണു!. അങ്ങനെ ആ നിയോജക മണ്ഡലത്തിലേക്ക് കൂടി ഇസ്ലാമിക മര്യാദ വ്യാപിപ്പിച്ചോ !!?

## മൗദൂദി: അൽപ്പം പുരാവൃത്തം

പഴയ മുഗൾ പ്രതാപത്തിന്റെ നഷ്ട സൗഭാഗ്യങ്ങൾ ചരിത്രാവശിഷ്ടമായി ചിതറിക്കിടക്കുന്ന ഔറം ഗബാദിലാണ് ഇസ്ലാമിൽ കുന്നോളം രാഷ്ട്രീയവും കുന്നിക്കുരുവോളം ആത്മീയതയും ദർശിച്ച് മൗലാനാ മൗദൂദി ജനിച്ചു വളർന്നത്. അദ്ദേഹം ജനിക്കുമ്പോൾ ഔറംഗബാദ് ഒരു മുസ്ലിം നാട്ടു രാജ്യമായ നൈസാമിന്റെ ഹൈദരാബാദ് സ്റ്റേറ്റിന്റെ ഒരു ഭാഗവും സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ ഔറംഗബാദ് മഹാരാഷ്ട്രയുടെ ഭാഗമായി. ഈയിടെ ബി ജെ പി അധികാരത്തിൽ കയറിയപ്പോൾ നാമ മാത്രമായ ആ പേരും തിരുത്തുന്ന തിരക്കിലാണ്.

വലിയ ഒരു മുസ്ലിം സാമ്രാജ്യത്തിന്റെ തകർച്ചയും തിരോധാനവും കൂടാതെ ബ്രിട്ടീഷ് സാമ്രാജ്യത്തിന് ചുങ്കം നൽകി അവരുടെ ആശ്രിത രാജ്യമായിക്കഴിഞ്ഞിരുന്ന സാങ്കേതികമായി ഭരണാധികാരിയാണെങ്കിലും തന്റെ മാതൃരാജ്യത്തിന്റെ നിവൃത്തികേടും നിസ്സഹായതയും കേട്ടും കണ്ടും കൊണ്ടുള്ള ഈ അറിവുകൾ മൗലാനയുടെ കൗമാര ചിന്തകളിൽ ചെലുത്തിയ തെറ്റോ ശരിയോ ആയ സ്വാധീനം അദ്ദേഹത്തിന്റെ പിൽക്കാല മതരാഷ്ട്രീയ മനസ്സിനെ രൂപപ്പെടുത്തുന്നതിൽ തീർച്ചയായും സ്വാധീനിച്ചിട്ടുണ്ടാവും.

അങ്ങേയറ്റത്തെ രാഷ്ട്രീയാഭിമുഖ്യമുള്ള മനസ്സും ചിന്തയും കൂടാതെ ഉറുദു ഭാഷയിലെ എഴുതാനുള്ള സാമാന്യമായ കഴിവും ഇതെല്ലാം ചേർന്ന് അദ്ദേഹം മികച്ച ഒരു പൊളിറ്റിക്കൽ ജേർണലിസ്റ്റായി. നന്നേ ചെറുപ്പത്തിൽ തന്നെ ജമീഅത്തുൽ ഉലമായേ ഹിന്ദിന്റെ കീഴിലുള്ള അൽ ജമീഅ ദൈവാരികയുടെ പത്രാധിപരായി. മത പാഠശാലയിലെ നിയതവും വ്യവസ്ഥാപിതവുമായ മാർഗങ്ങളിലൂടെ പണ്ഡിതനായ ആളല്ല മൗലാനാ മൗദൂദി. അദ്ദേഹം ഇരുത്തം വന്ന ഒരു അറബി ഭാഷാ പണ്ഡിതനിൽ നിന്നും പഠിച്ചയാളല്ല. അൽ ജമാഅത്തിന്റെ പത്രാധിപ സ്ഥാനം രാജിവെച്ച് അദ്ദേഹം ദയൂബന്ദികളോടൊപ്പം ചേർന്നു. അവരുമായുള്ള ദീർഘകാല സഹവാസത്തിലാണ് മൗദൂദി സാഹിബ് മതവിജ്ഞാനം നേടുന്നതും അറബി ഭാഷ സ്വായത്തമാക്കുന്നതും. ബുദ്ധിശാലിയും നല്ല വായനക്കാരനുമായ അദ്ദേഹം ഗുരുമുഖത്തു നിന്ന് പഠിച്ചിട്ടില്ല. ഏകലവ്യമാതൃകയിലായിരുന്നു മതവിദ്യാഭ്യാസം നേടിയത്. പാരമ്പര്യ രീതിയിൽ നിന്നും ഭിന്നമായി അനൗപചാരികമായ ഈ മതപഠനമാണ് മൗലാനാ മൗദൂദിയുടെ ബലഹീനതയും പോരായ്മയും എന്ന് അദ്ദേഹത്തിന്റെ വിമർശകർ കുറ്റപ്പെടുത്തുന്നു. ഡൽഹിലെ മുഫ്തിയായിരുന്ന കിഫായത്തുല്ല തനിക്ക് മൗലാനാ മദൂദിയെ നന്നായറിയാമെന്നും അദ്ദേഹം ഇരുത്തം വന്ന ഒരു ഗുരുവിൽ നിന്ന് പഠിക്കുകയോ ശിക്ഷിതനാവുകയോ ചെയ്തിട്ടില്ലെന്നും ധാരാളം വായിച്ചിട്ടുള്ള അദ്ദേഹത്തിന്റെ മതപരമായ ജ്ഞാനം വളരെ ശുഷ്ക്കമാണെന്നും അഭിപ്രായപ്പെടുന്നു.

അല്ലാഹു ആരാണെന്നും എന്തെല്ലാമാണെന്നും വിശ്വാസികൾക്കും അല്ലാത്തവർക്കും സൂക്ഷ്മമായി പോലും വിശദമാക്കുന്ന വിശുദ്ധ ഖുർആൻ തർജമയും വ്യാഖ്യാനവും രചിച്ച് പണ്ഡിതനായിട്ടും അല്ലാഹുവിനോട് വാദിക്കാനും മരിച്ച് പോയെങ്കിൽ തന്നെ ഈസാ നബി (അ)യെ വീണ്ടും ജീവിപ്പിച്ച് ഭൂമിയിലക്കയക്കാൻ അല്ലാഹുവിന് കഴിയില്ലേ എന്ന് ഒരു മൂന്നാം ക്ലാസ്സ് മദ്രസ്സാ വിദ്യാർഥിയെ പോലെ വിവരക്കേട് വിളമ്പാനും അദ്ദേഹത്തിന് കൂസലില്ലാതെ പോയത് ഈ ജ്ഞാനസമ്പാദനത്തിലെ കുറുക്ക് വഴിയിലെ കുരുത്തക്കേട് തന്നെയാണ്.

ഇസ്ലാമിനെക്കുറിച്ച് ചർച്ച ചെയ്ത് കൊണ്ടും മൗലാനാ പറഞ്ഞു: ഞാൻ ഖുർആനെ വായിച്ചും നബി (സ) യുടെ ജീവിതം വായിച്ചു. ഞാൻ പാരമ്പര്യ ഇസ്ലാമിനെ ഗളഹസ്തം ചെയ്തു... ഞാൻ നവമുസ്ലിം ആയി.

ശരിയാണ് നവ മുസ്ലിം ആയി തീർന്ന അദ്ദേഹം പാരമ്പര്യ ഇസ്ലാമിൽ നിന്ന് വേറെ വഴിവെട്ടി മൗദൂദിസത്തിന് ജന്മം നൽകി. അതുകൊണ്ട് തന്നെ പുതിയ പ്രസ്ഥാനത്തിന്റെ പ്രചോദനം ഖുർആനും നബിചര്യയും ആയില്ല.

അദ്ദേഹത്തിന്റെ യഥാർഥ പ്രചോദന കേന്ദ്രം 16-ാം നൂറ്റാണ്ടിൽ ജീവിച്ച ഫ്രഞ്ച് പ്രൊട്ടസ്റ്റന്റ് വൈദികനായ ജോൺകെൽവിൻ ആണ്. അദ്ദേഹം മതം വാൾകൊണ്ട് പ്രചരിപ്പിക്കാൻ ആഗ്രഹി ക്കുകയും

മത പരിത്യാഗിക്ക് വധശിക്ഷ സംവരണം ചെയ്യുകയും ചെയ്തു. രാജ്യ ദ്രോഹത്തിന് നൽകുന്ന അത്ര ശിക്ഷ തന്നെ ഇത്തരം കുറ്റം ചെയ്യുന്ന കത്തോലിക്കർക്കും നൽകുന്നു. സിംഹാസനത്തിൽ ഇരിക്കുന്ന രാജാവെന്ന പോലെ ദൈവത്തിന്റെ രാജപ്രൗഢി പ്രതികാരാഗ്നിയുടെ തീക്ഷ്ണതയിൽ വിജൃംഭിതരമാവണം.

മധ്യകാല ക്രിസ്തീയാചാരങ്ങളുടെയും മാർക്സിയൻ കലാപവാസനയുടെയും അതി വിചിത്രമായ ഒരു സങ്കലനമത്രെ മൗദൂദിസം. ഇസ്‌ലാമിലേക്കുള്ള മതപരി വർത്തന സംരംഭങ്ങളിൽ വാളിന് യാതൊരു പങ്കുമില്ല എന്ന് പറയുന്നത് തെറ്റാണെന്ന് തറപ്പിച്ചു പറയുന്ന അബുൽ അഅ്ലാ മൗദൂദി യഥാർഥത്തിൽ പണ്ഡിതനോ ചരിത്രകാരനോ ആയിരുന്നെങ്കിൽ അറുനൂറു വർഷക്കാലം മുസ്‌ലിം ഭരണത്തിനു കീഴിലായിരുന്ന തന്റെ ജന്മനാടായ ഡക്കാൻ പ്രദേശത്ത് ഹിന്ദുക്കൾ മഹാ ഭൂരിപക്ഷമായി തുടരുന്നതിന്റെ കാരണം കണ്ടെത്തേണ്ടതല്ലേ? അങ്ങനെ സംഭവിക്കാതെന്ത് കൊണ്ട്

മതപരിത്യാഗിയെ വധിക്കുന്നതിൽ പലരും അസ്വസ്ഥപ്പെടുന്നതിലുള്ള അനിഷ്ടം മറച്ചുവെക്കാതെ കൂട്ടുത്തരവാദിത്വം ഉള്ളതും പുറത്തേക്കുള്ള കവാടം അടഞ്ഞതുമായ (എലിക്കെണി തന്നെ) ഒരു മതത്തിലേക്ക് എന്തിന് ഒരാൾ കയറി വന്നു എന്നാണ് മൗലാനാ ചോദിക്കുന്നത്.

ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾ നേർമാർഗം പ്രാപിച്ച ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ എന്ന ഖുർആനിക പ്രാർഥന പുറത്തേക്ക് അടഞ്ഞ കവാടവും ഇസ്‌ലാമിലില്ലെന്ന് അദ്ദേഹത്തിനുള്ള മറുപടിയും മുന്നറിയിപ്പും തന്നെയാണ്.

മൗലാനയുടെ ചിന്തയുടെ പുഷ്ക്കലകാലത്ത് അധികാരത്തിന്റെ അവസാന വാക്കായി ജർമനിയിൽ ഹിറ്റ്ലറും സോവ്യറ്റ് റഷ്യയിൽ സ്റ്റാലിനും നിറഞ്ഞ് കളിക്കുന്നുണ്ടായിരുന്നു. മൗദൂദി സാഹിബിന്റെ മതരാഷ്ട്ര മീമാംസയുടെ പുറന്തോട് പൊളിച്ച് ചികഞ്ഞ് നോക്കിയാൽ ക്രൂരരായ ആ ഭരണാധികാരികളുടെ മാതൃകയുടെ ഫോസിലുകൾ കിട്ടാതിരിക്കുകയില്ല.

ഭൗതിക ഭരണത്തിൽ ഒരിക്കലും നേരിട്ടിടപഴകില്ലെന്ന് ഉറപ്പുള്ള ദൈവത്തെ മറയാക്കി തന്റെ സ്വന്തം ഏകാധിപത്യ രീതി നടപ്പാക്കാനുള്ള ചാണക്യ സൂത്രമായി മൗലാനായുടെ ഹുഖൂമത്തെ ഇലാഹിയ്യ വിമർശിക്കപ്പെട്ടു. ശക്തവും നിസ്സന്ദ്രവുമായ പ്രസ്തുത ആക്ഷേപത്തെ മയപ്പെടുത്താതെ ലക്ഷ്യം ഇഖാമത്തു ദീനായി ഭേദഗതി ചെയ്തു. എന്നാൽ മൗലാനയുടെ നിഘണ്ടുവിൽ ദീനിന്റെ അർഥം രാഷ്ട്ര (സ്റ്റേറ്റ്) മാണെന്ന് അറിയുന്നവവരിൽ മന്ത് മറ്റേ കാലിലേക്ക് മാറ്റുന്ന സൂത്ര വിദ്യയും പക്ഷേ ഫലിച്ചില്ല. ഇപ്പോഴാണെങ്കിൽ ഹുഖൂമത്തെ ഇലാഹിയുമില്ല ഇഖാമത്തുദ്ദീനുമില്ല.

1970 ലെ ദയനീയമായ തെരഞ്ഞെടുപ്പ് പരാജയത്തിന് ശേഷം ആ ഷോക്കിൽ നിന്നും പിന്നീട് ഒരിക്കലും തന്നെ മൗലാനാ വിമുക്തനായിരുന്നില്ല. വിജയ പ്രതീക്ഷ ആത്ര ഉയരത്തിലായിരുന്നത് കൊണ്ട് വീഴ്ച്ചയും അത്ര കനത്തതായിരുന്നു. പ്രസിഡന്റ് പദവി ഉറപ്പിച്ച് ഉടുപ്പും തയ്പ്പിച്ച് ഒരുങ്ങിനിന്ന മൗലാനാ മൗദൂദി സാഹിബ് ഇനിയൊരങ്കത്തിന് കൂടി ബാല്യമില്ലെന്ന് തിരിച്ചറിഞ്ഞു. അധികാരം സ്വപ്നം കാണാനുള്ള കണ്ണുകളിലെ തിളക്കം നഷ്ടപ്പെട്ടു. തന്റെ ഏറ്റവും പ്രിയപ്പെട്ട അമീറിന്റെ അംഗവസ്ത്രം അഴിച്ചു വെച്ചു. ഒടുവിൽ ആരോഗ്യം മോശമായി രോഗ ശയ്യയിലായ പ്പോൾ അ ദ്ദേഹം മെച്ചപ്പെട്ട ചികിത്സക്കായി അമേരിക്കയിലെ മകന്റെ അടുക്കലേക്ക് പോകുകയും അവിടെ വെച്ച് ചരമം പ്രാപിക്കുകയുമാണുണ്ടായത്. മൗലാനയുടെ മകൻ ഹൈദർ മൗദൂദി പാകിസ്താനിലെ ഒരു ഇംഗ്ലീഷ് ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ നിന്ന്:

'താൻ സൗജന്യമായി വിതരണം ചെയ്യുന്ന മയക്ക് മരുന്നിന്റെ (മത തീവ്രവാദം) അപകടങ്ങളെക്കുറിച്ച് എന്റെ പിതാവിന് നന്നായി ബോദ്ധ്യമുണ്ടായിരുന്നു എന്ന് വേണം കരുതാൻ. മയക്ക് മരുന്ന് കച്ചവടക്കാരന്റെ മനോനില തന്നെയായിരുന്നു അദ്ദേഹത്തിന്റേത്. തന്റെ ഒമ്പതു മക്കളിൽ ആരെയും തന്റെ 80 പുസ്തകങ്ങളിൽ ഒന്നു പോലും വായിക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ......തനിക്ക് കിട്ടിയ ആളുകളെ ഉപയോഗപ്പെടുത്തിയ എന്റെ പിതാവിന് പക്ഷേ വയസ്സുകാലത്ത് കയ്പ്പേറിയ അനുഭവങ്ങളാണ് ഉണ്ടായത്. ഒടുവിൽ മരണ ശയ്യയിലായപ്പോൾ ഇപ്പറയുന്ന മൗലാനമാർ അദ്ദേഹത്തെ ഒരു മലിന വസ്തുവായി കരുതി കൈയൊഴിഞ്ഞു.'

(ദ നേഷൻ 21 ജനുവരി 1999)

അനുയായികൾ എത്ര ഉച്ചസ്ഥായിയിൽ നിഷേധിച്ചാലും ഭരണാധികാര മോഹത്താൽ ഇസ്‌ലാമിക തീവ്രവാദത്തിന്റെ വിഷവിത്തിട്ടത് മൗലാനാ മൗദൂദി തന്നെയാണ്. ഭീകരതയായി വളർന്ന ഈ വിഷവിത്ത് നൂറുമേനി വിളഞ്ഞ് പുതിയ പുതിയ രാക്ഷസീയ ശക്തികൾക്ക് ജന്മം നൽകി വരുന്നു. രക്തസാക്ഷിത്വം വാഗ്ദാനം ചെയ്യുന്ന സ്വർഗത്തിന്റെ മതിഭ്രമവും പേറി അവർ ആസുരതയുടെ പുതിയ അദ്ധ്യായങ്ങൾ രചിക്കുന്നു. ഇസ്‌ലാമിനേയും പുണ്യപ്രവാചകനേയും അപമാനിച്ചും അപമാനിപ്പിച്ചും!!

കളവ് ചിലപ്പോൾ നിർബന്ധമാക്കിയ ജമാഅത്തെ ഇസ്‌ലാമിയുടെ കോഴിക്കോട് മേരിക്കുന്നിലെ പാർട്ടി പത്രത്തിൽ ഒരിക്കൽ മാലിയിൽ 25000 ഖാദിയാനികൾ രാജിവെച്ച് ഇസ്‌ലാം മതത്തിലേക്ക് മടങ്ങി വന്നതായി വാർത്തയുണ്ടായിരുന്നു. അപ്പോൾ മൗദൂദികൾക്ക് ഒരു കാര്യം മനസ്സിലായിട്ടുണ്ടാവും, മുർത്തദിനെ അഥവാ ഇസ്‌ലാം മതം വിട്ടുപോയവനെ വധിച്ചുകളയും എന്ന മൗലാനയുടെ ഭീകരവാദത്തിന്റെ പൊള്ളത്തരം. ഇസ്‌ലാം മതം വിട്ട് ഖാദിയാനികളായ 25000 പേരെ മുർത്തദ് ആയതിന്റെ പേരിൽ അന്ന് മൗദൂദി തത്ത്വമനുസരിച്ച്

# യുഗദീപ്തി

എച്ച്. എസ്. കാവശ്ശേരി

സത്യമതത്തിനു നവചൈതന്യം
ചാർത്തി ഇമാമുസമാനെത്തി...
ചാർത്തി ഇമാമുസമാനെത്തീ
മുത്ത് റസൂലിൻ വചനങ്ങൾക്കൊ
ത്തുമ്മത്തീ നബിയായെത്തി...
ഉമ്മത്തീ നബിയായെത്തീ
സത്യമസീഹിൻ മഹ്ദി ഇമാമിൻ
ദൗത്യം നിറവേറ്റാനെത്തീ...
ദൗത്യം നിറവേറ്റാനെത്തീ

ഗഗനം സാക്ഷി പറഞ്ഞൂ, നിശ്ചിത
ഗ്രഹണം നേർക്കു പുലർന്നൂ...
ഗ്രഹണം നേർക്കു പുലർന്നൂ
നിർമല ചിത്തരുണർന്നു മസീഹിൻ
ധർമപഥത്തിൽ നിരന്നൂ...
ധർമപഥത്തിൽ നിരന്നൂ
മഞ്ഞിലിഴഞ്ഞും മുത്ത് റസൂലിൻ
പുണ്യ സലാമുകൾ നേർന്നൂ...
പുണ്യ സലാമുകൾ നേർന്നൂ

ഉദ്ധതരായ പുരോഹിതരൊന്നായ്
യുദ്ധത്തിന്നണിചേർന്നൂ...
യുദ്ധത്തിന്നണി ചേർന്നൂ
ദൃഷ്ടാന്തങ്ങളുയർന്നൂ ഭൂമിയിൽ
ദുഷ്ടാത്മാക്കളമർന്നൂ...
ദുഷ്ടാത്മാക്കളമർന്നൂ!
സത്യജമാഅത്തവനിയിലെങ്ങും
പൂത്തു തളിർത്തു വളർന്നൂ..
പൂത്തു തളിർത്തു വളർന്നൂ!

വർണച്ചിറകു വിടർത്തീ, കേരള
മണ്ണിലുമെത്തീ യുഗദീപ്തി...
മണ്ണിലുമെത്തീ യുഗദീപ്തീ!
മഹ്ദിമസീഹിൻ കാലം മുതലതു
മലയാളക്കര നെഞ്ചേറ്റി...
മലയാളക്കര നെഞ്ചേറ്റീ!
മാറ്റൊലി നീളെ മുഴക്കീയിന്നതു
നൂറ്റാണ്ടൊന്നിൻ നിറവെത്തി...
നൂറ്റാണ്ടൊന്നിൻ നിറവെത്തീ!

ജീവനെടുക്കാൻ ശാസനയേകിയ
കോയ്മകളാകെ നിലംപൊത്തീ...
കോയ്മകളാകെ നിലം പൊത്തീ!
പൂർവികർ ചെയ്ത മഹൽ ത്യാഗങ്ങൾ
പൂവും കായുമണിഞ്ഞെത്തീ...
പൂവും കായുമണിഞ്ഞെത്തീ!

കണ്ണുകളുള്ളവരിതു കാണട്ടേ
കാതുകളുള്ളവർ കേൾക്കട്ടേ...
കാതുകളുള്ളവർ കേൾക്കട്ടേ!
സത്യ ഖിലാഫത്തിൻ കുളിർതണലിൽ
ഒത്തൊരുമിക്കാൻ കഴിയട്ടേ...
ഒത്താരുമിക്കാൻ കഴിയട്ടേ!

വധിച്ചുകളഞ്ഞിരുന്നുവെങ്കിൽ ഈ ഘർവാപസിക്ക് കഴിയുമായിരുന്നി ല്ലല്ലോ. മൗദൂദി വാർത്ത തികഞ്ഞ കള്ളമായിരുന്നു വെന്നത് മറ്റൊരു കാര്യം.

## ഉപസംഹാരം

ചില പ്രത്യേക സന്ദർഭങ്ങളിൽ മുസ്ലിംകൾക്ക് കളവ് പറയൽ അനുവദനീയമാണെന്നത് ശരീ അത്തിന്റെ അനുശാസനമാണ് (പ്രബോധനം 14 ജൂലായ് 1990)

ആചാര്യൻ വേലി ചാടിയാൽ അനുചരൻ മതിലുചാടുമെന്നാണ് പഴഞ്ചൊല്ല്. അനുശാസനം എന്ന പദത്തിന് മലയാള നി ഘണ്ടുവിൽ കണ്ട അർഥം നിയമം, ചട്ടം, ശാ സ്ത്രം, നിർബന്ധ നടപടി എന്നൊ ക്കെയാണ്. അതായത് പ്രത്യേക സാഹചര്യത്തിൽ സത്യം പറയു കയോ കളവ് പറയാതിരിക്കുകയോ ചെയ്താൽ ശരീഅത്ത് വിരുദ്ധരായി പരിഗണിക്കണം എന്നാണ് ഒരു മൗദൂദി ശിഷ്യൻ പറഞ്ഞിരിക്കുന്നത്. മൗലാനാ തന്റെ ഫത്വയുടെ ഉത്തര വാദിത്വം ശരീഅത്തിൽ എങ്ങും തൊടാതെ ഫത്വ ചെയ്തതെങ്കിൽ ഒരു ശിഷ്യൻ തങ്ങളുടെ പത്രത്തിൽ നേരെ ശരീഅത്തിൽ തന്നെ ഉത്തര വാദിയാക്കി. മഅ്ശറയിൽ അല്ലാഹു വിനോട് വാദിക്കാൻ വക്കാലത്ത് ഒപ്പിട്ടു കൊടുത്തവർക്ക് മതനിന്ദ ആയാ ലെന്ത്? ദൈവനിന്ദ ആയാ ലെന്ത്? മതവും രാഷ്ട്രീയവും കൂട്ടി കുഴച്ച് ഭക്ഷിക്കുന്നതിലെ ദഹനക്കേട് ഒരു വല്ലാത്ത ദഹനക്കേട് തന്നെ.!!

കുറിപ്പുകൾ

# കൗമാര കുറ്റവാളികൾ



മുസാഫിർ

2015 ഡിസംബർ 22 ന് രാജ്യസഭ പാസ്സാക്കിയ ബാലനീതി നിയമം (ജുവനൈൽ ജസ്റ്റീസ് ലോ) നിയമപരവും സാമൂഹികവും രാഷ്ട്രീയവുമായ ചർച്ചകൾക്ക് കുറിമാനമായിരിക്കയാണ്. ഈ നിയമ നിർമാണത്തിനാസ്പദമായ സംഭവം 2012 ഡിസംബർ 16 ന് ഡൽഹിയിൽ നടന്ന വൻപ്രചാരണം നേടിയ നിർഭയ കേസാണ്. ഓടിക്കൊണ്ടിരിക്കുന്ന ബസ്സിൽ വെച്ച് ഹീനവും ക്രൂരവുമായി ബലാൽസംഗ ചെയ്ത് റോഡിൽ തള്ളിയ കുറ്റകൃത്യമായിരുന്നു അത്. ലൈംഗിക പീഡന കേസിലെ ഇരകളുടെ പേര് വെളിപ്പെടുത്താൻ പാടില്ല എന്ന നിയമമുള്ളതിനാൽ 'നിർഭയ' എന്ന സങ്കൽപ്പ നാമത്തിലായിരുന്നു നിർഭാഗ്യയായ ആ പെൺകുട്ടി അറിയപ്പെട്ടിരുന്നത്. (ആ ദാരുണ സംഭവത്തിന്റെ മൂന്നാം വാർഷിക ദിനത്തിൽ അവരുടെ മാതാവ് ആശാദേവി മകളുടെ യഥാർഥ പേര് ജ്യോതി സിംങ്ങ് ആണെന്ന് ഡൽഹിലെ ഒരു പൊതു വേദിയിൽ പൊട്ടിക്കരഞ്ഞുകൊണ്ട് വെളിപ്പെടുത്തുകയുണ്ടായി) തന്റെ സുഹൃത്തുമായി ബസ്സിൽ സഞ്ചരിച്ചു കൊണ്ടിരുന്ന ജ്യോതി സിങ്ങിനെ ഒരു സംഘം അക്രമി കൾ അതിക്രൂരമായി ലൈംഗിക പീഡനം നടത്തി റോഡിൽ തള്ളിയിടുകയായിരുന്നു. ഗുരുതരമായി പരുക്കുപറ്റിയ സ്ത്രീയെ, സർക്കാർ വിദേശത്ത് കൊണ്ട് പോയി വിദഗ്ധ ചികിത്സ നൽകിയെങ്കിലും അവരെ രക്ഷപ്പെടുത്താനായില്ല. ഈ വാർത്ത രാജ്യത്തെ മുഴുവൻ ഇളക്കിമറിക്കുകയുണ്ടായി. മുഖ്യമാധ്യമങ്ങളിലും സോഷ്യൽ മീഡിയകളിലും അതിന്റെ അലയൊലികൾ മാസങ്ങളോളം നീണ്ടുനിന്നു. ഈ ക്രൂരമായ ക്രിമിനൽ കുറ്റത്തിലെ പ്രതികളായ 6 പേരിൽ മുഖ്യപ്രതി ബസ്സ് ഡ്രൈവർ രാം സിംങ്ങ് തിഹാർ ജയിലിൽ തൂങ്ങി മരിച്ചു. ബാക്കി 4 പ്രതികളെ ഡൽഹി കോടതി വധശിക്ഷക്ക് വിധിച്ചിരിക്കയാണ്. ഡൽഹി ഹൈക്കോടതി ശിക്ഷ ശരിവെക്കുകയും ചെയ്തു. വധശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതികളുടെ ഹർജി സുപ്രിം കോടതിയുടെ പരിഗണനയിലാണ്.

ഈ കേസിലെ 6 പ്രതികളിൽ ഒരാൾ 18 വയസ്സ് തികയാത്ത ബാലകുറ്റവാളിയായിരുന്നു. രാജ്യത്തെ നിയമമനുസരിച്ച് അയാളുടെ കേസ് കുട്ടികളുടെ കേസ് വിചാരണ ചെയ്യുന്ന ജുവനൈൽ ജസ്റ്റീസ് ബോർഡാണ് വിചാരണ ചെയ്തത്. കുട്ടികൾ ചെയ്യുന്ന കുറ്റത്തിന് പരമാവധി ശിക്ഷയായ മൂന്ന് കൊല്ലത്തെ നല്ലനടപ്പും ദുർഗുണ പാഠശാലയിൽ താമസവുമാണ്. ശിക്ഷാ കാലാവധി കഴിഞ്ഞു നിർഭയ കേസിലെ കുട്ടികുറ്റവാളി പുറത്തിറങ്ങി. ഇത്ര ക്രൂരമായതും ഇത്രയേറെ പ്രചാരം കിട്ടിയതും മറ്റു പ്രതികൾക്ക് വധശിക്ഷ കിട്ടിയതുമായ ഈ കേസിലെ പ്രതി പ്രായപൂർത്തിയായില്ല എന്ന ഒരൊറ്റ കാരണത്താൽ ലഘുശിക്ഷയും വാങ്ങി സമൂഹത്തിലേക്ക് തിരിച്ചു വരുന്നതിനെതിരെ രാജ്യത്തിന്റെ പല കോണുകളിൽനിന്നും വമ്പിച്ച പ്രതിഷേധം പ്രത്യേകിച്ചും വനിതാ സംഘടനകൾ ഉയർത്തുകയുണ്ടായി. കുട്ടി കുറ്റവാളിയെ വിട്ടയക്കുന്നതിനെതിരെ ഡൽഹി വനിതാ കമ്മീഷൻ സുപ്രിം കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തുവെങ്കിലും ഡിസംബർ 19 ന് അത് തള്ളി. എന്ത് കുറ്റം ചെയ്താലും 18 വയസ്സ് തികയാത്ത കുട്ടികളെ മൂന്ന് വർഷത്തിൽ കൂടുതൽ ശിക്ഷിക്കാൻ രാജ്യത്തെ നിയമം അനുവദിക്കുന്നില്ലെന്ന ബഹുമാനപ്പെട്ട സുപ്രിംകോടതി അവരുടെ സുചിന്ത്യമായ അഭിപ്രായം രേഖപ്പെടുത്തി

കൊണ്ടാണ് ഹർജി തള്ളിയത്.

ഈ സാഹചര്യത്തിലാണ് കൊല്ല പ്പെട്ട നിർഭയയുടെ (ജ്യോതി സിങ്ങ്) മാതാപിതാക്കൾ എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കന്മാ രെയും സന്ദർശിച്ച് ബാലനീതി ബില്ലിലെ പ്രായപരിധി 18 ൽനിന്ന് കുറച്ച് പുതിയ നിയമം പാസ്സാക്ക ണമെന്ന് അഭ്യർഥിച്ചത്. ബില്ല് കഴിഞ്ഞ മേയ് മാസം പാർലമെന്റ് പാസ്സാക്കിയിരുന്നു. ഇപ്പോൾ ഈ ബില്ല് രാജ്യസഭ കൂടി പാസ്സാക്കി യിരിക്കുകയാണ്. പ്രസിഡന്റ് ഒപ്പിടുന്നതോടെ അത് നിയമമായി മാറും.

ജനങ്ങളുടെ വികാര വേലിയേറ്റ ത്തിന് മദ്ധ്യത്തിലാണ് ബി ജെ പി സർക്കാർ കൊടും കുറ്റങ്ങൾ ചെയ്യുന്ന കുട്ടികുറ്റവാളികളുടെ പ്രായപരിധി 18 ൽ നിന്നും 16 ആയി കുറച്ചു കൊണ്ടുള്ള ഈ നിയമം പാസ്സാക്കിയത്. ഗുരുതരമായ കുറ്റം ചെയ്യുന്ന കുട്ടികുറ്റവാളികളെ മുതിർ ന്നവരെ പോലെ വിചാരണ ചെയ്യാ നും ഏഴു വർഷം വരെ തടവുശിക്ഷ വിധിക്കാനും വ്യവസ്ഥ ചെയ്യുന്ന താണ് ഇപ്പോൾ പാസ്സാക്കിയ ബാലനീതി ഭേദഗതി ബിൽ. കൗമാര ക്കാർക്ക് ജീവപര്യന്തം, വധ ശിക്ഷ എന്നീ ശിക്ഷകൾ നൽകരുതെന്നും ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. വിദഗ് ദരും മനശ്ശാസ്ത്രജ്ഞന്മാരും അട ങ്ങുന്ന ബോർഡ് കുട്ടിത്ത്വം കൊ ണ്ടാണോ മുതിർന്നവർക്ക് തുല്യമായ മാനസികാവസ്ഥയിലാണോ കുറ്റകൃത്യം ചെയ്തതെന്ന് പരിശോ ധിക്കും. കുറ്റവാളിയാണെന്ന് കോട തി വിധിച്ചാലും മുതിർന്ന കുറ്റവാളി കളോടൊപ്പം ഇവരെ ജയിലിൽ വിടില്ല മുതലായ വ്യവസ്ഥകളും ബില്ലിലുണ്ട്. ഈ ബില്ല് പസ്സാക്കി യതിന് ശേഷം അതിനെതിരെയുള്ള വിമർശനങ്ങളും സജീവമാവു കയാണ്. പാർലമെന്റ് പാസ്സാക്കിയ ബാലനീതി ബില്ല് ഐക്യരാഷ്ട്രസ ഭയുടെ അന്താരാഷ്ട്ര ബാലാവകാശ കൺവെൻഷന് വിരുദ്ധമാണ് എന്നാണ് ഒന്നാമത്തെ വിമർശനം.

ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് 1990 സപ്തംമ്പർ 20-ാണ് കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സഭ യുടെ അന്താരാഷ്ട്രാ കൺവെൺ ഷൻ(ധാരണ) (Convention on the Rights of the Child) നിലവിൽ വന്നത്. ഇന്ത്യയടക്കം 196 രാജ്യങ്ങൾ ഈ കൺവെൻഷനിൽ ഒപ്പ് വെചിട്ടുണ്ട്. ഈ കൺവെൻഷനി ലെ ഒന്നാമത്തെ ആർട്ടിക്കിളിൽ പറയുന്നത് പോലെ 18 വയസ്സിന് താഴെയുള്ള എല്ലാ മനുഷ്യ സന്തതികൾക്കും മുതിർന്നവരിൽ നിന്നും വ്യത്യസ്തമായി ചില അവകാശങ്ങൾക്ക് അർഹതയുണ്ട്. ഐക്യരാഷ്ട്ര സഭയുടെ ഈ കൺവെൻഷനിൽ ഒപ്പ്വെച്ച എല്ലാ രാജ്യങ്ങളും അവരുടെ തദ്ദേശീയ ഭരണഘടനകളിൽ ഈ ലക്ഷ്യങ്ങൾ നിയമമാക്കി മാറ്റാൻ ബാധ്യത പ്പെട്ടവരാണ്. ലോക്സഭ പാസ്സാക്കി യ ഈ ബില്ല് (ബാലനീതി പരിപാല നവും സംരക്ഷണ നിയമം - Juvenile Justice (Care and Protection Bill) അന്താരാഷ്ട്ര പ്രതിജ്ഞ കളുടെയും ധാരണകളുടെയും ലംഘനമാണ്. പ്രത്യേകിച്ച് ചില കൊടുംകുറ്റം ചെയ്യുന്ന 16 മുതൽ 18 വയസ്സു വരെയുള്ള കുട്ടികളെകൂടി മുതിർന്നവരെ പോലെ വിചാരണ ചെയ്യണമെന്നുള്ള നിയമം കുട്ടിക ളുടെ അവകാശങ്ങൾക്ക് വേണ്ടി യുള്ള അന്താരാഷ്ട്ര ധാരണ കളുടെ ലംഘനമായി വിലയിരുത്തപ്പെടു ന്നു.

ചില പ്രത്യേ കൊടുംകുറ്റങ്ങൾ ചെയ്യുന്ന കുട്ടികുറ്റവാളികൾ ക്കെ തിരെയുള്ള നിയമം കൂടുതൽ അവധാനതയോടെ പഠിച്ച് ഭേദഗതി ചെയ്യാൻ ഒരു പാർലിമെന്ററി സില ക്ട് കമ്മിറ്റിക്ക് വിടണമെന്ന രാജ്യ സഭാ ചെയർമാനും ഉപരാഷ്ട്ര പതിയുമായ ഹമീദ് അൻസാരിയും ഇടത് പാർട്ടികളും ഡി എം കെ നേതാവ് കനിമൊഴിയും തൃണമൂൽ കോൺഗ്രസ്സും അഭ്യർ ഥിച്ചെങ്കിലും ബി ജെ പിയും ശിവ സേനയും കോൺഗ്രസ്സുമടക്കം മുഖ്യരാഷ്ട്രീയ കക്ഷികൾ ശബ്ദ വോട്ടോടെ സഭയിൽ ബില്ല് പാസ്സാ ക്കുകയായിരുന്നു. ഈ ബില്ല് പാസ്സാ ക്കിയരീതിയും സാഹചര്യവും പരിശോധിക്കു മ്പോൾ ഇത്തരത്തിൽ വൈകാരി കമായ ഒരന്തരീക്ഷ ത്തിലാണോ പാർലമെന്റ് ഒരു നിയമം പാസ്സാക്കേണ്ടത് എന്ന ചോദ്യം ന്യായമായും ഉയർന്നു വരാം. ജനാധിപത്യത്തിൽ നിയമ നിർമാണത്തിന്റെ പരമാധികാരം പാർലമെന്റിന് തന്നെയാണ്. പക്ഷേ അതിവൈകാരികത നിറഞ്ഞ ജനകീയ അഭിപ്രായങ്ങളും സമ്മർദ ങ്ങളും നിയമ നിർമ്മാണത്തിൽ നേരിട്ട് ഇടപെടാൻ തുടങ്ങിയാൽ നിയമങ്ങളിൽ വിവേകത്തിന്റെയും യുക്തിബോധത്തിന്റെയും സാർവത്രിക നിഷ്പക്ഷതയുടെയും സർവോപരി സുചിന്ത്യതയുടെയും അഭാവമുണ്ടാവില്ലേ? കൊടും ക്രൂരതക്ക് ഇരയായി കൊല്ലപ്പെട്ട ജ്യോതിസിങ്ങിന്റെ രക്ഷിതാക്കൾ ക്ക് ഈ പ്രശ്നത്തിലുള്ള വൈകാരി കത തീവ്രത നമുക്ക് ഊഹിക്കാവു ന്നതാണ്. നിയമം പാസ്സാക്കുന്നതിന് മുമ്പ് അവർ രാഷ്ട്രീയ നേതാക്ക ന്മാരെയും മീഡിയകളെയും സന്ദർ ശിക്കുകയുണ്ടായി. തീർച്ചയായും അവരുടെ ഭാഗത്ത് നിന്ന് അതിന് ന്യായീകരണം കണ്ടെത്താവുന്ന താണ്. ഇത് മൂലം വൈകാരികമായ ഒരു തരംഗം സൃഷ്ടിക്കപ്പെട്ടിട്ടു ണ്ടായിരുന്നു എന്നതും ഒരു സത്യമാണ്. പാർലമെന്റിൽ ബില്ല് പാസ്സാവുമ്പോൾ അവർ സന്ദർശക ഗാലറിയിലുമുണ്ടായിരുന്നു. ഇങ്ങനെ വിജ്രംഭിതമായി നിൽക്കുന്ന ഒരാളു ടെ മനക്ഷോഭം നിയനിർമ്മാതാക്കളി ലേക്കും ജനങ്ങളിലേക്കും പകർന്നു കൊണ്ട് നിയമം നിർമിക്കുക എന്നത് ജനാധിപത്യത്തിന്റെ ഉന്നത മൂല്യ ങ്ങൾക്കും നിഷ്പക്ഷതക്കും സുചി ന്ത്യതക്കും ചേർന്നതല്ല. ജനങ്ങളുടെ വൈകാരിക സ്വാധീനത്തെ ഭയപ്പെടു കയും ഇത്തരം ജനകീയ വേലിയേറ്റ ങ്ങൾ എങ്ങനെയെങ്കിലും തങ്ങൾക്ക നുകൂലമായി ചൂഷണം ചെയ്യാൻ വ്യഗ്രത കാണിക്കുന്നവരാണ് രാഷ് ട്രീയ പാർട്ടികൾ. ബില്ലിന്റെ ഉടമ സ്ഥാവകാശത്തിന് വേണ്ടിയുള്ള വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ ഒരു മത്സരവും പാർമെന്റിൽ കാണാമാ

യിരുന്നു. ബാലനീതി ബില്ല് പാർലമെന്റ് സിലക്റ്റ് കമ്മിറ്റിക്കോ, നിയമ വിദഗ്ധരും മനശ്ശാസ്ത്രജ്ഞന്മാരും സാമൂഹിക ശാസ്ത്രരംഗത്തും കുറ്റശാസ്ത്ര രംഗത്തും ശിക്ഷാശാസ്ത്ര രംഗത്തും പ്രവർത്തിക്കുന്നവരുമടങ്ങുന്ന വിദഗ്ദ കമ്മിറ്റിക്കോ വിട്ടിരുന്നുവെങ്കിൽ കൂടുതൽ അന്യൂനവും സമഗ്രവുമായേനെ.

കുട്ടികളിൽ ഹീനമായ കൊടും കുറ്റ വാസന പെരുകി വരുന്നു എന്നത് വളരെ ആശങ്കയുളവാക്കുന്ന സാമൂഹിക പ്രശ്നമാണ്. കുറ്റവാളികളായ കുട്ടികളുടെ ശിക്ഷ മാത്രം കഠിനമാക്കുകയോ അവരുടെ പ്രായം കുറച്ചു കൊണ്ടു വരുന്നത് കൊണ്ടോ ഈ പ്രവണതക്ക് പരിഹാരമാവില്ല. അതിനുള്ള സാഹചര്യം ഇല്ലാതാക്കാനുള്ള നിയമമാണ് പാർലമെന്റ് ആദ്യം നിർമിക്കേണ്ടത്. ആ നിയമം കാര്യക്ഷമമായി നടപ്പാക്കാനുള്ള സംവിധാനവും ഉണ്ടാവണം. കുട്ടികളെ ലൈംഗിക കുറ്റവാളികളാക്കുന്ന ആയിരം വഴികൾ ഇവിടെ മലർക്കേ തുറന്നു കിടക്കുന്നു. ഇന്റർനെറ്റ്, ആധുനിക ഡിജിറ്റൽ മാധ്യമങ്ങൾ, അശ്ലീല സൈറ്റുകൾ, ടെലിവിഷൻ, സിനിമ മുതലായവയിലൂടെ പ്രചരിക്കുന്ന സെക്സും വയലൻസും സമൂഹത്തിലെ ബാലമനസ്സുകളെ വികൃതമാക്കുന്നതും വഴിതെറ്റിക്കുന്നതുമാണെന്ന് അറിയാത്തവരല്ല നമ്മുടെ ഭരണാധികാരികളും നിയമ നിർമാതാക്കളും. അത്തരം മാധ്യമങ്ങൾക്കെതിരെ ഒരു ചെറുവിരലനക്കാനോ നിയമം നിർമിക്കാനോ അവർ തയ്യാറല്ല. വാസ്തവത്തിൽ അത്തരം അശ്ലീലപ്രളയം നിയമം മൂലം ഇല്ലാതാക്കുകയാണ് ഇന്ന് അധികരിച്ചു വരുന്ന ലൈംഗിക കുറ്റങ്ങൾക്കെതിരെ പാർലമെന്റിന് ചെയ്യാൻ കഴിയുന്ന ഫലപ്രദമായ മാർഗം. മാലിന്യം പരിസരത്ത് കൂമ്പാരമായി വളരാൻ അനുവദിച്ചാൽ പട്ടികൾ അത് ഭക്ഷിക്കാൻ വരുക സ്വാഭാവികമാണ്. അപ്പോൾ പട്ടിശല്യം ആരോപിച്ച് അതിനെ കൊല്ലാൻ മാത്രം നിയമമുണ്ടാക്കുകയും മാലിന്യം നിർബാധം കുന്നുകൂടുന്നത് തടയാതിരിക്കുകയും ചെയ്താൽ സമൂഹവും വ്യക്തികളും സുരക്ഷിതരാവുകയോ ശുദ്ധീകരി ക്കപ്പെടുകയോ ചെയ്യുമോ? ലൈംഗികത യാതൊരു നിയന്ത്രണവുമില്ലാതെ കെട്ടഴിച്ചു വിടുന്ന സാഹചര്യം ബുദ്ധിപക്വത കൈവന്നിട്ടില്ലാത്ത ഒരു കൗമാരക്കാരനിൽ സൃഷ്ടിക്കുന്ന അനിയന്ത്രിതമായ ലൈംഗിക പ്രചോദനങ്ങളും കുറ്റവാസനയുള്ള കുട്ടികൾ അതിന്റെ സാക്ഷാത്ക്കാരത്തിനായി നടത്തുന്ന കുറ്റകൃത്യങ്ങളും എന്തുകൊണ്ട് ഭരണകൂടങ്ങളും പാർലമെന്റും അഭിമുഖീകരിക്കുന്നില്ല. കുട്ടികുറ്റവാളികളുടെ പ്രായപരിധി കുറക്കുന്നതിന് പകരം ഇത്തരം ലൈംഗിക അതിപ്രസരങ്ങളെ നിയമം മൂലം നിരോധിക്കാൻ പാർലമെന്റ് തയ്യാറാവുമോ എന്നതാണ് പ്രസക്തമായ ചോദ്യം. അതിന് ശ്രമിക്കാതെ അന്താരാഷ്ട്രാസമൂഹം സമഗ്രമായി തയ്യാറാക്കിയ ബാലാവകാശങ്ങളിലെ മൗലിക തത്വങ്ങളെ അപ്രസക്തമാക്കും വിധം ജനകീയ വികാരങ്ങളെ താൽക്കാലികമായി ശമിപ്പിക്കുന്ന നിയമ നിർമാണങ്ങൾ നടത്തുന്നത് ശരിയായ നിലപാടല്ല.

കുട്ടികുറ്റവാളികളെ സംബന്ധിച്ച എല്ലാ പഠനങ്ങളും അവരുടെ ദാരിദ്ര്യവും സ്നേഹ ശൂന്യമായ ജീവിത സാഹചര്യങ്ങളും ഒരു പ്രധാനഘടമായി ചൂണ്ടിക്കാട്ടുന്നു. ഒരു സ്ഥിതിവിവരക്കണക്ക് പ്രകാരം ഇന്ത്യയിൽ 20014 ൽ 48,230 കുട്ടികൾ കുറ്റാരോപിതരായി ജയിലുകളിൽ കഴിയുകയാണ്. അതിൽ 439 പേർ മാത്രമാണ് പ്രതിവർഷം 4 ലക്ഷത്തിന് മീതെ വരുമാനമുള്ള കുടുംബത്തിൽ നിന്നും വരുന്നവർ. 37,000 പേരും 138 രൂപക്ക് താഴെ പ്രതിദിനം വരുമാനമുള്ള ദരിദ്ര കുടുംബത്തിൽ നിന്നും വരുന്ന പട്ടിണിക്കാരായ തെരുവിന്റെ സന്തതികളാണ്. വിശക്കുന്ന വയറു മായി കിടന്നുങ്ങുകയും ജീവിതത്തിൽ നല്ലവസ്ത്രങ്ങൾ ധരിക്കാനോനല്ല ഭക്ഷണം ആഹരിക്കാനോ സ്കൂളിൽ പോവാനോ കഴിയാത്ത ഹതഭാഗ്യരായ കോടിക്കണക്കിന് കുട്ടികൾ നമ്മുടെ സമൂഹത്തിന്റെ പുറംമ്പോക്കിൽ ജീവിക്കുന്നു. ആഢംഭരത്തിന്റേയും സുഭിക്ഷതയയുടെയും ലൈംഗിക പ്രലോഭനങ്ങളുടെയും ആഘോഷങ്ങൾ ദിനേന ആർത്തിയോടെ കണ്ടുവളരുന്ന പക്വതയെത്തിയിട്ടില്ലാത്ത ഈ കുട്ടികളുടെ ഹൃദയങ്ങൾ ഇഛാഭംഗങ്ങളുടെയും നിരാശയുടേയും വൻശ്മശാനങ്ങളാണ്. നിഷ്ക്കളങ്കരായി പിറന്നു വീഴുന്ന ഇവർ ക്രിമിനലുകളായി തീരുന്നതിൽ നമ്മുടെ സമൂഹത്തിന് യാതൊരു പങ്കുമില്ലേ.? മനുഷ്യ ശിശുവിന്റെ പരിഗണന കിട്ടാതെ വളരുന്ന ഇവരുടെ ജീവിത സാഹചര്യം മാറ്റാൻ ഇക്കാലമത്രയും ഭരിച്ച നമ്മുടെ പാർലമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. കുട്ടികൾക്ക് പ്രാഥമികമായി ലഭിക്കേണ്ട സാമൂഹിക സൗകര്യങ്ങൾ മാറ്റുന്ന ഫലപ്രഥമായ നിയമങ്ങൾ നമ്മുടെ പാർലമെന്റ് നിർമിച്ചിരുന്നുവെങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾക്ക് തെല്ലെങ്കിലും ശമനമുണ്ടാകുമായിരുന്നു. കുറ്റകൃത്യങ്ങളെ പറ്റി പ്രശസ്തമായ ഒരു ആപ്തവാക്യമുണ്ട് 'Society prepares the crime, the criminal commits it 'സമൂഹം കുറ്റകൃത്യം തയ്യാറാക്കുന്നു, കുറ്റവാളി അത് നിർവഹിക്കുന്നു'. അപ്പോൾ കുറ്റം കുട്ടികളുടെ മാത്രം തലയിൽ കെട്ടിവെച്ച് നിയമം നിർമിക്കാൻ സാധിക്കുമോ?

അത്പോലെ ശിക്ഷ എന്ന നിലക്ക് കുട്ടികുറ്റവാളികളെ പുനരധിവസിപ്പിച്ച് സ്വഭാവ സംസ്ക്കരണം നടത്തുന്ന കാര്യവും സമൂഹം പരിഗണിക്കേണ്ട വിഷയമാണ്. കൊടുംകുറ്റവാളികളെ ജയിലുകളിൽ പാർപ്പിക്കുന്നത് കൊണ്ട് അവരിൽ യാതൊരുവിധ പരിവർത്തനവും ഉണ്ടാക്കുന്നില്ലെന്ന് മാത്രമല്ല ജയിലുകളിലെ അടഞ്ഞ മുറിയിൽ സഹകുറ്റവാളികളോടൊ പ്പമുള്ള സഹവാസം അവനെ കൂടുതൽ ദുർഗുണമുള്ളവനാക്കി തീർക്കുകയും ചെയ്യും. വാസ്തവത്തിൽ ഇതിന്നും ഖുർആൻ നമുക്ക് മാർഗനിർദേശം നൽകുന്നു. കുറ്റവാളികൾക്ക് പ്രത്യേകിച്ച് ലൈംഗിക കുറ്റം

ചെയ്യുന്ന കുറ്റവാളികൾക്ക് അടിശിക്ഷയാണ് ഖുർആൻ നിർദേശിച്ചത്. അടിശിക്ഷ പ്രാകൃതം എന്ന് പറഞ്ഞ് തള്ളുന്നപരിഷ്കൃത സമൂഹത്തിന് അടിശിക്ഷയിലെ യുക്തിപരതയെയും ഫലപ്രാപ്തിയേയും നിഷേധിക്കാൻ സാദ്ധ്യമല്ല. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിലനിൽക്കുന്ന ഈ അടി സമ്പ്രദായം എന്തു കൊണ്ട് കുറ്റവാളികളിൽ കൂടുതൽ വീര്യത്തോടെ പ്രയോഗിച്ചു കൂടാ? വാസ്തവത്തിൽ സ്കൂളുകളിൽ നിന്നും അടിശിക്ഷ പാടേ മാറ്റേണ്ടതാണ്.

മഹാനായ ചിന്തകനും നോവലിസ്റ്റുമായ ലിയോ ടോൾസ്റ്റോയ് തന്റെ ഒരു നോവലിൽ അടിശിക്ഷയെ യുക്തിസഹം എന്ന് പറഞ്ഞ് ശക്തമായി ന്യായീകരിച്ച കാര്യം സാന്ദർഭികമായി ഇവിടെ അനുസ്മരിക്കട്ടെ. ജയിലുകളിൽ കുറ്റവാളിയെ തീറ്റി പോറ്റുന്ന ചിലവ് കുറക്കാനും അത്‌വഴി സാധിക്കും. നിർഭയ കേസിലെ പ്രതിയെപോലെയുള്ള കൊടും കറ്റവാളികൾക്ക് പുനരധിവാസകാലത്ത് കുറ്റത്തിന്നനുസരിച്ച് ശരീരം അറിയും വിധമുള്ള അടിശിക്ഷ നൽകുയാണ് വേണ്ടത്. അല്ലാതെ വെറും മൂന്ന് വർഷം തടവ് നൽകി വിട്ടയക്കുന്ന രീതി ശരിയാണെന്ന് തോന്നുന്നില്ല. പുതിയ ബില്ലിൽ ഉള്ളത് പോലെ ശിക്ഷ പരമാവധി 7 വർഷമാക്കിയത് കൊണ്ടും കാര്യമില്ല. ശിക്ഷാകാലത്ത് ശരീരമറിയും വിധം ഇത്തരം കൊടുംകുറ്റവാളികളെ ശിക്ഷിക്കുന്നത് ഉചിതമായിരിക്കും ഒപ്പം സദ്ഗുണ ശിക്ഷണവും നൽകുക. അതായത് ശരീരേഛ കൊണ്ട് ചെയ്യുന്ന കുറ്റങ്ങൾക്ക് ശരീരത്തെ തന്നെ വേദനിപ്പിക്കുക. അതാണ് ആ ശിക്ഷയിലെ യുക്തി. ജയിൽ ശിക്ഷക്ക് ലൈംഗിക കുറ്റവുമായി യാതൊരു യുക്തി ബന്ധവുമില്ല.

പ്രായപൂർത്തി സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ പരാമർശം കൂടി പ്രതിപാദിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. പ്രായപൂർത്തിക്ക് നിദാനമായ വയസ് ഖുർആൻ പ്രതിപാദിച്ചിട്ടില്ല. അത് മനുഷ്യന്റെ തീർപ്പിന് അല്ലാഹു വിട്ടിരിക്കുകയാണ്. എങ്കിലും വിശുദ്ധ ഖുർആനിൽ നിന്നും പ്രായപൂർത്തിയെ പറ്റി രണ്ട് സങ്കൽപ്പങ്ങൾ ലഭ്യമാണ്. ഒന്ന് ലൈംഗിക പ്രായപൂർത്തി, രണ്ടാമത്തെത് ബുദ്ധിപരമായ പക്വതയുടെ പ്രായപൂർത്തിയാണ്. സൂറ: നൂറിൽ *‘വിശ്വസികളെ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവരും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്ത കുട്ടികളും (നിങ്ങളുടെ ശയന മുറികളിൽ പ്രവേശിക്കുന്നതിന് ) മൂന്നു സമയം സമ്മതം ചോദിക്കേണ്ടതാണ്....... നിങ്ങളിലുള്ള കുട്ടികൾ പ്രായപൂർത്തി എത്തിക്കഴിഞ്ഞാൽ അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചത് പോലെ അവരും സമ്മതം ചോദിക്കേണ്ടതാണ്. (സൂറ: നൂറ് 24:59)* ഇവിടെ പ്രായപൂർത്തിയെ സംബന്ധിച്ച് ‘ഹുലുമ’ എന്ന പദമാണ് ഖുർആൻ പ്രയോഗിച്ചുള്ളത്. അതായത് കുട്ടികളിൽ ലൈംഗികമായ തിരിച്ചറിവ് ഉണ്ടാവുന്ന ശാരീരിക പ്രായപൂർത്തി അഥവാ ലൈംഗിക പ്രായപൂർത്തിയെ സംബന്ധിച്ചാണ് ഖുർആൻ പ്രതിപാദിക്കുന്നത്. മറ്റൊരിടത്ത് സ്വത്ത് കൈകാര്യം ചെയ്യാനും വിവാഹം കഴിക്കാനുമുള്ള പ്രായത്തെ പറ്റിയും പ്രതിപാദി ക്കുമ്പോൾ, കൂടുതൽ പക്വതയും ഉത്തരവാദിത്വബോധത്തോടെയുള്ള പ്രായപൂർത്തിയെ പറ്റിയും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: *‘അനാഥരെ പരീക്ഷിച്ചു കൊണ്ടിരിക്കുക. അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ കാര്യങ്ങൾ തീരുമാനിക്കാനുള്ള പ്രാപ്തി (റുശ്ദൻ) കണ്ടറിയുന്നുണ്ടെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടുകൊടുക്കുക.’ (അന്നിസാഅ് 4:7)* ഇവിടെ സൂറ:

നൂറിലും സൂറ: അന്നിസായിലും പറഞ്ഞ പ്രായപൂർത്തി ഘട്ടങ്ങൾ സ്വാഭാവികമായും രണ്ട് വളർച്ചാ ഘട്ടങ്ങളിൽ സംഭവിക്കുന്നതാണ്. ഹുലുമ , റുശുദൻ എന്നീ രണ്ട് വ്യത്യസ്ത പദങ്ങളിലാണ് ഈ പ്രായപൂർത്തികളെ പറ്റി ഖുർആൻ പറഞ്ഞത്. ലൈംഗിക പൂർത്തി കൂടുതൽ നേരത്തെ സംഭവിക്കുമ്പോൾ വിവാഹ ജീവിതം നയിക്കാനും സ്വത്ത് കൈകാര്യം ചെയ്യാനുമുള്ള പ്രായപൂർത്തി അഥവാ ബുദ്ധിപരമായ പക്വത ലൈംഗിക പ്രായപൂർത്തിക്കഴിഞ്ഞ് കൗമാരക്കാരൻ കൂറച്ചുകൂടി വളരുമ്പോഴാണ് സംഭവിക്കുന്നത്. കുറ്റവാളിയായി പ്രഖ്യാപിക്കാനും ഈ വയസ്സ് അനിവാര്യമാണ്. ലൈംഗിക പ്രായപൂർത്തിയും ബുദ്ധിപരമായ പക്വതയുടെ പ്രായവും ഒന്നായി കാണുന്നത് ശരിയല്ല എന്നാണ് ഖുർആന്റെ ഈ വിശേഷണങ്ങൾ കൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നത്. ലൈംഗിക വികാരം പ്രകടിപ്പിക്കാൻ ശാരീരിക ശേഷികൈവരുന്ന പ്രായത്തെ അപേക്ഷിച്ച്, കരുതി കൂട്ടി നിശ്ചയിച്ചുറപ്പിച്ച് കുറ്റം ചെയ്യുന്ന ഒരാളുടെ പ്രായം ബുദ്ധിപരമായ പക്വത പ്രാപിക്കുന്ന ഉയർന്ന പ്രായമാണ്. ഈ ഉയർന്ന പ്രായത്തിൽ ചെയ്യുന്ന കുറ്റങ്ങൾ മാത്രമേ നിയപരമായി കുറ്റവാളിയായി പ്രഖ്യാപിക്കാൻ പാടുള്ളൂ. അതായത് ലൈംഗിക പൂർത്തിയുണ്ടാവുന്നതും ബുദ്ധിപരമായ പക്വത പ്രാപിച്ച് നിയമത്തിന്റെ ദൃഷ്ടിൽ കുറ്റവാളിയായി തീരുന്ന പ്രായവും രണ്ടായി തന്നെ കണക്കാക്കണമെന്നാണ് ഈ ഖുർആൻ വചനം താൽപര്യപ്പെടുന്നത്. ലൈംഗിക കുറ്റം കൃത്യം നടത്തിയത് കൊണ്ട് മാത്രം അവൻ മാനസികവും ബുദ്ധിപരവുമായ പക്വത നേടിയ കുറ്റവാളിയാണ് എന്ന വിലയിരുത്തൽ യുക്തിസഹമല്ല എന്ന് ചുരുക്കം. കുട്ടികൾ ഒരു രാജ്യത്തിന്റെ ഭാവിയുടെ വാഗ്ദാനമാണ്. അവരുടെ ക്ഷേമം സമൂഹത്തിന്റെ ക്ഷേമമാണ്. അവർ കറ്റവാളികയാവുന്നതിൽ സമൂഹത്തിനും ഒരു പങ്കുണ്ട് എന്ന യാഥാർഥ്യം നാം വിസ്മരിക്കരുത്.

# മതിപ്പ്

മുഹമ്മദ് ബശീർ
ഐരാപുരം

യൂസുഫ്
ഞാൻ അങ്ങയെ മതിക്കട്ടെ.

ഘോരവനത്തിലെ
കൂപാന്ധകാരത്തിൽ രാവിനു
കൂട്ടിരുന്നതിനല്ല,

ഇരുളു തുളക്കും
വന്യമിഴിത്തിളക്കത്തിൽ
കരളുലയാത്തതിനല്ല,

തള്ളിയ കരങ്ങൾ
താഴ്മയായിരന്നപ്പോൾ
തഴയാതിരുന്നതിനുമല്ല,

അധികാരദണ്ഡിന്റെ
വെള്ളിത്തിളക്കത്തിൽ,
ധിക്കാരം ധരിക്കാഞ്ഞതിനുമല്ല,

പിന്നെയോ?...

ഞാനെന്ന യൗവനം മതിക്കട്ടെ,
അങ്ങയുടെ കുപ്പായപിൻപുറം
കീറിയതിന്.




## അറിയിപ്പ്

2016 ജനുവരി മുതൽ സത്യദൂതൻ മാസികയുടെ വാർഷിക വരി സംഖ്യ 300 രൂപയും ഒരു കോപ്പി യുടെ വില 30 രൂപയും ആയി രിക്കുമെന്ന് അറിയിക്കുന്നു. മാന്യ വായനക്കാരുടെ സഹക രണം തുടർന്നും അഭ്യർഥി ക്കുന്നു.

–മാനേജർ

## സത്യദൂതൻ മാസിക– എഡിറ്റോറിയൽ ബോർഡ്

സദർ അൻജുമൻ അഹ്മദിയ്യാ പ്രസിദ്ധീകരണ വിഭാഗത്തിന്റെ അനുമതിയോടെ സത്യദൂതൻ മസിക യുടെ പുതിയ എഡിറ്റോറിയൽ ബോർഡ് നിലവിൽ വന്നു.

**ചീഫ് എഡിറ്റർ:** മൗലവി സുൽത്താൻ നസീർ, **എഡിറ്റർ** : എ. എം. മുഹമ്മദ് സലിം, **അംഗങ്ങൾ:** മൗലവി ആരിഫ് മുഹമ്മദ്, എച്ച്. സുലൈ മാൻ സാഹിബ്, ബി. എ. മുഹമ്മദ് നജുബ്, മുഹമ്മദ് സഫ്‌വാൻ, ഷറഫുദ്ദീൻ കണ്ണൂർ, ബി. ബി. അഹ് മദ് കബീർ

## ത്വാഹിർ ഹോമിയോ ക്ലിനിക്ക് പുതിയ കെട്ടിടത്തിലേക്ക്

മാത്തോട്ടം: 2008 മുതൽ കോഴി ക്കോട് മാത്തോട്ടം ജമാഅത്തിന് കീഴിൽ സൗജന്യമായി പ്രവർത്തി ച്ചു വരുന്ന ത്വാഹിർ ഹോമിയോ ക്ലിനിക്ക് പൊതുജനങ്ങൾക്ക് കൂടു തൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യ മാകാൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിരിക്കുന്നു. മാത്തോട്ടം അമീർ പി. എം. ബഷീർ സാഹി ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് ജില്ലാ അമീർ കെ എം. അഹ്മദ് കോയ സാഹിബ് പുതിയ കെട്ടിടത്തിലെ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ ഹിച്ചു. ആദ്യകാലങ്ങളിൽ ഡോ. റഹ്നാ സാഹിബ് ആണ് ക്ലിനി ക്കിൽ സേവന മനുഷ്ഠിച്ചിരുന്നത്. പുതിയ ക്ലിനിക്കിൽ അവരെ കൂടാതെ ഡോ. ശരീഫ് അഹ്മദ് സാഹിബിന്റേയും ഡോ. സുഹാനാ അശ്റഫ് സാഹിബയുടേയും സേവനം ലഭ്യമാണ്. ക്ലിനിക്ക് ആഴ് ച്ചയിൽ മൂന്ന് ദിവസം പ്രവർ ത്തിക്കും.

# മൂന്നാം ലോകമഹായുദ്ധം: ആശങ്കയേറുന്നു:

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ്



സമകാലീന ലോകസംഘർഷ ങ്ങൾ പൂർണതോതിലുള്ള ഒരു ലോക മഹായുദ്ധത്തിലേക്ക് നീങ്ങും എന്ന ശക്തമായ താക്കീത് ലോക നേതാക്കന്മാർക്കും ഭരണ കൂടങ്ങൾക്കും ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ഡിസംബർ 4-ാം തീയതി ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ നടത്തിയ ജുമാ ഖുത്ബയിൽ നൽകുകയുണ്ടായി. മുസ്‌ലിം നാടുകളും പാശ്ചാത്യ നാടുകളും ചെയ്യുന്ന കടുത്ത അനീതിയിൽ നിന്നാണ് ലോകത്തിന്റെ പ്രശ്നങ്ങൾ മുള പൊട്ടുന്നതെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. ലോകത്ത് ശാശ്വത ശാന്തി ഉണ്ടാവാൻ നിരന്തരം പ്രാർഥിച്ചു കൊണ്ടിരിക്കണമെന്നും, ലോകം അതിവേഗം ഒരു വൻ ദുരന്തത്തിലേക്ക് നടന്നടുക്കുമ്പോൾ പ്രത്യേകം ആത്മാർഥ പ്രാർഥനകൾ നടത്തേണ്ട സന്ദർഭമാണിതെന്നും ഹുസൂർ തിരുമനസ്സ് അഹ്മദികളെ ഓർമിപ്പിച്ചു. യുദ്ധമുണ്ടാക്കുന്ന വ്യാപകവും മാരകവുമായ നാശം പരാമർശിച്ചു കൊണ്ട് ഹുസൂർ പറഞ്ഞു:

***'മൂന്നാം ലോക മഹായുദ്ധം എപ്പോൾ വേണമെങ്കിലും ആരംഭിക്കാം എന്നതാണവസ്ഥ. ചെറിയ തോതിൽ മൂന്നാം ലോകമഹായുദ്ധം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നതാണ് വാസ്തവം. ഞാനിതിനെ പറ്റി വർഷങ്ങളായി താക്കീത് ചെയ്ത് കൊണ്ടിരിക്കയാണ്. ഇപ്പോഴാണ് വിശകലന വിദഗ്ധന്മാരും ലോക നേതാക്കന്മാരും ഈ സത്യം അംഗീകരിക്കാൻ തുടങ്ങിയത്.'***

ഇറാഖിലെയും സിറിയയിലേയും ഭീകര സംഘടനയായ ഐ എസ് ഐ സ് (ദായിശ്) നെതിരെയുള്ള ആകാശയുദ്ധത്തെ പറ്റി പരാമർശിക്കവേ ഖലീഫത്തുൽ മസീഹ് പറഞ്ഞു: '*ഭരണ കൂടങ്ങൾ ആകാശ യുദ്ധം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് ക്രൂരത കാട്ടുന്ന ഭീകരർക്കെതിരെ മാത്രമായിരിക്കണം. നിരപരാധികളായ ജനങ്ങൾക്കെതിരെ ആകരുത്.'* അദ്ദേഹം തുടരുന്നു:

***'സിറിയയിലെ ജനങ്ങൾ രക്ഷപ്പെടാനാവാത്തവിധം വലയം ചെയ്യപ്പെട്ടിരിക്കയാണ്. ഈ അരക്ഷിതാവസ്ഥ തിളച്ചു പൊങ്ങാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിനും മുമ്പായി അയൽ രാജ്യങ്ങൾ തദ്ദേശീയ ഭരണകൂടങ്ങളുമായി ഒന്നിച്ച് വളരെ മുമ്പ് തന്നെ യുദ്ധമില്ലാതാക്കാൻ പരിശ്രമിക്കേണ്ടതായിരുന്നു. തീർച്ചയായും അയൽ രാജ്യത്തെ മുസ്‌ലിം ഭരണകൂടങ്ങൾ യുദ്ധം അവസാനിപ്പിക്കാനുള്ള അവരുടെ കർത്തവ്യം നിർവഹിക്കുന്നതിൽ പരാജിതരായിരിക്കുന്നു.'***

ഇന്നത്തെ ഈ വർധിച്ചു വരുന്ന സംഘർഷത്തെ പരാമർശിച്ചു കൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: ***'ചില രാജ്യങ്ങൾ ദായിശുമായി കച്ചവടത്തിലേർപ്പെടുന്നു. അവരിൽ നിന്ന് എണ്ണ വാങ്ങുന്നു. തുർക്കിയെ പറ്റി റഷ്യ ഉന്നയിക്കുന്ന ആരോപണമാണിത്. തുർക്കി ഈ ആരോപണം നിഷേധിക്കുകയും ഈ ആരോപണം റഷ്യക്കെതിരെ ഉന്നയിക്കുകയും ചെയ്യുന്നു. സത്യം എവിടെ ആയിരുന്നാലും ദായിശുമായി എണ്ണ കച്ചവടം നടക്കുന്നു എന്ന എന്നകാര്യം യാഥാർഥ്യമാണ്. അതിലുപരി തുർക്കി റഷ്യയുടെ ഒരു വിമാനം വെടിവെച്ചിട്ടത് ശത്രുത കൂടുതൽ വർധിപ്പിച്ചിരിക്കയാണ്.'***

ഖലീഫ തിരുമനസ്സ് തുടരുന്നു.

***'ദായിശ് ഇറാഖിൽ നിന്നും സിറിയയിൽ നിന്നും പിൻവാങ്ങാൻ നിർബന്ധിക്കപ്പെടുകയാണെങ്കിൽ അവർ ലിബിയയിൽ ഒരു താവളം കെട്ടിപ്പടുക്കുന്നതാണ്. അപ്പോൾ ലിബിയയിലും അവർക്കെതിരെ ആകാശ യുദ്ധം തുടരുമെന്നത് വ്യക്തമാണ്. ഇറാഖിലും സിറിയയിലും ലിബിയയിലും അവിടെയുള്ള ഭരണ കൂടങ്ങളെ അവർ ഒന്നുകിൽ നീക്കം ചെയ്യുകയോ അല്ലെങ്കിൽ നീക്കം ചെയ്യാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയോ ചെയ്യും. നിർഭാഗ്യകരമെന്ന് പറയട്ടെ മുസ്‌ലിം രാജ്യങ്ങളും അവരുടെ സ്വന്തം നാടുകളിൽ ക്രൂരരും നീതി കെട്ടവരുമായാണ് പെരുമാറുന്നത്. ഇന്ന് ലോകത്ത് നിലനിൽക്കുന്ന അരാജകാവസ്ഥ അനീതിയുടെ ഫലമാണ്.'*** ഖലീഫത്തുൽ മസീഹ് തുടരുന്നു:

***'ലോകം ഇന്നഭിമുഖീകരിക്കുന്ന അരക്ഷിതാവസ്ഥക്ക് മുന്നിലും മുസ്‌ലിം രാജ്യങ്ങളോ മറ്റു രാജ്യങ്ങളോ നീതി പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെപറ്റി ബോധവാന്മാരല്ല. ദായിശ് എന്ന ഭീകര സംഘടനയുടെ കിരാതമായ ഭീകരതയെ പരാജയപ്പെടുത്തിയാൽ പോലും***

***സമാധാനം ഉടൻ നിലവിൽ വരുമെന്ന് പറയാനാവില്ല. ചില വസ്തുതകൾ നൽകുന്ന സൂചന പ്രകാരം പാശ്ചാത്യ നാടുകളും റഷ്യയും തമ്മിലുള്ള വിഭാഗീയതയും യുദ്ധ സന്നാഹങ്ങളും ഒരു സംഘർഷം എന്നതിലുപരി യുദ്ധമായി രൂപാന്തരപ്പെടാനാണ് സാദ്ധ്യത. ഇതിന്റെ ഫലമായി നിരപരാധികളായ പൊതുജനങ്ങൾക്കായിരിക്കും കൂടുതൽ ജീവഹാനിയും നഷ്ടവും സംഭവിക്കുക.***

***ലോകം അതീവ ഗുരുതരമായൊരു സാഹചര്യത്തിലാണുള്ളത്. നാം എപ്പോഴും പ്രാർഥനയിൽ നമ്രശിരസ്ക്കരായിരിക്കുക. സർവശക്തനായ അല്ലാഹു ഈ ലോകത്തെ എല്ലാവിധ നാശത്തിൽ നിന്നും രക്ഷിക്കുകയും ലോകനേതാക്കന്മാർക്ക് വിവേകത്തോടെയും നീതിപൂർവവും പ്രവർത്തിക്കാൻ സാധിക്കുകയും ചെയ്യുമാറാകട്ടെ***

# അനുസ്മരണം

## കെ. എം. മൊയ്തീൻ കുട്ടി



കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ ജമാഅത്തിലെ സജീവാംഗമായിരുന്ന ജനാബ് കെ. എം. മൊയ്തീൻ കുട്ടി സാഹിബ് ഡിസംബർ 23-ന് വഫാത്തായി. ഇന്നാലില്ലാഹി.. കൊടുങ്ങല്ലൂർ ജമാഅത്തിൽ നിന്നും പത്തു കിലോമീറ്റർ ദൂരത്തുള്ള യാഥാസ്ഥിക സുന്നികളുടെ ഗ്രാമമായ പതിയാശ്ശേരിയിൽ തബ്‌ലീഗുമാമെത്തിയ കൊടുങ്ങല്ലൂർ യൂസുഫ് സാഹിബ്, വീരാൻ സാഹിബ് എന്നിവരുമായി നടത്തിയ ആശയ സംഘട്ടനവും പ്രാർഥനാ സമരവെല്ലുവിളിയും ചേകന്നൂർ ആശയാദർശങ്ങളോട് അനുഭാവം പുലർത്തിയ പരേതനെ അഹ്മദിയ്യാ ജമാഅത്തിനെകുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചു. തുടർന്ന് 2001 ജനുവരിയിൽ കോഴിക്കോട് ജമാഅത്തിൽ വച്ച് ബൈഅത്ത് ചെയ്തു. ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നേപ്പോഴും തന്റെ ആദർശത്തിൽ ഉറച്ചു നിന്നു. ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും വളരെയധികം സ്നേഹവും കൂറും പുലർത്തുകയും ചെയ്തിരുന്നു. തബ്‌ലീഗിൽ അതീവ തൽപ്പരനായിരുന്ന പരേതൻ മരണ ശയ്യയിൽ പോലും അഹ്മദിയ്യാ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. സെക്രട്ടറി ഇസ്‌ലാഹ് വഇർഷാദ്, സയിം അൻസാറുല്ലാഹ് എന്നീ നിലകളിലും സേവനം ചെയ്തിട്ടുള്ള അദ്ദേഹം മൂസിയായിരുന്നു. ഭാര്യ ഫാത്ത്വിമ ബീവി. മക്കൾ: ഷിനീർ, സാജിദ, ഷജ്‌ല. മരുമക്കൾ: മൗലവി ടി. മുഹമ്മദ് മൻസിൽ, ഷരീഫ് കോഴിക്കോട്, താഹിറ മുറിയക്കണ്ണി.

**-ടി. മുഹമ്മദ് മൻസിൽ**

## എം. എച്ച്. ടി ഇമ്പിച്ചമ്മു



കോഴിക്കോട് ജമാഅത്ത് പുത്തൂർ മഠം ഹൽഖാ അംഗമായ എം. എച്ച്. ടി ഇമ്പിച്ചമ്മു സാഹിബ് (66) സെപ്തംബർ മാസം 6-ാം തീയതി ഞായറാഴ്ച്ച രാവിലെ വഫാത്തായി.

ഇന്നാലില്ലാഹി വഇന്നാലില്ലാഹി...... 1980 കാലഘട്ടത്തിൽ ബൈഅത്ത് ചെയ്ത ഇമ്പിച്ചമ്മു സാഹിബ് തബ്‌ലീഗ് കാര്യങ്ങളിൽ അതീവ തൽപരനായിരുന്നു. അസുഖം മൂർധന്യ ദശയിൽ എത്തിയപ്പോഴും തബ്‌ലീഗ് കാര്യങ്ങളിൽ അദ്ദേഹം മുഴുകിയിരുന്നു. അദ്ദേഹം മുഖേന ഒട്ടനവധിപേർ കോഴിക്കോട്ടും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുമായി ബൈഅത്ത് ചെയ്തിട്ടുണ്ട്. പഴയ കാല മുസ്‌ലിം ലീഗ് പ്രവർത്തകനും നല്ലൊരു പ്രാസംഗികനുമായിരുന്നു അദ്ദേഹം. പുത്തൂർ മഠത്തിൽ ഒരു ജമാഅത്ത് രൂപീകരിക്കുക എന്നത് അദ്ദേഹത്തിന്റെ ഒരു ആഗ്രഹമായിരുന്നു. എന്നാൽ പൂത്തൂർ മഠത്തിൽ ഇപ്പോൾ ഒരു ഹൽഖ സ്ഥാപിതമായിട്ടുണ്ട്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി പരലോക ജീവിതം അനുഗൃഹീതമാക്കട്ടെ. ഭാര്യമാർ: ഖദീജ, മുബാറക്ക്, മക്കൾ: മുഹമ്മദലി, സഊദാ ബീബി, ഹസ്സൻ കോയ, ആബിദാ ബീബി, നസീർ ഹുസൈൻ. മരുമക്കൾ: തസ്‌ലി, മുഹമ്മദ്, സറീന, അഫ്സൽ മഹ്മൂദ്, ഷഫീല, നിഹാസ്.

## അബ്ദുസമദ്



കൂടാളി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ദീർഘകാലം പ്രസിഡന്റായിരുന്ന മർഹൂം വി. പി. അബ്ദുൽജലീൽ സാഹിബിന്റെ മകൻ അബ്ദുസ്സമദ് (56) കോഴിക്കോട് കാരപ്പറമ്പിൽ നിര്യാതനായി. ഇന്നാലില്ലാഹി...

മാതാവ് ഇ. വി. ഫാത്തിമ. ഭാര്യ നസീമ (കാരപ്പറമ്പ്) മക്കൾ: അസീം, നുസ്‌ല, ഇസാം. സഹോദരങ്ങൾ. അബ്ദുൽ വാഹിദ്, അബ്ദുൽ മാലിക്, സാഹിദ, ആബിദ, സറീന, മെഹ്ബൂബ. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**-തൻവീർ കൂടാളി**

## അനുസ്മരണം



### വി. എ. മുഹമ്മദ് മാസ്റ്റർ

കാക്കനാട് ജമാഅത്തിലെ ആദ്യ കാല അഹ്മദികളിൽ ഒരാളായ വി.എ. മുഹമ്മദ് മാസ്റ്റർ (75 വയസ്സ്) ഡിസംബർ 27ന് നിര്യാതനായി. (ഇന്നാലില്ലാഹി....)

സൗമ്യനും മിതഭാഷിയും ലളിത ജീവിതത്തിന്റെ പ്രയോക്താവുമായിരുന്ന അദ്ദേഹം എറണാകുളം മേഖല ഖാളിയും കാക്കനാട് ജമാഅത്ത് പ്രസിഡന്റുമായിസേവനം അനുഷ്ഠിച്ചിരുന്നു. മരണപ്പെടുമ്പോൾ ജമാഅത്തിന്റെ മാൽ, ജായിദാദ് സെക്രട്ടറിയായും പ്രവർത്തിച്ചു വരുകയായിരുന്നു. ഇമാമുസ്സലാത്തുമായിരുന്നു.

1985ൽ തന്റെമഹല്ലായ കാക്കനാട് പടമുഗൾമുസ്‌ലിംജമാഅത്ത്മഹല്ലിന്റെ ജനറൽസെക്രട്ടറിയായി പ്രവർത്തിച്ചു വരുമ്പോഴായിരുന്നു മുഹമ്മദ് മാസ്റ്റർ അഹ്മദീയ മുസ്‌ലിംജമാഅത്തിലേക്ക്



ഡിസംബർ 4 മുതൽ 13 വരെ എറണാകുളത്ത് നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ബുക്ക് സ്റ്റാൾ

ബൈഅത്ത്ചെയ്ത് പ്രവേശിച്ചത്. കാക്കനാടിൽ അഹ്മദിയ്യത്ത് വളരുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി നിർണായകമായ പങ്കാണ്അദ്ദേഹം വഹിച്ചിട്ടുള്ളത്. കാക്കനാട് ജമാഅത്തിനു വേണ്ടി സ്ഥലംവാങ്ങുന്നതിലും അതു പോലെ പള്ളി നിർമാണത്തിലുമെല്ലാം അദ്ദേഹം പ്രകടിപ്പിച്ച ആവേശവും നിശ്ചയദാർഢ്യവും എടുത്തു പറയേണ്ട ഒന്നാണ്.

കാക്കനാട് ജമാഅത്തിലെആദ്യത്തെ മൂസിയായിരുന്ന അദ്ദേഹം ഖിലാഫത്തിനോടുള്ള അനുസരണത്തിൽ മുൻപന്തിയിലാകാൻ എന്നും ശ്രമിച്ചിരുന്നു. അറബി ഭാഷയിൽ പ്രാവീണ്യമുണ്ടായിരുന്ന അദ്ദേഹം മസീഹ് മൗഊദിന്റെ ഖസീദകൾ പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യുമായിരുന്നു, ജമാഅത്തായി നമസ്കരിക്കുന്നതിൽ പ്രത്യേക അഭിനിവേശം പ്രകടിപ്പിച്ചിരുന്നു. കാക്കനാട് ജമാഅത്ത് മദ്രസ്സയിൽകുട്ടികൾക്ക് ക്ലാസ്സെടുക്കാറുണ്ടായിരുന്നു. അറബി അദ്ധ്യാപകനായിവിരമിച്ച അദ്ദേഹം നിരവധി ശിഷ്യഗണങ്ങൾക്കുടമയുമായിരുന്നു.

അല്ലാഹുഅദ്ദേഹത്തിനു മഗ്ഫിറത്തും ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനവും നൽകട്ടെ. കുടുംബാംഗങ്ങൾക്കും സഹനവും ക്ഷമയും പ്രദാനവും ചെയ്യട്ടെ.(ആമീൻ)

ഭാര്യ: നഫീസ മുഹമ്മദ്, മക്കൾ: ഫാറൂഖ്സൽമാൻ, മാലിക്അമീൻ, മുഹമ്മദ് നജീബ് ഖാൻ (മുബല്ലിഗ്, ദഅ്വത്തെ ഇലല്ലാഹ്,), ജാസ്മിൻ, മുഹമ്മദ് സഫ്വാൻ (ജില്ലാഖാഇദ്, എറണാകുളം)മരുമക്കൾ: റംല, ഷമീന, ബുഷ്റ,അബൂബക്കർ, നാസിറ

**-മാലിക്ക് അമീൻ, കാക്കനാട്**

## അനുസ്മരണം

കോഴിക്കോട് ജമാഅത്തിലെ പ്രമുഖാംഗവും സജീവ ജമാഅത്ത് പ്രവർത്തകനുമായ ഈസക്കോയാ സാഹിബ് ഡിസംബർ 17-ാം തീയതി കോഴിക്കോട്ട് വെച്ച് വഫാത്തായി. ഇന്നാലില്ലാഹി..

കോഴിക്കോട്ടെ ആദ്യ കാല അഹ്മദിയായ കോഴിയോടൻ വീട്ടിൽ മൊയ്തീൻ കോയ സാഹിബിന്റേയും മറിയുമ്മ സാഹിബയുടെയും മകനായാണ് ഈസക്കോയ 1940 ൽ ജനിച്ചത്. പ്രശസ്തനായ ശാസ്ത്രാദ്ധ്യാപകനായ അദ്ദേഹം കോഴിക്കോട് ഹിമായത്തുൽ ഇസ്‌ലാം എം എം ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



### ഈസക്കോയാ

കോഴിക്കോട്ടെ മുസ്‌ലിം സമൂഹത്തിൽ വിപുലമായ ഒരു ശിഷ്യവൃന്ദം ഈസക്കോയ സാഹിബിനുണ്ടായിരുന്നു. ദീർഘകാലം പ്രവാസ ജീവിതം നയിച്ച് തിരിച്ചു വന്ന അദ്ദേഹം കോഴിക്കോട്ടെ പാവങ്ങാട് എം ഇ എസ് റസിഡൻഷ്യൽ സ്കൂളിൽ വൈസ് പ്രിൻസിപ്പൽ ആയിരുന്നു. സത്യദൂതനിൽ നിരവധി വിവർത്തനങ്ങളും ലേഖനങ്ങളും അദ്ദേഹം എഴു തിയിട്ടുണ്ട്. നല്ലൊരു പ്രഭാഷകനുമായിരുന്ന ഈസക്കോയ സാഹിബ് ശാസ്ത്ര വിഷയങ്ങളിൽ തൽപ്പരനായിരുന്നു. അനുഗൃഹീത ശബ്ദത്തിനുടമയുമായിരുന്ന അദ്ദേഹം ജമാഅത്തിന്റെ നിരവധി സമ്മേളനങ്ങളിൽ അനൗൺസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് ജമാഅത്തിൽ ഖായിദ്, സഈം അൻസാറുല്ലാഹ് തഅ്ലീം സെക്രട്ടറി മുതലായ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. പരേതന്ന് അല്ലാഹു ജന്നത്തും മഅ്ഫറത്തും നൽകി അനുഗ്രഹിക്കട്ടെ.

*-ഡോ. സലാഹുദ്ദീൻ സാഹിബ്.*

Published on 7 January 2016

Vol: 88 Issue. 1
Price Rs. **30/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
**The Sathyadoothan Monthly**

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)